ശ്രീ.

ഭൂലോക വിജ്ഞാനീയം.

ആഞ്ജനേയന്റെ അബ്ധിലംഘനം.

ഗ്രന്ഥകർത്താ,
അമ്പലപ്പുഴ, വെങ്കിടേശ്വര ശർമ്മാ.
113 കുംഭം 8-ാംനു എഴുതിയതു്,

പ്രസാധകൻ,
എൽ. സുബ്രായപ്പൈ.
ഭാഷാവിലാസം പ്രസ്സ് & ബുക്ക്ഡിപ്പോ,
കോഴഞ്ചേരി,
1114.

ഒന്നാംപതിപ്പ് കോപ്പി 1000.

ഗ്രന്ഥകർത്താവിന്റെയും പ്രസാധകന്റെയും മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതം

ശ്രീ.

മുഖവുരം.

ഏറിയൊരുകാലം സരസ്വതീരംഗമായും ലോക ഗുരുക്കന്മാരുടെ പ്രസംഗപീഠമായും പ്രശോഭിച്ചിരുന്ന ഭാരത ഭൂമി, ഇദാനീന്തനന്മാരുടെ കാലത്തു് മറ്റെല്ലാവിഷയങ്ങളിലും എന്നതുപോലെ, വിദ്യാസമ്പത്തിലും അധമർണ്ണത്വവും പാരതന്ത്ര്യവും പ്രാപിച്ചുപോയതു്, തത്സന്താനങ്ങൾക്കു് ഒട്ടുംതന്നെ അഭിലഷണീയമായ ഒരവസ്ഥയല്ല. ഈ ദയനീയസ്ഥിതിയെ പരിഹരിക്കാൻ പല ഭഗീരഥപ്രയത്നങ്ങളും നടന്നുവരുന്നുണ്ടെങ്കിലും, അവയെല്ലാം രോഗനിദാനം ഗ്രഹിക്കാത്ത ചികിത്സപോലെ, പ്രയോജനശൂന്യമായും വിപരീതഫലപ്രദമായും ആണു് കലാശിക്കുന്നതു്. കൈമുതൽ സൂക്ഷിക്കാതെ ദുർവ്യയം ചെയ്യുന്നതു് ദാരിദ്ര്യനിദാനമായിരിക്കുംപോലെ, ഭാരതീയരുടെ പൊതുസ്വത്തായ ജ്ഞാനഭണ്ഡാരം നിക്ഷിപ്തമായിരിക്കുന്ന, സംസ്കൃതസാഹിത്യത്തെ അനാദരിച്ചു നശിപ്പിക്കുന്നതാണു്, ഇന്നത്തെ ജ്ഞാനദാരിദ്ര്യത്തിനും വിദ്യാപാരതന്ത്ര്യത്തിനും ഹേതുവായിതീർന്നിട്ടുള്ളതെന്നു പലരും സ്മരിക്കപോലും ചെയ്യാറില്ല. പോരെങ്കിൽ, പട്ടിണിനിമിത്തം സർവാംഗം തളർന്നു മോഹാലസ്യപ്പെട്ടുകിടക്കുന്ന രോഗി മരിച്ചുപോയി എന്നു നിശ്ശങ്കം വിധികല്പിക്കുന്ന ചില ഡാക്ടറന്മാരെപ്പോലെ, "സംസ്കൃതം മൃതഭാഷ"യാണെന്നു് കല്പിച്ചിട്ടുള്ള വിദേശ്യവിദ്വാന്മാരുടെ വിധിക്കു വിപരീതമായി വല്ലതും ചെയ്തുപോയാൽ, അവനവന്റെ പാണ്ഡിത്യപ്രശസ്തിക്കു് ഭംഗം നേരിടുമെന്നു് ശങ്കിച്ചിട്ടോ; ആവോ, ഭാരതീയമേധാവികൾ തന്നെ അതിനെ വാസ്തവത്തിൽ "മൃതഭാഷയാക്കി"ത്തീർക്കാൻ കച്ചകെട്ടിപ്പുറപ്പെട്ടിരിക്കുന്നതായി കാണുന്നു. സംസ്കൃതവിദ്വാന്മാൎക്കു് വിദേശ ഭാഷാപടുക്കൾക്കു തുല്യമാന രാഷ്ട്രീയ ഗൗരവം നൽകപ്പെടുന്നില്ല. അവൎക്കുള്ള ഉപജീ

വനമാർഗ്ഗം നാൾക്കുനാൾ ക്ഷയിപ്പിക്കപ്പെട്ടുവരുന്നു. ഇൻഡ്യയ്ക്കു് എന്നുമാത്രമല്ല ലോകമൊട്ടുക്കു്, ഏതുകാലത്തും ലയമില്ലാത്ത ഒരു പൊതുഭാഷയായിരിക്കാൻ സംസ്കൃതത്തിനുള്ള അവകാശത്തെ നിരാകരിച്ചു്, തൽസ്ഥാനത്തിൽ മറ്റൊന്നിനെ വെച്ചു വാഴിക്കാൻ മഹായത്നങ്ങൾ ചെയ്തുവരുന്നു. ആശയം കൊണ്ടും ആകൃതി കൊണ്ടും ലോകത്തിലെ സകലഭാഷകൾക്കും ഊററുണങ്ങാതെ നിത്യപോഷണം നൾകി വരുന്നതും, അഭിപ്രായസാമ്യത്താൽ എന്നും ഭാരതീയരെ മുഴുവൻ ഐകമത്യത്തിൽ ഘടിപ്പിക്കാൻ പ്രാപ്തിയുള്ളതും, മതകാര്യത്തിൽ ഇന്നും കാശ്മീരം മുതൽ കന്യാകുമാരിവരെയുള്ള സകലരും അദ്വിതീയമായി–അപരിഹാര്യമായി–അംഗീകരിച്ചിട്ടുള്ളതും, ആയ ആ ദിവ്യഭാഷയും അതിലെ അമൂല്യ സാഹിത്യവും, ഇതാ സ്വന്തജന്മഭൂമിയെ വിട്ടു നിഷ്കാസനം ചെയ്വാനുള്ള ദിക്കിലായി തീർന്നിരിക്കുന്നു.

എന്നാൽ ഈ വിധത്തിലുള്ള വിക്രിയകൾക്കെല്ലാം ചില കാരണങ്ങളും ഇല്ലെന്നു പറവാൻ പാടില്ല. അവയിൽ മുഖ്യമായിട്ടുള്ളതു്, ആ ഭാഷയേയും അതിൽ പ്രതിപാതിതങ്ങളായ വിഷയങ്ങളേയും ശരിയായി ഗ്രഹിക്കാനുള്ള വൈഷമ്യംതന്നെ. പ്രയത്നത്താൽ ഇതുപരിഹരിക്കാമെന്നുള്ളതുനിരാക്ഷേപമാണു്. പക്ഷെ അതിനുത്സാഹം തോന്നാതെയിരിക്കത്തക്കവണ്ണം, ആ സാഹിത്യത്തിൽ അസംബന്ധങ്ങളും അബദ്ധങ്ങളും ആയി ഒട്ടു വളരെ ഉണ്ടെന്നും, അതെല്ലാം നീക്കിയാൽ ബാക്കിവരുന്നതു വളരെ പ്രയാസമാണെന്നും, ഉള്ള ഒരു ധാരണ ഇന്നത്തെ മനുഷ്യബുദ്ധിയെ ബലമായി പിടികൂടിയിരിക്കുന്നു. "പുത്തരിയിൽ കല്ലുകടിക്കും" പോലെ, ആരംഭത്തിൽ തന്നെ ഈ തോന്നലുണ്ടായാൽ, പിന്നീടു് ആ സാഹിത്യത്തിൽ പരിശ്രമം ചെയ്വാൻ ആർക്കും തൃപ്തിയുണ്ടാകുന്നതല്ല. വിപുലമായ ഈ ദോഷത്തെ നിവാരണം ചെയ്വാനായി, ആ സാഹിത്യത്തിന്റെ തത്വമറിഞ്ഞ മേധാവികൾ ഒത്തൊരുമിച്ചു യത്നം ചെയ്യേണ്ടകാലമാണി

ത്തു്. ആ വിധത്തിലുള്ള ശ്രമം ചെയ്താൽ ഫലം ശൂന്യമായിരിക്കയില്ലെന്നു കാണിക്കാൻ, ഈ ഗ്രന്ഥകൎത്താവിന്റെ മുപ്പത്തുകൊല്ലത്തെ പരിമിതയത്നംകൊണ്ടുവിരചിക്കാൻ സാദ്ധ്യമായ "ഭൂലോകവിജ്ഞാനീയം" എന്ന പൌരാണിക ഭൂവിവരണ ഗ്രന്ഥത്തിലെക്കു് അഭിജ്ഞന്മാരുടെ ശ്രദ്ധയെ ക്ഷണിക്കമാത്രമാണു് ഇപ്പോൾ ചെയ്യുന്നതു്. പൌരാണിക ഭൂവിവരണത്തിന്റെ പ്രാഥമികമായ സാമാന്യജ്ഞാനംകൊണ്ടു്, പ്രപഞ്ചത്തോളം തന്നെ പുരാണമായ പുരാണസാഹിത്യത്തിൽ, ചരിത്രകാരന്റെ മാനദണ്ഡവും ശാസ്ത്രജ്ഞന്റെ പരിശോധനാ പ്രദീപവും കൈയിലുള്ളവൎക്കു് സ്വൈരപൎയ്യടനം ചെയ്‌വാൻ എത്രമാത്രം സാധിക്കും എന്നുകാണിക്കാനായി, ആ കൃതിയുടെ ഒരു അനുബന്ധമൊ പ്രായോഗിക പരിക്ഷണമൊ ആയി ഗണിക്കാവുന്ന, "ആഞ്ജനേയന്റെ അബ്ധിലംഘനം" എന്ന ഈ ഖണ്ഡകൃതിയെ സഹൃദയന്മാരുടെമുമ്പിൽ പ്രവേശിപ്പിച്ചുകൊള്ളുന്നു. ഇക്കൂട്ടത്തിൽ ഭൂലോകവിജ്ഞാനീയത്തിന്റെ കൈയ്യെഴുത്തുപ്രതി നോക്കി അഭിനന്ദിക്കാൻ ഇടയായിട്ടുള്ള മഹാശയന്മാരുടെ പ്രശംസാപത്രങ്ങളിൽ ചിലതും മുദ്രണം ചെയ്തുചേൎത്തിട്ടുള്ളതു് ദോഷജ്ഞന്മാരുടെ ദൃഷ്ടിക്കു് അവിഹിതമായിരിക്കയില്ലന്നു തന്നെ വിശ്വസിച്ചുകൊള്ളുന്നു.

അമ്പലപ്പുഴ.
4 — 9 — 114.

കെ. വെങ്കിടേശ്വരശൎമ്മ.
ഗ്രന്ഥകൎത്താ.

അഭിപ്രായങ്ങൾ.

(1)

മഹാരാജമാന്യരാജശ്രീ രാമവർമ്മ അപ്പൻ തമ്പുരാൻ തിരുമനസ്സിലെ അഭിപ്രായം.

അമ്പലപ്പുഴ വെങ്കടേശ്വരശർമ്മയുടെ "ഭൂലോക വിജ്ഞാനീയം" എന്ന ഗ്രന്ഥത്തിൻെറ കയ്യെഴുത്തു പകർപ്പ് അതിൻെറ സ്വരൂപജ്ഞാനം സമ്പാദിക്കുവാൻ വേണ്ടിടത്തോളം ശ്രദ്ധവെച്ച് ഞാൻ വായിച്ചുനോക്കി. അതിലേ ഭാഷ ലളിതവും അവർജ്ജനീയകവും, വിഷയം സുഗമവും വിജ്ഞേയവും ആണെന്നുള്ളതു് നിർവ്വിവാദമാണു്. ഗ്രന്ഥകാരൻെറ പ്രയത്നം പ്രശംസനീയവും ആകുന്നു.

ഭൂലോകത്തിൻെറ സ്വരൂപം പുരാണരീത്യാ പരിശോധിച്ച് ആധുനിക ബോധത്തോടു് എത്രത്തോളം യോജിക്കുന്നുണ്ടെന്നു ഗവേഷണം ചെയ്തു് പുരാണമതത്തെ പ്രമാണസഹിതം സമർത്ഥിക്കുകയാകുന്നു ഇതിൻെറ പ്രയോജനം. ഇതു സാധിക്കുവാനുള്ള പ്രയത്നം എത്രത്തോളം ഉപകാരപ്രദവും എന്നാൽ ചിരപരിശ്രമസാദ്ധ്യവുമാണെന്നു് ആ ഗ്രന്ഥം വായിക്കുന്നവർക്കു് സുസ്പഷ്ടമാവുന്നതാണു്.

കാലകാലാന്തരംകൊണ്ടു് ഭൂപ്രകൃതിയും ദേശനാമങ്ങളും മാറി മാറി ഇപ്പോഴത്തെ സ്ഥിതിയിൽ വന്നുചേർന്നിട്ടുള്ള നമ്മുടെ ഭൂലോകത്തെപ്പററി പുരാണമഹർഷികളുടെ കണ്ണുകളേക്കൊണ്ടു കാണുന്നതു് ക്ഷിപ്രസാദ്ധ്യമല്ലെന്നു് എല്ലാവർക്കും അറിയാവുന്നതാണല്ലോ. എന്നാൽ അതിനെ ഈ മട്ടിൽക്കൊണ്ടുകെട്ടിയതു് ആശ്ചര്യകരവും ശർമ്മയുടെ ക്ഷമാബലത്തിൻെറയും സ്വദേശസ്നേഹത്തിൻെറയും അതിരററ പ്രാബല്യത്തിൻെറ സൂചകവുമാണെന്നു് ഞാൻ വിചാരിക്കുന്നു.

ലോകകാരുണികന്മാരായ നമ്മുടെ പൂർവ്വമഹർഷിപ്രവര ന്മാരുടെ ലോകോപകാരത്തിനായി നിസ്സ്വാർത്ഥവും നിരന്തര വുമായുള്ള പരിശ്രമം, ഈ ഗ്രന്ഥത്തിലെ പ്രസ്താവനയിൽ പറ ഞ്ഞിട്ടുള്ളതുപോലെ വിശ്വാസവിരളമായ ആധുനികകാലത്തി ന്, വിശേഷിച്ച് ബാലവിദ്യാർത്ഥികളുടെ മനസ്സംസ്കാരപ രിണാമത്തിന്, അത്യന്തം ഉപകാരപ്രദമായിത്തീരുന്നതാണ്. അവശ്യം അവർ അറിഞ്ഞിരിക്കേണ്ടതും ആണ്.

എന്ന്,

രാമവർമ്മഅപ്പൻതമ്പുരാൻ (ഒപ്പ്)

(2)

Prince Kerala Varma,
B. A. B. L.
Ammaman Thamburan.

എറണാകുളം,
1110—7—16.

ശ്രീ.

ബ്രഹ്മശ്രീ വെങ്കടേശ്വരശർമ്മ അവർകളുടെ ഭൂഗോള വിവരണമായ കൃതിയിൽനിന്നും ചില ഭാഗം ഞാൻ വായിച്ചു കേൾക്കുകയുണ്ടായി. അശ്രാന്തമായ പരിശ്രമവും, അപരിമിത മായ മനോധർമ്മവും ഞാൻ കേട്ട ഭാഗത്തിൽ ഭംഗിയായി പ്രതി ബിംബിച്ചുകാണുന്നുണ്ട്. പ്രതിപാദന രീതി വളരെ ശാസ്ത്രീ യവും, എന്നാൽ ഒട്ടുംതന്നെ ശുഷ്കമല്ലെന്നു തന്നെയല്ല, വ ളരെ രസാവഹവും ആയിട്ടുണ്ടെന്ന് നിസ്സംശയം പറയാം. കൃത്യാന്തരത്താൽ അല്പം മാത്രമെ വായിച്ചുകേൾക്കുവാൻ എനി ക്കു സമയമുണ്ടായുള്ളു. ക്ഷിതിയെ വഹിച്ചുകൊണ്ടുള്ള വരാഹ മൂർത്തിയുടെ രൂപം ലേഖനം ചെയ്തിട്ടുള്ളതും ലങ്കയുടെ സ്ഥാന നിർണ്ണയനവും മററും "അസ്സലാ"യിട്ടുണ്ടെന്നു പറയാതെ തരമില്ല. അദ്ദേഹത്തിന്റെ ഈ ഭഗീരഥപ്രയത്നത്തിന് സർവ്വവിധമായ ആശിസ്സും ആശംസിച്ചുകൊള്ളുന്നു.

(ഒപ്പ്)

(3)

Retired Principal. Udayanapuram, Vaikom.
Maharaja's College, Ernakulam. 15—7—110.

Mr. Venkataswara sarma came to me two days ago, with a note of introduction from a friend, for the purpose of showing me some of the articles of a series which he had composed in Malayalam. Probably my friend had told him that I was interested in Archeology and kindred subjects.

The first of the articles that I read referred to the spherical shape of the earth. Of course it tickled me but I felt that the author was only trying to read modern ideas into ancient sanskrit verses. As I read on, the essays began to grip me and I frequently paused in my reading to turn and look at the man and admire his mental calibre. It occurred to me that I was reading, not an amateur's literary effusion, but the product of a mater's brain.

The writer has bestowed immense thought and attention upon his subjects and has dealt with the matter in hand as fully and skilfully as the materials at his disposal would admit of. There will be people who will not be ready to accept his views on various points without demur. I am one such. I, however, cheerfully and gratefully acknowledge that the amount of erurdtion and ingennity and independent thought displayed through out is more than enoguh to satisfy any reasonable reader's desire. Apart from their intrinsic merit, these essays are calculated to point the ways to our educated young men, along what lines theycan do useful research work and employ their talents.

I wish I had more time to givehim and less pressure of work. I am confident that his purpose in writing the work, will be fully achieved.

V. R. Venkataswara Iyer. (Signed)

T. K. KRISHNA MENON,
KUMARALAYAM, DEWAN'S ROAD,
ERNAKULAM.
21—4—40.

T. K. Krishna Menon.

Ambalapuzha Br. Sri K. Venkataswara Sarma's 'Bhulokavidjnaniyam' is the result of the resarches he carried on for over quarter of a centuary. The work unmistakeably evinces his intimate acquaintance with the puranic literature, his tireless perseverence, his keen intelligence, and his uncommon skill in research work. The main purpose of his thesis is to show that the topography outlined in the Puranas and the nature of the culture there chronicled are more or less, in consonance with the principles of modern scence, and that there is a rational explanation for the mystical legends narrated in them. From the very nature of the subject, differences of opinion there certainly will be. But no one will deny mr. Sarma the credit that is his for the great pioneer work he has undertaken under very trying circumstances. I hope he will readily get the help he sorely needs for an early publication for this epochmaking work.

(Signed)

T. K. Krishna Menon.

P. SANKARAN NAMBIAR M. A.,
PROFESSOR OF ENGLISH
MAHARAJA'S COLLEGE, ERNAKULAM.

അഭിപ്രായം.

ശ്രീമാൻ അമ്പലപ്പുഴ വെങ്കിടേശ്വരശൎമ്മ അവർകൾ എഴുതീട്ടുള്ള "ഭൂലോകവിജ്ഞാനീയം" എന്ന പുസ്തകത്തിന്റെ കൈയെഴുത്തുപ്രതി ഒന്നു കണ്ണോടിച്ചുനോക്കിയതിൽ എനിക്കു തോന്നിയതു്, ഭാരതവൎഷത്തിലെ പൌരാണികമായ ആൎഷസംസ്കാരം കേവലം അന്ധവിശ്വാസത്തിന്മേൽ പടുത്തു കെട്ടിയിട്ടുള്ള ഒന്നല്ലെന്നും, ശാസ്ത്രീയവിജ്ഞാനത്തിന്മേൽ അടിയുറച്ചുകൊണ്ടുതന്നെയാണു സമുല്ലസിക്കുന്നതെന്നും വിശദമാക്കുവാൻ ഉപകരിക്കുന്ന ഗവേഷണഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ പ്രസ്തുത പുസ്തകത്തിനു മാന്യമായ ഒരു സ്ഥാനം കല്പിക്കാമെന്നാണു്. ഗ്രന്ഥകാരന്റെ ഗവേഷണപാടവവും ഭാവനാശക്തിയും, പാണ്ഡിത്യവും, പരിശ്രമവും സൎവ്വഥാ പ്രോത്സാഹനാൎഹമാണെന്നു പ്രത്യേകം എടുത്തുപറയേണ്ടതില്ലല്ലോ.

എന്നു ൧൧൧൫ മകരം ൧൦-ാംനു-

(ഒപ്പു്)

പി. ശങ്കരൻ നമ്പ്യാർ.

വിഷയാന്തർഗ്ഗതമായ സംഗതികളുടെ വിവരം.

1.	ഭൂപടവിവരണം	പുറം 1
2.	സ്ഥലനിർണ്ണയം	 2
3.	കടൽത്തറയുടെ വിചിത്രാകൃതി	 4
4.	പ്രകൃതിശക്തികളുടെ പ്രവൎത്തനം	 6
5.	ഹനുമാന്റെ ശരീരപ്രകൃതിയും ചലനവക്രതയും	 10
6.	പ്ലവനാരംഭത്തിലെ സംഭവങ്ങൾ	... 11
7.	ഹനുമാന്റെ വിശ്വരൂപചിത്രം	... 14
8.	പ്ലവനപന്ഥാ	... 15
9.	മസൂരഗർത്തങ്ങൾ	... 17
10.	മൈനാകകഥ.	... 19
11.	മൈനാകപർവ്വതം	... 20
12.	ന്യൂസീലൻഡിന്റെ വലിപ്പക്കുറവ്	... 21
13.	ടി സ്ഥാനവിശേഷം	... 23
14.	മൈനാകത്തിന്റെ അധിവാസസ്ഥലം	... 24
15.	ടി മനുഷ്യാകൃതി	... 26
16.	വ്യാസമഹർഷി മൈനാകത്തിനു നിർദ്ദേശിക്കുന്ന സ്ഥാനം	... 29
17.	ന്യൂസീലൻഡിന്റെ ജന്മദിവസം	... 31
18.	ലോകസേവാമാഹാത്മ്യം	... 32
19.	പ്രത്യാഗമനത്തിൽ ഹനുമാനെ സൽക്കരിച്ച മൈനാകം	 36
20.	സുരസയുടെ ദിവ്യരൂപം	... 37
21.	ഛായാഗ്രഹണീ	... 38
22.	പിടിയിലകപ്പെട്ട ഹനുമച്ഛായ	... 41
23.	സമയവും ഗതിവേഗവും	 42
24.	ലങ്കയ്ക്കുള്ള ദൂരം	 43
25.	ലങ്കയിലും ഭാരതത്തിലും ഉദയാസ്തമനഭേദം.	 45
26	ഗതിവേഗത്തെപ്പററിയുള്ള ഉപരിനിരൂപണം.	 46
27.	ഹനുമാൻ മൈനാകത്തിൽ എത്തിയ സമയം	 47
28.	അന്നത്തെ സൂര്യസഞ്ചാരവൃത്തം	... 48
29.	ആദിത്യബിംബം ചക്രവാളത്തിൽനിന്നും എത്രമാത്രം താണിരിക്കും എന്ന്	 49
30.	ഹനുമൽപ്പാതയുടെ പൊക്കം	 50
31.	വാത്മീകിയുടെ ആകാശവർണ്ണന	 53
32.	പാതയുടെപൊക്കത്തെപ്പററി വാത്മീകിവർണ്ണനയിലെ ലക്ഷ്യങ്ങൾ	55
33.	ശരീരപരിമാണം.	... 57

		പുറം.
34.	ശരീരപരിമാണത്തെ പരാമർശിക്കുന്ന വിവരങ്ങൾ	59
35.	സുരസാമുഖം	63
36.	ഹനുമാന്റെ നേത്രങ്ങൾ	66
37.	ഒരു ദിവസത്തിൽ രണ്ടു മല്ലസംഘട്ടനങ്ങൾ	68
38.	ഹനുമാന്റെ ഛായയും രാക്ഷസിയും	69
39.	ലങ്കയിൽ ഹനുമാന്റെ പാദമുദ്രകൾ.	70
40.	ശതയോജനവിസ്താരം	74
41.	ലങ്കയുടെ ദൂരം	75
42.	അനുബന്ധം ...	93

ഭൂപടങ്ങൾ.

---

1. ദക്ഷിണദിക്കിന്റെ പടം.
2. ഹനുമാന്റെ വിശ്വരൂപം.
3. മയൂരഗത്തങ്ങൾ.
4. ന്യൂസീലൻഡ്.
5. മൈനാകമനുഷ്യൻ
6. ഛായാഗ്രഹണി.
7. ലങ്കയുടെ പടം.
8. വാനരനിവേശം സഹിച്ച-
   ആൻഡീസ് മലയുടെ ഛായാചിത്രം.
9. ആൻഡീസ് മലയുടെ മറ്റൊരു ഛായാചിത്രം.

ശുദ്ധിപത്രം.

പുറം.	വരി	അശുദ്ധം.	ശുദ്ധം.
മുഖവുര			
൨	൧൫	ഗ്രഹിക്കാള്ള	ഗ്രഹിക്കാനുള്ള
ഹനുമാന്റെ അജ്ഞിലാംഘനം			
൧	൭	കൂടുതലായിരിക്കും	കൂടുതലായിരിക്കും.
൪	൨൫	ഒരു ഭ്രുവിഭാഗം	ഒരു ഭ്രുവിഭാഗം,
൬	൩	ചെയ്തുകൊണ്ടു്	ചെയ്തുകൊണ്ടു്,
൫	൧൫	പർവത്തിൽ	പർവതത്തിൽ
൧൦	൧൮	മഹാതരങ്ങളെ	മഹാതരംഗങ്ങളെ
൧൯	൧൩	ആദ്ധ്യാത്മിക	ആധ്യാത്മിക
,,	൨൮	ഹനുമാനെ	ഹനുമാന്റെ
൨൦	൧൪	ആരോഗ്യപൂർത്തിയായി	ആരോഗ്യംപൂർത്തിയായി
൨൨	൧൪	ഞൊന്നും	ഞൊന്നു
൨൬	൧	വരിയുടെ	വഴിയുടെ
,,	൫	ചെയ്തുകൊണ്ടു്	ചെയ്തുകൊണ്ടു്,
,,	൧൭	ആ ഭ്രുവിഭാഗത്തിനു്	ആ ധ്രുവോപാന്തത്തിലെ-ഭ്രുവിഭാഗത്തിനു്
,,	൨൫	ചേർത്തുകൊണ്ടു-വടക്കോട്ടു്	ചേർത്തുകൊണ്ടു് അവിടെ-നിന്നും വടക്കോട്ടു്
൨൯	൧൮	ആ ഭാഗത്തിന്റെ	ആ ഭ്രുവിഭാഗത്തിന്റെ
൩൪	൦൧	കൂടാതെ.	കൂടാതെ,
൩൮	൧൭	അപ്പോൾ	അപ്പോൾ,
൪൦	൧	അന്തത്തിൽ	യത്നത്തിൽ
,,	൨൩	മൽത്തിട്ട	മണൽത്തിട്ട
൪൫	൨൩	കിട്ടിയാൽ	കൂട്ടിയാൽ
൬൩	൧൦	അഹിശ്ചാ	അഹശ്ചാ
൬൯	൧൩	ചന്ദ്രമാളവ	ചന്ദ്രമാഉവ
,,	൨൨	ടി	ടി

പുറം.	വരി.	അശുദ്ധം	ശുദ്ധം.
൫൯	൧൩	ദശയോജന *	* പത്തു യോജന വർദ്ധിച്ച 30 യോജന നീളമായി തീൎന്നു് എന്നു വേണം ഇതൎത്ഥമാക്കാൻ (foot note)
൬൪	൧൨	ഉൾപ്പെട്ടുത്താവുന്ന	ഉൾപ്പെട്ടുത്തപ്പെടാവുന്ന
൭൦	൧൨	ഗത്തങ്ങളേയും	ഗത്തങ്ങളേയും,
,,	൧൪	ഹനുമഛരായയേയും	ഹനുമച്ഛായയേയും,
൭൫	൨൫	കിഴിക്ക	കിഴക്കു്,
,,	൨൩	കിഴക്കായി	കിഴക്കായി,
൮൦	൨൮	കയറിച്ചെല്ലാൻ-മാത്രം	കയറിച്ചെല്ലാൻ
൮൩	൩	നദിയേയുംഭാരതീയ	നദിയേയും ശ്രദ്ധിക്കുക.- ആ പേരുകൾ ഭാരതീയ
൮൫	൨൫	ങ്ങൾ കൂടി	ങ്ങൾ ഒന്നുകൂടി
൯൦	൮	എന്നു	എന്ന

അനുബന്ധം.

൯൪	൧൦	മധ്യമോംബുധ	മധ്യമേംബുദ
,,	൧൧	ടങ്കഛരിന്ന	ടങ്കച്ഛിന്ന
൯൩	൨൫	കവിശ്രേഷ്ഠൻ	കപിശ്രേഷ്ഠൻ

പടം നമ്പർ ൨.



പുറം ഫർ നോക്കുക. ഹനുമാൻെറ വിശ്വരൂപം.

പടം നമ്പർ ൩.

പടം നമ്പർ ൩. ഫൈ-ാം പുറം നോക്കുക.

മയൂരഗത്തങ്ങൾ ആസ്ത്രേലിയാവിന്റെ വടക്കുള്ള ഗത്തത്തെ പടം തിരിച്ചു വെച്ചു നോക്കുക.

ഫ-ാം പുറം നോക്കുക.
ആസ്ത്രേലിയാവിന്റെ തെക്ക് ഹനുമല്ലായയുള്ള ഒരു നീണ്ട ഗത്തത്തെ നിരീക്ഷിക്കുക.



ഇൻഡ്യയിൽനിന്നും ലങ്കയ്ക്കുള്ള മാർഗ്ഗം. അറേബ്യൻകടലിൽ കാണിച്ചിട്ടുള്ള ഒരു ഗത്തത്തിന്റെ കറുത്ത അടയാളം മൈനാകത്തിന്റെ പ്രഥമസ്ഥാനമായിരുന്നു.

ഹരി: ശ്രീഗണപതയെ നമ:

ശ്രീ.

ഭൂലോക വിജ്ഞാനീയം.

ഹനുമാന്റെ അബ്ധിലംഘനം.

൧. ഭൂപടം.

വാനരോത്തമനായ ഹനുമാന്റെ അബ്ധിലംഘനത്തിൽ ആദ്യമായി നാം ആലോചിക്കാനുള്ളതു് "ദക്ഷിണദിക്കി"ന്റെ ഒരു ഭൂപടം നിർമ്മിക്കാനാണു്. ദക്ഷിണധ്രുവത്തെ കേന്ദ്രമാക്കി മദ്ധ്യരേഖയോളം നീളത്തിൽ ഒരു ഉച്ചരേഖ (Meridian) യെടുത്തു് ആ രേഖയ്ക്കു് ൩൦ തിയതി (degree) കൂടി നീളം കൂട്ടിയാൽ ആത്രിജ്യ (radius) കൊണ്ടു വരയ്ക്കുന്ന വൃത്തത്തിൽ ഉദ്ദിഷ്ടഭൂപടം നിർമ്മിക്കാം. ദക്ഷിണാർദ്ധഗോളത്തിന്റെ ഒരു ഭൂപടം ആണു് ആവശ്യമുള്ളതെങ്കിലും അല്പം കൂടുതലായാൽ സൌകര്യം കൂടുതലായിരിക്കും 'ഭൂലോകവിജ്ഞാനീയ'ത്തിന്റെ (ഭൂലോക വിജ്ഞാനീയം എന്ന ഒരു പുസ്തകത്തിന്റെ ഒരംശമാണു് ഈ ഖണ്ഡകൃതി) പൂർവഭാഗങ്ങളിൽ വിവരിച്ചിട്ടുള്ള "രാമായണത്തിലെ ഉത്തരദിഗ്വർണ്ണന"യിൽ വടക്കേഅമേരിക്ക ഉൾപ്പെട്ടുപോകയാൽ, തെക്കേഅമേരിക്ക ദക്ഷിണദിക്കിൽതന്നെ ചേരുന്നതാണു്. മദ്ധ്യരേഖയ്ക്കു വടക്കുള്ള ഭാഗങ്ങൾ എല്ലാം ഉത്തരദിക്കിൽതന്നെ ചേരേണ്ടതാണെങ്കിലും, (ഈ ഭൂവിഭാഗം മദ്ധ്യരേഖയ്ക്കു വടക്കാണു്) ആമസോൺ നദിയുടെ വടക്കുള്ള ഭാഗങ്ങൾ, ഭൂപ്രദേശത്തിന്റെ കിടപ്പനുസരിച്ചു ദക്ഷിണ ദിക്കിൽ തന്നെ ചേർക്കപ്പെട്ടിരിക്കുന്നു. മലയ ദ്വീപസമൂഹങ്ങൾ

പൂർവ്വദിക്കിൽ ഉൾപ്പെട്ടുത്തപ്പെട്ടതിനാൽ, ആസ്റ്റ്റേലിയാ ന്യൂസിലൻഡ് ഇവയേ ദക്ഷിണദിക്കിൽ ചേരുന്നുള്ളു. വിന്ധ്യ പർവതം മുതൽ തെക്കുള്ള ഇൻഡ്യയുടെ ഭാഗങ്ങളും, വാത്മീകിമുനി ദക്ഷിണദിക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ, നമ്മുടെ ഭൂപടത്തിൻെറ ഉത്തര സീമ ആവശ്യത്തിലധികമായിപ്പോയി എന്നു ശങ്കിക്കാനില്ല. രാമായണം കിഷ്കിന്ധാകാണ്ഡത്തിൽ സുഗ്രീവൻെറ ദക്ഷിണ ദിഗ്വർണ്ണനയിൽ ചേർത്തിട്ടുള്ളതെല്ലാം ഇവിടെയും അംഗീകരിച്ചിട്ടുള്ളതാകുന്നു.

൧. സ്ഥലനിർണ്ണയം.

ലങ്കാദ്വീപം തെക്കേ അമേരിക്കയാണെന്നു തീരുമാനിക്കാൻ ഇതിനുമുൻപു് (ഭൂലോകവിജ്ഞാനീയം ൻ-ാം അധ്യായത്തിൽ) ഉദാഹരിച്ചിട്ടുള്ള ഭാഗങ്ങളെ വീണ്ടും ഉദ്ധരിക്കുന്നില്ല. (ഈ ഭാഗം അനുബന്ധത്തിൽ ചേർത്തിട്ടുണ്ടു്.) നമ്മുടെ ഭൂപടത്തിൽ ദക്ഷിണ ധ്രുവം മധ്യത്തിലാകയാൽ പടത്തിൻെറ ഏതുവശവും 'മുകളിൽ' ആക്കി അതു 'വടക്കു്' ആണെന്നു നിർദ്ദേശിക്കാം. എന്നാൽ പൌരാണിക കല്പന അനുസരിച്ചു് ഇൻഡ്യയുള്ള വശം വടക്കു് ആണെന്നു ഗണിക്കപ്പെട്ടിരിക്കുന്നു. അപ്പോൾ ലങ്കാദ്വീപു് ആകുന്ന ദക്ഷിണഅമേരിക്ക ഇൻഡ്യയ്ക്കു നേരെ തെക്കു് മഹാർണ്ണവത്തിൻെറ മറുകരയിൽ ഏററവും തേക്കേ അററത്തേ ഭൂവിഭാഗം ആണെന്നും പ്രത്യക്ഷമായിരിക്കും. രാമായണം ദക്ഷിണ ദിഗ്വർണ്ണനയിൽ ദക്ഷിണധ്രുവമാകുന്ന യമലോക സ്ഥാനത്തെ ഭൂമിയുടെ അവസാനമായിഗണിച്ചിട്ടുണ്ടെങ്കിലും ദക്ഷിണദിക്കിൻെറ അവസാനമായിട്ടല്ല ഗണിച്ചിട്ടുള്ളതെന്നു് ഓർമ്മിക്കാനുള്ളതാണു്.

ദക്ഷിണാർദ്ധഗോളം സമുദ്രപ്രധാനമായ ഭൂവിഭാഗമത്രേ. അതിൽ ഒന്നിച്ചു കിടക്കുന്ന സമുദ്രത്തെ, മഹാസമുദ്രമായി ഗണിക്കേണ്ടതാണെന്നു ബോധപ്പെടുന്നതുപോലെ തന്നെ, രാമാ

യണത്തിലും പ്രസ്താവിച്ചുകാണുന്നു. "ഗുരുണാംചപ്രസാദേന പ്ളവസ്വതാം മഹാർണ്ണവം" എന്നിങ്ങനെ ജാംബവാൻ ഹനുമാനോടു പറയുന്നു. അതുകൂടാതെ മഹാർണ്ണവശബ്ദം സുന്ദരകാണ്ഡം പ്രഥമസ്സർഗ്ഗത്തിൽ ധാരാളം പ്രയോഗിച്ചു കാണുന്നുമുണ്ടു്. ക്ഷുദ്രമായ ഒരു സമുദ്രവിഭാഗത്തിനു ആ പേർ യോജിക്കയില്ല. "മഹോദധി" എന്നപേർ ഒരു സംജ്ഞാനാമം പോലെതന്നെ പെസഫിക്ക് സമുദ്രത്തേക്കുറിച്ചു് പുരാണമുനി പ്രയോഗിച്ചിട്ടുണ്ടെന്നും പൂർവ്വഭാഗങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ടു്. ഇതിൽ ഇൻഡ്യൻ സമുദ്രവും കൂടി ചേർന്നിട്ടുണ്ടെങ്കിലും, മുഖ്യമായിട്ടുള്ളതു പെസഫിക്ക് സമുദ്രം തന്നെയാണെന്നു സ്പഷ്ടമായിരിക്കുന്നു. ഹനുമാൻ ശ്രീരാമനോടു ലങ്കയേക്കുറിച്ചു പറയുന്നതു് ഇപ്രകാരമാണു്.

"സ്ഥിതാപാരെസമുദ്രസ്യ ദൂരപാരസ്യരാഘവഃ"

'ദൂരപാരമായ മഹാസമുദ്രത്തിൻെറ മറുകരയിൽ' ആണു് ലങ്ക ഇരിക്കുന്നതു് എന്നു്, ഹനുമാൻ പറയുന്ന വാക്കു് എത്ര പരമാത്ഥമായിരിക്കുന്നു എന്നു്, നമ്മുടെ പടം പ്രത്യക്ഷീകരിക്കുന്നു. വാനരോത്തമൻ വായുമാർഗ്ഗമായി അതിലംഘിച്ച സമുദ്രം ഇതല്ലാതെ മറെറാന്നുമല്ലെന്നു തീരുമാനിക്കാൻ മററു ലക്ഷ്യങ്ങളും പ്രേക്ഷകന്മാക്കു് കണ്ടുപിടിക്കാവുന്നതാണു്. ആഫ്രിക്കാഖണ്ഡംകൂടി നമ്മുടെ ഭൂപടത്തിൽ കടന്നു കേറി കിടക്കുന്നുണ്ടെങ്കിലും, "പശ്ചിമദിഗ്വർണ്ണന"യിൽ വാത്മീകി അതിനെ ഉൾപ്പെടുത്തിട്ടില്ലായതിനാൽ, ഇതിൽനിന്നും ഒന്നാകെ നീക്കിക്കളയാം. ബാക്കിയുള്ള ഭൂവിഭാഗങ്ങളിൽ ആസ്ത്രേലിയാ, ടാസ്മേനിയാ, ന്യൂസീലൻഡ്, മററനേകം ദ്വീപത്തരികൾ, ഇവയെല്ലാം ഉൾപ്പെടുന്നുണ്ടെങ്കിലും, ഇവയിൽ ഒന്നും തന്നെ തെക്കേഅമേരിക്കപോലെ ശരിയായും ദൂരസ്ഥമായും,—

"ദ്വീപസ്തസ്യാപരെപാരെ ശതയോജനമായതഃ" എന്നു് സുഗ്രീവൻ വർണ്ണിക്കുന്ന രീതിയിൽ അത്ര വിസ്തീർണ്ണമായും ഉള്ള

ഒരു മറുകരയായിരിക്കുന്നില്ല. ആ വഴിക്കുള്ള സമുദ്രഗർത്തങ്ങളും അനവധി ലക്ഷ്യങ്ങളെ നല്കുന്നതുകൊണ്ടു് ഈ വിഷയത്തിൽ അവയും ശ്രദ്ധാർഹങ്ങൾ ആയ്തീൎന്നിട്ടുണ്ടു്. അതുനിമിത്തം നമ്മുടെ പടത്തിൽ സമുദ്രത്തിന്റെ അടിനിരപ്പും അടയാളപ്പെടുത്താൻ ശ്രമിച്ചിട്ടുള്ളതാണു്.

൩. കടൽത്തറയുടെ വിചിത്രാകൃതി.

ഇൻഡ്യയിൽനിന്നും അമേരിക്കയെ നോക്കുന്ന രീതിയിൽ ഇൻഡ്യ താഴെയായും അമേരിക്ക മുകളിലായും വരത്തക്കവണ്ണം ഭൂപടം തിരിച്ചുവെച്ചുകൊൾക. ഇൻഡ്യയിൽനിന്നും അങ്ങോട്ടുള്ള യാത്രയിൽ ആ രീതിയിലാണല്ലോ നമുക്കു് സ്ഥലജലാംശങ്ങളുടെ കാഴ്ച സംഭവിക്കുന്നതു്. ആസ്ത്രേലിയാ ഭൂഖണ്ഡത്തേയും, അതിനെ ചുററിപ്പൊതിഞ്ഞുകിടക്കുന്ന ദ്വീപസമൂഹങ്ങളേയും, അവയെ കൂട്ടിഘടിപ്പിക്കുന്ന ജലനിമഗ്ന ഭൂവിഭാഗങ്ങളേയും, ഇടയ്ക്കുള്ള അഗാധഗർത്തങ്ങളോടുകൂടി ഒന്നായിചേർത്തു നിരീക്ഷിക്കുക. ഏഷ്യയുടെ തെക്കുകിഴക്കേ മൂലയ്ക്കുള്ള സമുദ്രഭൂമി, ഒട്ടുമുക്കാലും നൂറു §പുരുഷപ്രമാണത്തിലധികം താഴ്ചയുള്ളതല്ല. ബോർണിയോ, ജാവാ, സെലിബിസ് ഈ ദ്വീപുകളുടെ തെക്കുകിഴക്കേ അഗ്രം വരെ എല്ലാം ഭൂഖണ്ഡത്തോടു ഒന്നായിചേർന്നും, അതിനപ്പുറം ഒരു ഇടവിട്ടു് ന്യൂഗിനി മുതലായവയെല്ലാം ആസ്ത്രേലിയയോടു ഒരുമിച്ചുചേൎന്നും, അതിനപ്പുറം ഉള്ളവ പ്രായേണ ശിഥിലപ്പെട്ടും കിടക്കുന്നു. ഈ ഭൂവിഭാഗങ്ങളെല്ലാം ജലത്തിനു മീതെ പ്രത്യക്ഷപ്പെടാൻ ആ കടൽത്തറ അത്രമാത്രം മേല്പോട്ടുയർന്നാൽ മതി. എന്നാൽ ആ കടൽത്തറ ൨൫൦൦ പുരുഷപ്രമാണം (Fathoms) ആ കിടപ്പിൽ ഉയർന്നുവന്നാൽ, ഫിലിപ്പൈൻ, ഫർമോസ ഈ ദ്വീപുകൾ മുതൽ പടിഞ്ഞാറു സുമാത്ര വരെയും വിസ്തീൎണ്ണമായ ഒരു ഭൂവിഭാഗം ഈ ദ്വീപങ്ങളെയെല്ലാം പർവ്വതങ്ങ

§ Fathom.

ളായി ഉയൎത്തിക്കൊണ്ടു് ആസ്ത്രേലിയായിൽ ചെന്നു മുട്ടി അവിടുന്നു കിഴക്കോട്ടു് അതിനെ ഒരു കിരീടംപോലെ ആവരണം ചെയ്തുകൊണ്ടു് ൧൮൦-ാമത്തെ രേഖാംശം കഴിഞ്ഞു് ൧൭൦-ൽ നാവിഗേററർ ദ്വീപുകളിൽ (Navigator's Islands) ചെന്നുചേരുന്നതു കാണാം. (൧-ാംനംബർ പടം നോക്കുക) ആയതു് അവിടുന്നും തെക്കോട്ടു തിരിഞ്ഞു് ന്യൂസിലൻഡിനെ കൂട്ടിച്ചേൎത്തുകൊണ്ടു് വീണ്ടും പടിഞ്ഞാട്ടു തിരിഞ്ഞു് കിരീടത്തിന്റെ പണി പൂൎത്തിയാക്കുമ്പോൾ, ആൻഡമൻ ദ്വീപുകളെ ബൎമ്മയോടു യോജിപ്പിക്കുന്ന കടൽത്തറയാകട്ടേ, സുമാത്ര ജാവാ ദ്വീപുകളെ തുടൎന്നു തെക്കുകിഴക്കോട്ടു വളഞ്ഞുചെന്നു് ആസ്ത്രേലിയയുടെ വടക്കുപടിഞ്ഞാറെ മൂലപററി, മുൻ പ്രസ്താവിച്ച കിരീടം വഹിക്കുന്ന അമാനുഷമായ ഒരു ശിരസ്സിനു കഴുത്തും മാൎവ്വിടവും അടിവായും എല്ലാം നിൎമ്മിച്ചുകൊണ്ടു് അതിന്റെ നാസാഗ്രത്തിൽ ചെന്നു ലയിക്കുന്നതു കാണാം. നെററിക്കു നടുവിൽ ഒരു മുഴയും, മുഴയ്ക്കു നടുവിൽ ടാസ്മാനിയദ്വീപും വന്നുകൂടീട്ടുള്ളതു നോക്കുക. കാർപ്പെന്റേറിയൻ ഉൾക്കടൽ കൂൎത്തുനില്ക്കുന്ന കണ്ണിന്റെ ഛായയെ വിധാനം ചെയ്യുന്നതും, ഐറിസ്സരസ്സും അതിലെ നദികളും ചേൎന്നു് രൂപത്തിനു നേത്രമായി പരിണമിക്കുന്നതും കൊണ്ടു മതിയായില്ലെങ്കിൽ, കടവായിലെ ദംഷ്ട്രങ്ങൾ നിൎമ്മിക്കുന്ന ടാസ്മൻലാൻഡിലെ തീരത്തിന്റെ ക്രകചപ്രകൃതിയെയും, അതിൽ പ്രധാന ദംഷ്ട്രമായി നില്ക്കുന്ന ഡാമ്പിയർലാൻഡിനെ (Dampier land)യും, അതിലെ ഫിററ്റൊ (Fitroy, R.)നദിയെയും നിരീക്ഷിക്കുക. ആസ്ത്രേലിയയുടെ ദക്ഷിണതീരത്തിലുള്ള സ്പെൻസർ ഉൾക്കടൽ, ഭയങ്കരമായ ഫാലനേത്രത്തെ ഇമകളോടുകൂടി പ്രത്യക്ഷീകരിക്കുന്നു. കിരീടത്തിന്റെ മേലററത്തി(കിഴക്കെ അററത്തി)ലുള്ള രണ്ടു ചെറിയ പുഛങ്ങൾ, ഭയാനകത്വത്തിനു പ്രൌഢി കൂട്ടാൻ അഗ്രത്തിൽ തിരുകിയ രണ്ടു തൂലികകളായി ഗണിക്കാവുന്നതാണു്. കിരീടത്തിന്റെ

പിൻഭാഗത്തു് (വടക്കുഭാഗത്തു്) താഴെയായി (ഫിലിപ്പൈൻ ദ്വീപിനു കിഴക്കു്) കാണുന്ന ഗൎത്തം, പിൻകഴുത്തോട്ടു ചേൎന്നിരിക്കുന്ന (അതിൻെറ കടുനീലംകൊണ്ടു് വേണമെങ്കിൽ) വേണീബന്ധമായും വ്യാഖ്യാനിക്കാം. കിരീടത്തിൻെറ വടക്കെ അതിരു പററി വളഞ്ഞു പിരിഞ്ഞു കിഴക്കോട്ടു പോയിരിക്കുന്ന ഒരു ശൃംഗം ഒരു സൎപ്പത്തിൻെറ രൂപാവശിഷ്ടമായും കല്പിക്കാൻ പ്രേക്ഷകന്മാൎക്കു വൈരസ്യം തോന്നിയില്ലെങ്കിൽ, നാഗമാതാവായ ദാക്ഷായിണിയുടെ നെഞ്ചു മുതൽ മേല്പോട്ടുയൎന്നു നില്ക്കുന്ന രൂപം, ഇന്നമാതിരിയായിരിക്കും എന്നു ഒരു വിധമെല്ലാം ഈ രൂപംകൊണ്ടു തീരുമാനിക്കാം. ആളിൻെറ പുറകോട്ടുള്ള ഞെളിവും മുമ്പോട്ടുള്ള ദൃഷ്ടിയും, ഒന്നു പേടിപ്പിക്കാനുദ്ദേശിച്ചുതന്നെയാണെന്നു് ആൎക്കും തോന്നിപ്പോകും. എന്നാൽ ഇതു കുട്ടികൾ കളിക്കാൻ വരച്ചുണ്ടാക്കിയ ചിത്രം അല്ലെന്നും, ശാസ്ത്രജ്ഞന്മാർ അതി സൂക്ഷ്മമായി അളന്നും ഗണിച്ചും ലേഖനപടുക്കളെക്കൊണ്ടു കൃത്യമായി വരച്ചുണ്ടാക്കിയ ഭൂപടത്തിൻെറ ശരിപകൎപ്പു് ആണെന്നും, ഓൎമ്മിക്കാനുള്ളതാകുന്നു. 'സുരസ' നാഗമാതാവാണെന്നും നാഗദ്വീപുകൾ ശരിയായും ഈ ഭൂവിഭാഗം തന്നെയാണെന്നും, ഗ്രന്ഥപൂൎവ്വ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുണ്ടെന്നു കൂടി സ്മരിപ്പിച്ചുകൊള്ളുന്നു.

൪. പ്രകൃതിശക്തികളുടെ പ്രവൎത്തനം.

ലങ്കയ്ക്കു പോകേണ്ടതു് നേരെ തെക്കോട്ടാണെങ്കിലും, ഹനുമാൻ കിഴക്കോട്ടു ചാഞ്ഞു് ആസ്ത്രേലിയായിൽക്കൂടി കടന്നതു് എന്തിനാണെന്നു് അല്പം ചിന്തിക്കാനുണ്ടു്. കന്യാകുമാരിക്കു സമീപം മഹേന്ദ്രഗിരിയിൽനിന്നും നേരെ മറുകരയ്ക്കു ചാടിയിരിക്കാവുന്ന മാരുതി, കിഴക്കോട്ടു ചാഞ്ഞതു് എന്തുകൊണ്ടായിരിക്കാം? ഒന്നാമതു്, ഹനുമാൻ മഹാതപസ്വിയും യോഗസിദ്ധനും ആണെന്നുവരുകിലും, അദ്ദേഹം ഈ മഹൽകൃത്യം നിൎവ്വഹിച്ചതു് പ്രകൃതി നിയമങ്ങൾക്കു കീഴ്പ്പെട്ടുതന്നെയാണെന്നു്,

വാത്മീകിയുടെ വർണ്ണന നല്ലവണ്ണം വിശദീകരിക്കുന്നു. ചാടുന്നതിനു മുമ്പുള്ള ആഞ്ജനേയൻെറ ഒരുക്കങ്ങളെപ്പററി നിരൂപിക്കുക. മഹേന്ദ്രഗിരിയുടെ മുകൾഭാഗം ചവുട്ടിയുറപ്പിക്കുന്നതും, ഗുഹകളിലെ മൃഗങ്ങൾ ഞെരിഞ്ഞുപുതയുന്നതും, വിദ്യാധരന്മാരും മഹർഷിമാരും ഗുഹകളെ വിട്ടു പുറത്തു ചാടുന്നതും, പർവ്വതധാതുക്കളിൽ സംഗ്രഹീതമായിരുന്ന ജലരാശി പുതിയ പ്രസ്രവണങ്ങളെ പുറപ്പെടുവിക്കുന്നതും, എല്ലാംകൊണ്ടു വലിയ ഒരു ഭാരം താങ്ങത്തക്കവണ്ണം അതിന് ഉറപ്പുവരുത്തുകയാണ് അദ്ദേഹം ചെയ്തതെന്നു് സ്പഷ്ടമായിരിക്കുന്നു. പർവ്വതത്തിൽനിന്നും അദ്ദേഹം കുതിച്ചുചാടിയപ്പോൾ ഉണ്ടായ കലാപങ്ങളെ സൂക്ഷിക്കുക.

"സമുല്പതതിതസ്മിൻസ്തുവേഗാത്തേനഗരോഹിണഃ
സംഹൃത്യവിടപാൻസർവാൻസമുല്പേതുസ്സമന്തതഃ"

അതിവേഗത്തിൽ മേല്പോട്ടുപോയ, അദ്ദേഹത്തിൻെറ ശരീരപിണ്ഡം ആവരണം ചെയ്തിരുന്ന അവകാശസ്ഥലം ഉടൻ ശൂന്യമായിത്തീരുകയാൽ, അതു തുക്കാനായി ആത്തടിച്ചുകേറുന്ന പ്രചണ്ഡവാതത്തിൻെറ പരാക്രമത്താൽ പർവതത്തിൽ വളൎന്നുവന്നിട്ടുള്ള വൃക്ഷലതാദികൾ ഗുന്മശാഖാപത്രസഞ്ചയങ്ങളോടുകൂടി പിന്നാലെ ചാടിയുയൎന്ന കഥയാണിതു്. അതുകൊണ്ടു തന്നെ ആയില്ല. അവയെല്ലാം ഒരു മുഹൂർത്തനേരം—ഏകദേശം ഒരു മണിക്കൂർ—ഹനുമാൻെറ പിന്നാലെ അനുയാത്രയായി ആകാശസഞ്ചാരം ചെയ്തുപോലും. രാജാവിനെ സേനാപരിവാരങ്ങൾപോലെയും, ദൂരയാത്രപോകുന്നവനെ ബന്ധുമിത്രങ്ങൾ പോലെയും അവ കുറേനേരം സഹയാത്രചെയ്തതായി ആദികവി വർണ്ണിച്ചിരിക്കുന്നു. മേലും,

"വിമുക്താസ്തസ്യവേഗേനമുക്താപുഷ്പാണിതേദ്രുമാഃ
അവശീര്യന്തസലിലേനിവൃത്താഃസുഹൃദോയഥാ".

വായുവേഗത്തിൽ നിന്നും പിടിവിടപ്പെട്ട ആ വൃക്ഷങ്ങൾ ഓരോന്നായി ജലത്തിൽവീഴുമ്പോൾ, അവയിലെ പുഷ്പങ്ങൾ

മുതലായ ലഘുഖംശങ്ങളെ കാററത്തു വിട്ടുംവച്ചുതന്നെയാണു്, സുഹൃത്തുക്കരം വിരമിക്കുംപോലെ അവ പുറകോട്ടിടിഞ്ഞു ജലത്തിൽ പതിച്ചതെന്നു പറഞ്ഞിരിക്കുന്നു. ഇതിൽനിന്നും, ഭൂമിയുടെ ആകർഷണശക്തി വായുവിൻെറ ചലനനിയമങ്ങരം ഇവ അന്യപദാർത്ഥങ്ങളിൽ എന്നപോലെ തന്നെ സാമാന്യമായി ഇവിടെയും പ്രവൎത്തിച്ചിട്ടുണ്ടെന്നു കാണുന്നു. പിന്നെയും, "നിഷ്പ്രമാണശരീരസ്സൻ". ഹനുമാൻ അപരിമിതമായിവളൎന്ന ആ ശരീരത്തോടുകൂടി സമുദ്രത്തിൻെറ ഏതേതു ഭാഗത്തിന്മീതെ കടന്നുപോയോ അതാതുഭാഗം,

"യംയംദേശംസമുദ്രസ്യജഗാമസമഹാകപി:
സസതസ്യോരുവേഗേനസോന്മാദഇവലക്ഷ്യതെ".

അദ്ദേഹത്തിൻെറ ഊരുക്കളാൽ വിക്ഷേപിക്കപ്പെട്ട വായുവിൻെറ അഭിഘാതത്താൽ ഭ്രാന്തനേപ്പോലെ ഇളകിത്തുള്ളുന്നതു കാണാറായി. കൂടാതെ,

"യെനാസൌയാതിബലവാൻവെഗേനകപികുഞ്ജര:
തെനമാൎഗ്ഗണസഹസാദ്രോണീകൃതഇവാൎണ്ണവ:".

അദ്ദേഹം സമുദ്രത്തിൻെറ ഏതു ചൊവ്വാണോ കടന്നുപോയതു് ആ ചൊവ്വു് ജലം ഒരു തോണിപോലെയൊ പാത്തിപോലെയോ കുറേനേരത്തേക്കു കുഴിഞ്ഞിരിക്കുന്നതു കാണാറായി. ഇതു് ഇപ്രകാരംതന്നെ സംഭവിക്കുന്നതാണെന്നു ചെറിയ പരിശോധനകളാൽ നമുക്കു നിൎണ്ണയപ്പെടുത്താവുന്നതാകുന്നു. അസാമാന്യമായ ഈ പ്രചണ്ഡവാതത്തിൻെറ പ്രഹാരത്താൽ സംഭവിച്ച മറെറാരുവിശേഷം നിരൂപിക്കുക.

"തിമിനക്രഝഷാക്രൂൎമ്മാദൃശ്യന്തെവിവൃതാസ്തദാ!
"വസ്ത്രാപകർഷണെനെവശരീരാണിശരീരിണാം"

തിമികരം നക്രങ്ങരം വലിയ മത്സ്യങ്ങരം കടലാമകരം ഇവയെല്ലാം, വസ്ത്രംകൊണ്ടു മറഞ്ഞിരിക്കുന്ന ശരീരാവയവങ്ങരം കാററത്തു വസ്ത്രം പറന്നുപോകുമ്പോരം തുറന്നുകാണാറാകുന്നതുപോലെ, നഗ്നമായി കാണപ്പെട്ടു. ജലത്തിനടിയിൽ സഞ്ച

രിക്കുന്ന ഈ ജന്തുക്കളുടെ മീതെ ആവരണം ചെയ്തിരുന്ന ജലം ഏതാനും അടി ഘനത്തിൽ ഒരു പടലമായി പെട്ടെന്നു മേല്പോട്ടുയൎന്നു പോയതിനാലായിരിക്കണം ഇപ്രകാരം സംഭവിച്ചതു്. ജലപരിതലത്തിൽ ബലമായി വായുവിനെ പ്രവൎത്തിപ്പിച്ചാൽ ജലം മേല്പോട്ടു തെറിയ്ക്കുന്നതു കണ്ടു് ഒരു ചെറിയ തോതിൽ ഇതിന്റെ പരമാൎത്ഥം പരിശോധിക്കാവുന്നതാണു്. ഇപ്രകാരം മേല്പോട്ടുയരുന്ന ജലത്തിന്റെ അനന്തര ചരിത്രവും വാത്മീകിമുനി വിസ്മരിച്ചിട്ടില്ല.

"തസ്യവേഗസമുദ്ധൂതംജലംസജലദംതദാ!
"അംബരസ്ഥംബിബഭ്രാജശാരദാഭ്രമിവാതതം!!

ഹനുമാന്റെ വേഗശക്തിയാൽ അടിച്ചുയൎത്തപ്പെട്ട കടൽവെള്ളം ആകാശത്തിൽ പരന്നു് മേഘങ്ങളോടിടകലൎന്നു് ശാരദാഭ്രംപോലെ ധവളായമാനമായി പ്രകാശിച്ചുപോലും. സമുദ്ര ജലത്തിൽ അദ്ദേഹത്തിന്റെ ശരീരവായുസമ്മൎദ്ദത്താൽ ഉണ്ടായ മറെറാരു ഫലം നോക്കുക. ഇതു മുമ്പിലത്തേതിൽ നിന്നും കുറെ ശക്തി കുറഞ്ഞതായി തോന്നുന്നു. അതു് ഒരു പക്ഷെ വാനരോത്തമന്റെ ഗതി ആ സമയം അല്പം കൂടി മേല്പോട്ടുയൎന്നു പോയതിനാൽ ആയിരിക്കാം.

"കപിവാതശ്ചബലവാൻമേഘവാതശ്ചനിസ്സൃതഃ
"സാഗരംഭീമനിൎഘോഷംകമ്പയാമാസതുൎഭൃശം॥
"വികൎഷന്നൂൎമ്മിജാലാനിബൃഹന്തിലവണാംഭസി
"പുപ്ലുവെകപിശാൎദ്ദൂലൊവികിരന്നിവരോദസീ॥
"മെരുമന്ദരസങ്കാശാൻഉദ്ധതാൻസമഹാൎണ്ണവെ॥

ശക്തിമത്തായ കപിവാതവും മേഘങ്ങളിൽനിന്നു വരുന്ന വാതവും കൂടിച്ചേൎന്നു ഭയങ്കരമായ നിൎഘോഷത്തോടുകൂടി സമുദ്രത്തെ ഇളക്കിമറിച്ചു. സമുദ്രത്തിൽ അദ്ദേഹം പോകുന്ന വഴിയ്ക്കു് വലുതായ തിരമാലകളെ ജനിപ്പിച്ചു കൂട്ടംകൂട്ടമായി അവയെ പിന്നാലെ വലിച്ചുകൊണ്ടും, 'മഹാൎണ്ണവ'ത്തിൽ ദ്യാപാപൃഥിവികളുടെ സംഗമചക്രത്തോളം (ചക്രവാളരേഖ

യോളം) മേരുമന്ദരപർവ്വതങ്ങൾക്കു തുല്യമായ ഉന്നതമഹാതരങ്ങളെ പരമ്പരയായി നാലുപാടും ചിതറി അയച്ചുകൊണ്ടും" ആണു് വാനരസിംഹൻ മീതെ കടന്നുപോയതു്.

ഇതു കൂടാതെ ൧൦ യോജന വിസ്താരവും ൩൦ യോജന നീളവും ഉള്ള അദ്ദേഹത്തിൻെറ ഛായ സമുദ്രതലത്തിൽ അതി മനോഹരമായി കാണപ്പെട്ടു എന്നും പറഞ്ഞുകാണുന്നു.

൭. ഹനുമാൻെറ ശരീരപ്രകൃതിയും ചലന വക്രതയും.

മേൽ വിവരിക്കപ്പെട്ട സംഗതികളിൽനിന്നും ഹനുമാൻെറ ശരീരത്തിനു് നീളം വീതി ഘനം നിഴൽ ഇവയുണ്ടായിരുന്നു എന്നും അതു് ഭൗതികനിയമങ്ങളെ അനുസരിച്ചു പ്രവൃത്തിക്കുന്നതായിരുന്നു എന്നും വിശ്വസിക്കേണ്ടിയിരിക്കുന്നു. അദ്ദേഹത്തിൻെറ ശരീരസമ്മർദ്ദത്താൽ ഇടിച്ചു തള്ളപ്പെട്ട വായുപടലം സമുദ്ര ജലത്തെ ക്ഷോഭിപ്പിക്കുന്നതുപോലെ അദ്ദേഹത്തിൻെറ കക്ഷാന്തരങ്ങളിൽ കൂടി പാഞ്ഞു കടക്കുന്ന വായു "ഇടിനാദം പോലെ ഗർജ്ജിച്ചു" എന്നും പറയപ്പെട്ടിരിക്കുന്നു. അതിനാൽ ഭൌതികപദാർത്ഥത്താൽ നിർമ്മിതമായ പർവ്വതാകാരമായ ഒരു ശരീരമാണു് അത്ര വേഗത്തിൽ ഒരു യന്ത്രത്തോക്കിലെ ലോഹഗോളംപോലെ വിക്ഷിപ്തമായതെന്നു നിരൂപിക്കുക. ഹനുമൽശരീരത്തിലെ ചലനശക്തി ബാഹ്യപദാർത്ഥത്തിൽനിന്നല്ലെന്നെ വ്യത്യാസമുള്ളു. ഇതിനെപ്പററി "ചൈയധാനിപതിത്യുൽകാഹ്യുത്തരാന്താദപിനിഷ്കൃതാ" ദക്ഷിണദിഗ് ഭൂമിയുടെ (ദക്ഷിണാർദ്ധഗോളത്തിൻെറ) ഉത്തരാഗ്രത്തിൽ നിന്നും (ഇൻഡ്യയുള്ള വശമാണു് ഉത്തരാഗ്രം എന്നു മുമ്പെ പ്രസ്താവിച്ചിട്ടുണ്ടല്ലൊ.) പുറപ്പെട്ടു് ആകാശത്തിൽകൂടി പാഞ്ഞു പോകുന്ന 'കൊള്ളിമീൻ' എന്നപോലെ കാണപ്പെട്ടതായി ആദി കവി പറയുന്നു.

ഏതാദൃശമായ വാനരശരീരം മദ്ധ്യരേഖയ്ക്കുടുത്തു കിടക്കുന്ന മഹേന്ദ്രഗിരിയിൽനിന്നും ദക്ഷിണാഭിമുഖമായി ചാടിപ്പുറപ്പെട്ടതാണെന്നിരിക്കട്ടെ. ആയതു മദ്ധ്യരേഖ കടന്നു് തെക്കോട്ടു

ധ്രുവത്തിലേക്ക് അടുത്തുചെല്ലുംതോറും, ഭൂമിയുടെ അക്ഷഭ്രമണ ശക്തിക്കു വശപ്പെട്ടു്, നിർദ്ദിഷ്ടപന്ഥാവിൽനിന്നും വ്യതിചലിക്കാതിരിക്കാൻ നിർവ്വാഹമില്ല. മധ്യരേഖാപ്രദേശങ്ങളിലെ ഭൂഫലകം (Earth's crust, മണിക്കൂർ ഒന്നിനു് ൧൦൦൦ മൈലിൽ കൂടുതലായ ഗതിവേഗത്തോടുകൂടി കിഴക്കോട്ടു ചരിക്കയാണെന്നു ഓർമ്മിയ്ക്കുമ്പോൾ, ഈ ശക്തിയും ദക്ഷിണാഭിമുഖമായി പായുന്ന ഹനുമാൻെറ ശരീരപിണ്ഡത്തെ പിടികൂടാതെയിരിക്കാൻ നിർവ്വാഹമില്ല. എന്നാൽ ഭൂഫലകത്തിൻെറ ഈ ചലനരയം (Speed) ധ്രുവഃത്തോടടുക്കുംതോറും ക്രമേണ കുറഞ്ഞുവരികയും ധ്രുവത്തിൽ നിശ്ശേഷം നശിച്ചുപോകയും ചെയ്ക നിമിത്തം, ഹനുമാൻെറ ഗതിയ്ക്കു് തെക്കോട്ടു ചെല്ലുന്തോറും പ്രകടമായ ഒരു ചായ്‌വു കിഴക്കോട്ടു വരാതിരിക്കാൻ നിവൃത്തിയില്ല. അതിനാൽ അദ്ദേഹം തെക്കോട്ടു ധ്രുവാഭിമുഖമായിത്തന്നെ ചാടി പുറപ്പെട്ടിരുന്നാലും തെക്കുകിഴക്കായി തിരിഞ്ഞു് ആസ്ത്രേലിയാവനെ പ്രാപിക്കാൻ നിർബ്ബന്ധിതനായ്ത്തീരുന്നു. അദ്ദേഹം, ഒഴുക്കു കണ്ടു പുഴ കടക്കുന്ന വഞ്ചിക്കാരൻെറ കൂട്ടത്തിൽ, ഇതെല്ലാം കണക്കാക്കിത്തന്നെയല്ലയോ, മഹാർണ്ണവം ചാടിക്കടക്കാൻ പുറപ്പെട്ടതെന്നും കൂടി നിരൂപിക്കാനുള്ളതാകുന്നു. മഹേന്ദ്രഗിരിതന്നെ മധ്യരേഖയിൽനിന്നും വ്യതീയതി വടക്കോട്ടു മാറിയിരിക്കുന്നതാകയാൽ, അവിടുന്നും നേരെ തെക്കോട്ടു പുറപ്പെട്ടാൽ അദ്ദേഹം മധ്യരേഖയോടടുക്കുമ്പോൾ അല്പം പടിഞ്ഞാറോട്ടു തിരിഞ്ഞുപോകുന്നതാണു്. അതുവരാതെ കഴിക്കണമെങ്കിൽ അദ്ദഹം അത്രമാത്രം കിഴക്കോട്ടു തിരിഞ്ഞുതന്നെ ചാടിയിരിക്കണം. അതിനെപ്പറ്റി രാമായണത്തിൽ എന്തു പറയുന്നു എന്നു നോക്കാം.

൩. പ്ലവനാരംഭത്തിലെ സംഭവങ്ങൾ.

"സസൂര്യ്യായമഹേന്ദ്രായപവനായസ്വയംഭുവെ
"ഭൂതെഭ്യശ്ചാഞ്ജലിംകൃത്വാചകാരഗമനെമതിം॥
"അഞ്ജലിംപ്രാങ്മുഖഃകൃത്വാപവനായാത്മയോനയെ
"തതൊഹിവവൃധെഗന്തുംദക്ഷിണൊദക്ഷിണാന്ദിശം॥

ചാടാനാരംഭിച്ചപ്പോൾ, അദ്ദേഹം ആദ്യം സൂൎയ്യനേയും മഹേന്ദ്രനേയും വായുവിനേയും ബ്രഹ്മാവിനെയും ഭൂതഗണങ്ങളെയും കൈക്കൂപ്പിത്തൊഴുതു്, യാത്രാവിഷയത്തിൽ ബുദ്ധിയെ പ്രവേശിപ്പിച്ചു. അതു കഴിഞ്ഞു് കിഴക്കോട്ടു തിരിഞ്ഞു്, പിതാവായ വായുവിനെ വന്ദിച്ചിട്ടു് ദക്ഷിണദിക്കിലേക്കു പുറപ്പെടാനായി, ഉത്സാഹത്തോടുകൂടി അദ്ദേഹം ശരീരത്തെ വലുതാക്കി. ഇവിടെ വായുവിനെ രണ്ടു പ്രാവശ്യം വന്ദിച്ചിരിക്കുന്നു. തന്റെ പിതാവാണെന്നുള്ള കാരണത്താൽ മാത്രം അപ്രകാരം ചെയ്തതാണെന്നു തോന്നുന്നില്ല. അതിനു മറ്റൊരു കാരണംകൂടി കണ്ടുപിടിക്കാം എന്നു തോന്നുന്നു. ആദ്യത്തെ വന്ദനം പോകുന്ന വിഷയത്തിൽ ബുദ്ധിയെ പ്രവേശിപ്പിച്ചപ്പോഴും, രണ്ടാമത്തെ വന്ദനം ഗമനവിഷയത്തിൽ വേണ്ട കാൎയ്യങ്ങളെല്ലാം—തന്റെ ഗതിവേഗത്തെ ബാധിക്കാനിടയുള്ള ഭൂമിയുടെ അക്ഷഭ്രമണശക്തി മുതലായ കാൎയ്യങ്ങളെല്ലാം—ആലോചിച്ചറിഞ്ഞു്, ആ വിഷയത്തിൽ ശരീരത്തെ പ്രവേശിപ്പിച്ചപ്പോഴും ആയിരിക്കണം. അദ്ദേഹം കിഴക്കോട്ടു തിരിഞ്ഞതുതന്നെയാണു് ഗമനവിഷയത്തിൽ ശരീരംകൊണ്ടു ചെയ്ത പ്രഥമപ്രവൃത്തിയെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. പിന്നീടു ചാടും മുമ്പായി ഹനുമാൻ ആ നില വിട്ടുമാറിയതായി പറഞ്ഞുകാണുന്നില്ല. ആ നിലയിൽതന്നെ കൈയും കാലും കൊണ്ടു് പാദഭൂമിയെ ഒന്നുകൂടി ഇടിച്ചുറപ്പിച്ചുകൊണ്ടു് വാലിളക്കി ശ്വാസം പിടിച്ചു്—

"ദുധുവെസചരൊമാണിചകമ്പെചാചലൊപമഃ

....

"ആനുപൂൎവ്വ്യണവൃത്തഞ്ചലാംഗൂലംരൊമഭിശ്ചിതം
"ഉല്പതിഷ്യൻവിചിക്ഷെപപക്ഷിരാജഇവൊരഗം॥

....

"ബാഹൂസംസ്ഥംഭയാമാസമഹാപരിഘസന്നിഭൌ
"സസാദകപികട്യാംചചരണൌസംചുകൊചച॥
"സംഹൃത്യചഭുജൌശ്രീമാൻസ്തഥൈവചശിരൊധരാൻ

....

“മാർഗ്ഗമാലോകയൻദൂരാദൂർദ്ധ്വംപ്രണിഹിതേക്ഷണഃ

....

“പദ്ഭ്യാംദൃഢമവസ്ഥാനംകൃത്വാസകപികുഞ്ജരഃ

“നികുഞ്ച്യകർണ്ണൗഹനുമാനുല്പതിഷ്യൻമഹാബലഃ

“വാനരാൻവാനരശ്രേഷ്ഠഇദംവചനമബ്രവീൽ.

....

“ഉല്പപാതാഥവേഗേന........................

ശരീരത്തിലെ രോമമാസകലം ഒന്നു കുടഞ്ഞു പർവ്വതാകാരനായി കുലുങ്ങി രോമസമൃദ്ധിയോടുകൂടിയ വാലിനെ കടമുതൽ ക്രമേണ മേല്പോട്ടുയർത്തി ഗരുഡൻ സർപ്പത്തെയെന്നപോലെ ഇളക്കി വീശിയിട്ട് മഹാപരിഘസമങ്ങളായ ബാഹുക്കളെ സ്തബ്ധങ്ങളായി മടക്കിപ്പിടിച്ച് കടിപ്രദേശത്തെ ചുരുക്കി പാദങ്ങളെ കുറുക്കി കഴുത്തിടുക്കി ബഹുദൂരത്തിൽ ഉറപ്പിച്ച ദൃഷ്ടികളെ മേല്പോട്ടുയർത്തിക്കൊണ്ട് ചെവികളെ ചുളുക്കി തൻെറ നിശ്ചയത്തെ വാനരങ്ങളോടു വിളിച്ചുപറകയും കാലുറപ്പിച്ചു കുതിക്കയും മാത്രമാണ് പിന്നീടുണ്ടായതു്. അതിനാൽ വായുവിനെ വന്ദിക്കാൻ—നാലുപാടും മേലും കീഴും ചുററിയിരിക്കുന്ന വായുവിനെ വന്ദിക്കാൻ—അദ്ദേഹം കിഴക്കോട്ടുതന്നെ തിരിഞ്ഞതു് യാത്രയ്ക്കു അവശ്യകരണീയമായ ഒരു ചടങ്ങുതന്നെയാണ്. ആയതു ഗമനവിഷയത്തിൽ ബുദ്ധിയെ പൂർണ്ണമായി പ്രവേശിപ്പിച്ചപ്പോൾ, വിദ്വാനായ ഹനുമാനുണ്ടായ ആലോചനയുടെ ഫലമല്ലാതെ മറെറാന്നുമല്ല. കാവ്യമെഴുതുന്ന വാല്മീകിമുനിയ്ക്കു്, കച്ചവടക്കാററിനേയും സമുദ്രപ്രവാഹങ്ങളേയും നിയന്ത്രിക്കുന്ന, അക്ഷഭ്രമണശക്തിയെയും മററും അവിടെ വർണ്ണിക്കേണ്ട ചുമതലയില്ലായ്കയാൽ, ദക്ഷിണദിക്കിലേക്കു് പോകാനായി അദ്ദേഹം കിഴക്കോട്ടു തിരിഞ്ഞു രണ്ടാമതും വായുവിനെ വന്ദിച്ച കാരണം എന്താണെന്നു വിചാരിക്കേണ്ട ചുമതല, ശാസ്ത്രജ്ഞനായ പുരാണവക്താവിനു വിട്ടുകൊടുക്കപ്പെട്ടതായി തോന്നുന്നു. കിഴക്കോട്ടു അൽപ്പം തിരിഞ്ഞുചാടിയാലല്ലാതെ ഹനുമാൻ മദ്ധ്യരേഖയോടടുക്കുമ്പോൾ വഴി വിട്ടു

പടിഞ്ഞാട്ടുമാറിപ്പോകാതിരിക്കാൻ സാധിക്കയില്ല. അതിനാൽ അദ്ദേഹം അപ്രകാരംതന്നെ ചെയ്തിരിക്കണം.

൯. ഹനുമാൻെറ വിശ്വരൂപചിത്രം.

പ്രകൃതിമാതാവിൻെറ ദുർഗ്രഹങ്ങളായ രഹസ്യങ്ങളിൽ ഒന്നു്, ആ മാതാവു് തൻെറ വിശിഷ്ടസന്താനങ്ങളിൽ ചിലരുടെ ലോകോത്തരവിശിഷ്ടങ്ങളായ കർമ്മങ്ങളെ തൻെറ വക്ഷസ്ഥിതമായ നിത്യകുറിപ്പുപുസ്തകത്തിൽ വററാത്ത മഷികൊണ്ടു് ഏതു വിധത്തിലോ രേഖപ്പെടുത്തി വയ്ക്കുന്നുണ്ടെന്നുള്ളതാകുന്നു. സുരസയുടെ ഭൂപടചിത്രംപോലെ പ്ളവനോദ്യതനായ ഹനുമാൻെറ ഒരു ഭൂപടചിത്രവും കണ്ടുപിടിക്കാൻ നമുക്കു് ഔത്സുക്യം തോന്നുന്നു. മഹേന്ദ്രഗിരിപ്രാന്തങ്ങളിൽ ഒരു പരിശോധന നടത്താൻ പാടില്ലായ്കയില്ല.

കാവേരീമുഖം മുതൽ കന്യാകുമാരിവരെയുള്ള പൂർവ്വതീരത്തെ നല്ലവണ്ണം സൂക്ഷിക്കുക. ആ പ്രദേശംകൊണ്ടുതന്നെ ഉഡ്ഡീഷ്ഠരീതിയിലുള്ള ഒരു ആഞ്ജനേയരൂപത്തെ ഭൂപ്രകൃതി പ്രദർശിപ്പിക്കുന്നുണ്ടെന്നു നമുക്കു കാണാം. (൨-ാംനമ്പർ പടം നോക്കുക) കൊള്ളഡത്തിൻെറ മുഖം മുതൽ കാലിമർകോടി (Pt. Calimer)വരെയുള്ള കാവേരിയുടെ ത്രികോണഭൂമികൊണ്ടു് നിർമ്മിതമായ മാരുതിയുടെ മുഖത്തിൽ നാസാഗ്രം ആ കോടി തന്നെ ആയിരിക്കും. നാഗപട്ടണത്തിനു തെക്കു് വലംഗിമൻ (Valangiman) എന്ന സ്ഥലത്തു സമുദ്രത്തിൽ ചേരുന്ന കാവേരിയുടെ ശാഖയ്ക്കുള്ള കൃത്യമായ വളവുകൊണ്ടു് നേത്രവും തെക്കോട്ടൊഴുകി മുത്താപ്പെട്ടയിൽ (Mutapet) കൂടി സമുദ്രസംഗമം ചെയ്യുന്ന ശാഖയ്ക്കു കൃത്യമായി അവിടെയുള്ള വളവുകൊണ്ടു് പുറത്തു കാണുന്ന ദംഷ്ട്രയും കൂടി വ്യഞ്ജിതമായിരിക്കുന്നു. കൊള്ളഡംവഴി മേല്പോട്ടു കാവേരിയെത്തുടന്നു് പടിഞ്ഞാട്ടുചെല്ലുന്ന രേഖ, അമരാവതിയുമായി സംഗമിക്കുന്ന സ്ഥലം മുതൽ തെക്കോട്ടു തിരിഞ്ഞു്, നദീതടങ്ങളേയും പർവതതടങ്ങളെയും തുടന്നു്, കന്യാകുമാരിയിൽ ചെന്നെത്തുന്നതുവരെയുള്ള ഭാഗംകൊണ്ടു്, കുറുക്കിപ്പിടിച്ച കൈയുടെ തോൾമുതൽ ഹനുമാൻെറ

പാദാഗ്രം വരെയുള്ള ഛായയെ, ഒരുവിധം ഭംഗിയായി വിശദീകരിക്കുന്നുണ്ടു്. ചാടിത്തുടങ്ങിയ നിമിഷത്തിൽ നിലംവിട്ടു മേൽപോട്ടുയൎന്നു തുടങ്ങിയ പാദത്തിന്റെ അഗ്രങ്ങൾ മാത്രമെ ഭൂസ്പൎശം ചെയ്യുകാണുന്നുള്ളു. മേല്പോട്ടുയൎത്തി മടക്കിയ കൈകളിൽ വലത്തെ കൈപ്പടം എവിടെയാണെന്നു കാണിക്കാൻ ഡിംഡിഗൽ മുതൽ പുതുക്കോട്ട വരെ കിഴക്കോട്ടും ത്രിച്ചിനാപ്പിള്ളിവരെ വടക്കുകിഴക്കോട്ടുംവ്യാപിച്ചിരിക്കുന്ന ൩൦൦—൩൫൦൦ അടി പൊക്കമുള്ള പഴനിമലയുടെ പൂൎവ്വശാഖ ധാരാളം മതിയാകുന്നതാണു്. ഇടത്തേ കൈപ്പടം മറുവശത്താകയാൽ, സമുദ്രത്തിൽ താണുപോയിട്ടും "രാമനാഡ്" മുനമ്പും രാമേശ്വരം ദ്വീപും കൊണ്ടു്, പെരുവിരലും ചൂണ്ടുവിരലും സ്ഥാനനിൎദ്ദിഷ്ടങ്ങൾ ആയിരിക്കുന്നു. അമരാവതി നദിയെ തുടൎന്നു് മുകളിലേക്കു്-പടിഞ്ഞാറു്, തെക്കോട്ടു വളഞ്ഞു് തെക്കുപടിഞ്ഞാറു ചെന്നു്, പഴനിമലയിൽ കൂടി സഹ്യാദ്രിയിൽ ചെല്ലുന്ന രേഖ, രോമശമായ വാലിന്റെ "ആനുപൂൎവ്വ്യേണവൃത്ത"മായ ആ ആകൃതിയെ പ്രസ്പഷ്ടമാക്കിത്തീൎക്കുന്നു.

ഈ വിധത്തിൽ രാമായണവൎണ്ണനയ്ക്കനുരൂപമായ ഹനൂമാന്റെ ഒരു രൂപം അവിടെ കാണുമാറുള്ളു. കാരണം എന്തുതന്നെയായാലും, അതു കിഴക്കോട്ടുതന്നെ വേണ്ടുവോളം തിരിഞ്ഞിരിക്കയാണെന്നു പ്രത്യക്ഷമായിരിക്കുന്നു.

൮. പ്ലവനപന്ഥാ.

മേൽ വിവരിച്ച കാരണത്താലും ഹനുമാൻ കിഴക്കോട്ടു തിരിഞ്ഞു ചാടിയതായി വിശ്വസിക്കാവുന്നതാണു്. അതിനാൽ ഹനുമാൻ മദ്ധ്യരേഖയിലെത്തുമ്പോൾ അക്ഷഭ്രമണചലനത്താൽ വഴിവിട്ടു പടിഞ്ഞാട്ടു നീങ്ങിപ്പോയേക്കും എന്നു് ശങ്കിക്കാനില്ല. ആരംഭത്തിൽ കിഴക്കോട്ടുണ്ടായിരുന്ന ചായ്‌വിനു് അൽപ്പം കുറവു വന്നുപോയിരിക്കാം. സുമാത്രയ്ക്കു പടിഞ്ഞാറു വച്ചു് അദ്ദേഹം മദ്ധ്യരേഖയിൽ എത്തിയതായി വിചാരിക്കാം. അവിടുന്നും കിഴക്കോട്ടേയ്ക്കുള്ള വ്യതിയാനം പ്രബലതരമായിത്തീരുകയാൽ പടത്തിൽ അടയാളപ്പെടുത്തിയിട്ടുള്ള രേഖയേത്തുടൎന്നു്

അദ്ദേഹം കൃത്യമായി സുരസാവക്ത്രത്തിൽ തന്നെ ചെന്നുചേ ന്നിരിക്കണം. ഇപ്രകാരം ആസ്സ്രേലിയയുടെ വടക്കപടിഞ്ഞാറെ അഗ്രത്തുകൂടി പ്രവേശിച്ച് തെക്കകിഴക്കേ മൂലയിൽകൂടി നിർഗ്ഗ മിക്കമ്പോൾ സുരാവക്ത്രത്തിൽ പ്രവേശിച്ചു പുറത്തേക്ക കട ന്നതായി ഒരു മഹാകവിക്കം ഒരു പരമാത്ഥചരിത്രകത്താവിനം വർണ്ണിക്കാൻ വകയുണ്ട്. ഭാരതഭൂമി ഭാരതീയക്ക് മാതാവാകു ന്നതുപോലെ നാഗദ്വീപ് നാഗവർഗ്ഗങ്ങൾക്കം മാതാവായിരി ക്കന്നതാണെല്ലോ. ആസ്സ്രേലിയായുടെ വടക്കഭാഗത്തെ കടലി ടുക്കിൽകൂടി കിഴക്കോട്ടുചെന്ന കാർപ്പന്റെറിയൻ ഉൾക്കടലിൽ കൂടിയാണ് പ്രയാണം ചെയ്തിരുന്നതെങ്കിൽ അദ്ദേഹം സുരസ യുടെ വക്ത്രത്തിൽകൂടി പ്രവേശിച്ച് കർണ്ണദ്വാരത്തിൽ കൂടി പുറത്തുവന്നതായും പറയാവുന്നയാണ്. എന്നാൽ അപ്രകാരം ഒരു കിംവദന്തിയുള്ളതല്ലാതെ രാമായണം ആദ്ധ്യാത്മികത്തിലും വാത്മീകീയത്തിലും അങ്ങിനെ പറഞ്ഞു കാണുന്നില്ല. ഒരു പക്ഷേ രാവണവധം കഴിഞ്ഞു ലങ്കാദ്വീപിലേക്ക കപ്പലോടി ച്ചിട്ടുള്ള ഭാരതീയ'മാലുമി'കളുടെ നാവികപന്ഥാ അതിലേക്കൂടി ആയതിനാലായിരിക്കാം, ഹനുമൽ പന്ഥാവും ഇതിലേക്കൂടി ആയിരിക്കണം എന്നു ജനസാമാന്യം ഊഹിക്കാൻ ഇടയായത്. രാമായണകാലം കഴിഞ്ഞു വളരെക്കാലം അവശേഷിച്ചു കിട ന്നിരിക്കാവുന്ന രാമസേതു ആ വഴിക്കുതന്നെ ആകയാൽ, അതു കണ്ടും ഹനുമൽപാത അതിലേയായിരിക്കണമെന്നു ജനസാമാ ന്യത്തിന് ഊഹമുളവാകാം. അതിദൂരസ്ഥമായ ലങ്കാദ്വീപിലേ ക്ക് (തെക്കേ അമേരിക്കയ്ക്കു) കപ്പലോടിക്കാൻ അന്നത്തെ നാവികന്മാക്ക സാധിച്ചതു തന്നെ ഈ സേതുവിന്റെ ലക്ഷ്യം നോക്കീട്ടായിരിക്കണം. എന്നാൽ ഹനുമാന്റെ പ്ളവനപ ന്ഥാ വടക്കപടിഞ്ഞാറുനിന്നും തെക്കകിഴക്കോട്ടായി കാണി ച്ചിട്ടുള്ള പടത്തിലെ ആ രേഖ അനുസരിച്ചുതന്നെയായിരിക്ക ണം. ഹനുമാനെ മാർഗ്ഗനിരോധനം ചെയ്തതു് ഒരു പക്ഷേ നാഗഭൂമിയുടെ അധിഷ്ഠാനദേവതയായ സുരസാദേവി തന്നെ ആയിരിക്കാം. ഏതായാലും ഹനുമാൻ പടിഞ്ഞാട്ടു തിരിഞ്ഞു ചാടിയിരുന്നാൽ ഈ വൈഷമ്യം ഒന്നും കൂടാതെ കഴിക്കാമാ

യിരുന്നു എന്നു് ഒരുശങ്കയ്ക്കവകാശമുണ്ടു്. പശ്ചിമാഭിമുഖമായി പോയാലും ലങ്കയിൽ എത്താം. വഴിയ്ക്കു് ഒരല്പം കുറവുവരികയില്ലയോ എന്നും നിരൂപിക്കാനുണ്ടു്. എന്നാൽ ഇത്രവലിയ ശരീരത്തോടുകൂടി പോകുന്നവഴിക്കു്, ആഫ്രിക്കയെ തരണം ചെയ്യേണ്ടതുകൂടാതെ തെക്കേ അമേരിക്കയേയും, തെക്കു കിഴക്കേ അററത്തുനിന്നും വടക്കുപടിഞ്ഞാറെ മറുകരയോളം നടുവേ വിലങ്ങേണ്ടിവരുന്നു. ഇതു് ആ പ്രദേശങ്ങളിൽ താമസമുള്ള രാക്ഷസന്മാരുടെ ശ്രദ്ധയെ ആകർഷിക്കയും, തന്നിമിത്തം ആ മഹോദ്യമത്തിന്റെ ആരംഭത്തിൽതന്നെ അനാവശ്യമായി ശത്രുബാധയ്ക്കു് ഇടംകൊടുക്കുകയും ചെയ്യുന്നതായിവരാം. കൂടാതെ പൂർവദിക്കിൽ കിടക്കുന്ന ഈ ദക്ഷിണദ്വീപങ്ങൾ ആരും പരിശോധിക്കാതെ കിടന്നുപോകയും ചെയ്യുന്നതാണെല്ലോ. അതിനാലും അദ്ദേഹം സ്വീകരിച്ചമാർഗ്ഗം ഇതുതന്നെ ആയിരിക്കണമെന്നു സിദ്ധിക്കുന്നു.

൯. മയൂരഗത്തങ്ങൾ.

വീണ്ടും ഭൂപടത്തിലെ ചില ഗത്തങ്ങളെ പരിശോധിച്ചുനോക്കാം. ദാക്ഷായണിയുടെ കിരീടമായി കല്പിച്ച സമുദ്രഭാഗത്തിൽ അതിന്റെ വടക്കുഭാഗത്തെ അതിരു പിടിച്ചുകിടക്കുന്ന ഒരു ദീർഘഗത്തത്തെ നിരീക്ഷിക്കുക. കിഴക്കുപടിഞ്ഞാറു ൩൦൦൦ മൈൽ നീളം വരാവുന്ന ഈ ഗത്തത്തിനു് ൨൫൦൦ പുരുഷപ്രമാണത്തിലധികം താഴ്ചയുണ്ടു്. ഇതിന്റെ നീണ്ട ഗാത്രത്തിൽനിന്നും തെക്കോട്ടു നീണ്ടുപോയിരിക്കുന്ന ഒരു ശാഖയേയും, അതിന്റെ അഗ്രത്തിൽനിന്നും പടിഞ്ഞാട്ടു പക്ഷിച്ചുണ്ടുപോലെ നീണ്ടുനില്ക്കുന്ന ഒരു മുനപ്പിനെയും, നേരെ മുകളിലായി തെക്കുകിഴക്കോട്ടു് ശിഖപോലെ അടുത്തു ചേർന്നു കിടക്കുന്ന ഒരു പുച്ഛത്തേയും നോക്കിക്കാണാവുന്നതാണു്. ചുണ്ടും ശിഖയും ഇണങ്ങിച്ചേർന്ന ഈ ദക്ഷിണശാഖയ്ക്കു് ഒരു മയൂരശിരസ്സിനോടു നല്ല സാദൃശ്യം കാണുന്നു. അതുപോലെ ഉത്തരഭാഗത്തിലെ ദീർഘഗത്തത്തിനു് ആ ശിരസ്സിനെ വഹിക്കുന്ന ഒരു മയൂരഗാത്രത്തോടും അസാമാന്യമായ സാദൃശ്യം വന്നു

കൂട്ടുന്നു. ആകപ്പാടെ, പടിഞ്ഞാട്ടു തിരിച്ചു വാലും കിഴക്കോട്ടു നിവൎത്തിയ ഒരു ചിറകുമായി, വടക്കുപടിഞ്ഞാറൻ കാററത്തു് അടിഞ്ഞു് തെക്കുകിഴക്കോട്ടു പാഞ്ഞു പോകുന്ന ഒരു മയൂരത്തിന്റെ രൂപം അപ്രതിഷേധ്യമായി അതിൽ പ്രതിബിംബിച്ചു കാണുന്നു. (ഭൂപ്രകൃതിവിഭാഗങ്ങൾക്കു് ഏതാദൃശമായ രൂപകല്പനകൾ ചെയ്യുന്നതുകൊണ്ടു്, പുരാണകല്പനകളെ ഗ്രഹിക്കാവുന്നതു കൂടാതെ, അവയുടെ ആകൃതിയേ വ്യക്തമായി ഓൎമ്മിക്കാനുംകൂടി ഇതു് ഉപകരിക്കുമെന്നു് ഓൎമ്മിക്കാനുള്ളതാണു്.) ഇപ്പോൾ നമുക്കു് ഇടത്തുവശത്തെ ചിറകും അതിലെ തൂലികാഗ്രങ്ങളുംകൂടി മനോധൎമ്മത്താൽ ഉന്നയിക്കാം. ആ ചിറകിനു എന്തോ അസ്വാധീനത പററിട്ടുണ്ടെന്നും അതിനാൽ അതു് തളൎന്നു് പീലികളോടുകൂടി ചേൎന്നു കിടക്കുകയാണെന്നും, അതുനിമിത്തമാണു് അതു കാററത്തടിഞ്ഞുപോകാൻ ഇടയായതെന്നുംകൂടി ഊഹിക്കാൻ വഴികാണുന്നു.

കഥാബന്ധമില്ലാത്ത ഈ മയൂരരൂപത്തിനു യോജിപ്പായി മററു വല്ലതും കൂടി കാണ്മാനുണ്ടോ എന്നു പരിശോധിക്കാം. ഭൂപടം തിരിച്ചു പിടിച്ചു് (൩-ാംനമ്പർ പടം) ഉത്തരഭാഗം മുകളിലാകത്തക്കവണ്ണം, ആസ്ത്രേലിയയുടെ തെക്കു വശത്തുള്ള വലിയ ഗൎത്തത്തെ നിരീക്ഷിക്കുക. വടക്കോട്ടു തലയുയൎത്തി കിഴക്കോട്ടു തിരിഞ്ഞു്, പടിഞ്ഞാട്ടു വാലും പീലികളും നീട്ടി യുയൎത്തി, നിവൎന്നുനില്ക്കുന്ന ദുഷ്ടപുഷ്ടമായ ഒരു മയൂരത്തിന്റെ ചിത്രം തന്നെ, ഇതിലും പ്രത്യക്ഷമായി കാണുന്നു. അഴകായി കുറുക്കി ചൊടിയായി ഉയൎത്തിയ കഴുത്തിൽ നിന്നുയൎന്ന തലയിലെ വിപുലമായ ശിഖയും, കാഴ്ചക്കാരുടെ നേൎക്കു് അല്പം തിരിഞ്ഞിരിക്കയാലായിരിക്കാം, നീളം കുറഞ്ഞ ചുണ്ടും സൂക്ഷിക്കുക. ഈ ഗൎത്തത്തിന്റെയും താഴ്ച വ.൫൦൦ പു: പ്ര: ത്തിൽ കൂടുതലുണ്ടു്. ഗാത്രദൈൎഘ്യവും ഒട്ടു ശരിയായിരിക്കും. ഒരു പക്ഷേ പൂൎവ്വഗൎത്തത്തിൽ പരവശനായി കാണപ്പെട്ട അതേ മയൂരത്തിന്റെ തന്നെ ആരോഗ്യപൂൎണ്ണമായ ഛായയല്ലയോ ഇതിൽ പ്രതിബിംബിക്കുന്നതെന്നു ബലമായി സംശയിക്കാവു

ന്നതാണു്. ഇത്രമാത്രം ഓജസ്സേട്ടക്കാൻ വല്ല കാരണവും ഉണ്ടോ എന്നുകൂടി ചിന്തിക്കാൻ കൌതുകം തോന്നുന്നു. മെഴുകിൽ വിരലടയാളം പതിച്ചെടുക്കുന്നതുപോലെ, ആഴിയുടെ അടിത്തട്ടിൽ ഇത്രകൃത്യമായി ഒരേ വലിപ്പത്തിൽ രണ്ടു ഗർത്തങ്ങൾ വന്നുകൂടിയതു്, ഒരേ മയൂരത്തിന്റെ രണ്ടു നിലയിൽ എടുത്ത ശരീരമുദ്രകൾ ആയി പ്രതിഭാനം ചെയ്യുന്നു. ഇതു പ്രകൃതിശക്തികളുടെ നിരുദ്ദേശ്യവും നിരർത്ഥകവുമായ പ്രവൃത്തിഫലമാണെന്നു തോന്നുന്നില്ല. അപ്രകാരം തർക്കിക്കുന്നവരോടു വാത്മീകി മഹർഷി പറയുന്നതെന്താണെന്നറിയിക്കാം.

൧൦. മൈനാകകഥ.

൨൫൦൦ പു. പ്ര. എന്നതു് ൧൫൦൦൦ ജാതിഅടിയാകുന്നു. ഇപ്രകാരമുള്ള ഒരു ഗർത്തത്തെ നിറയ്ക്കാനുള്ള സാധനം പത്തു മൂവ്വായിരം മൈയിൽ നീളവും ൧൫൦൦൦ അടിയിൽ കുറയാത്ത പൊക്കവും ഉള്ള ഒന്നായിരിക്കണം. ആയതു ഒരു ഗാത്രമായി ഒന്നിച്ചു ചേർന്നിരിക്കുമ്പോൾ ഒരു മഹാപർവ്വതമല്ലാതെ മറെറാന്നുമല്ല. അത്തരം പർവ്വതങ്ങൾക്കു് തദ്രൂപത്തിലുള്ള ഗർത്തങ്ങളെ നിർമ്മിക്കാൻ സാധ്യമാണു്. അതിനാൽ ഈ ഗർത്തങ്ങൾ അപ്രകാരമുള്ള ഒരു പർവ്വതത്താൽ നിർമ്മിക്കപ്പെട്ടതായിരിക്കാൻ പാടില്ലായ്കയില്ല. പറന്നുനടക്കത്തക്ക പർവ്വതങ്ങൾ സൃഷ്ടിയുടെ ആരംഭകാലത്തിൽ ഉണ്ടായിരുന്നതായി പുരാണങ്ങളിൽ കാണുന്നു. അപ്പോൾ അവ സാമാന്യമായി പക്ഷിരൂപത്തിലുള്ളവയായിരിക്കാം. അവയിൽ ഒന്നായ മൈനാകം ഇന്ദ്രന്റെ വജ്രായുധത്തെ ഭയന്നു് പരവശപ്പെട്ടു പായുമ്പോൾ കാററിന്റെ സഹായത്താൽ കടലിൽ ചെന്നു വീണതായി മററു പുരാണകൃതികളിൽ കാണുന്നതുപോലെ രാമായത്തിലും പ്രസ്താവിച്ചിരിക്കുന്നു. ആ കടൽ ഇതാണെന്നു വിചാരിച്ചാൽ കഥയെല്ലാം ശരിയായില്ലേ? ഋഷിവാക്യം കളവാണെന്നു സമർത്ഥിക്കേണ്ട ഭാരവും ഇല്ലല്ലൊ. മൈനാകശബ്ദത്തിനു മയൂരശബ്ദത്തോടുള്ള സാദൃശ്യവും വിസ്മരിക്കാവുന്നതല്ല. പ്രകൃതിദത്തങ്ങളായി അപ്രതിഷേധ്യങ്ങളായിരിക്കുന്ന

ഈ തെളിവുകളെ അന്യഥാകരിക്കാനും പ്രകൃതത്തിലേക്കുപ യോഗിച്ചുകൂടെന്നു ശഠിക്കാനും ആക്കും അവകാശമില്ല. ഉത്തര ഗൎത്തത്തിലെ മയൂരാകൃതിയെ വീണ്ടും നിരീക്ഷിക്കുക. അതി ലെ ഒരു ചിറക് വിരിച്ചു ബലമായി കിഴക്കോട്ടേയ്ക്കു് ആയം പിടിച്ചു വീശിയും, മറെറാന്നു തളൻ് വാലോടുകൂടി അടിഞ്ഞും, പീലികൾ എല്ലാം പ്രാകൃതപ്പെട്ട് ചിതറിയും കാററത്തടിഞ്ഞു വരുന്നതുപോലെ തന്നെ കാണ്മാനുള്ള കാരണം, ഈ കഥ യായിരിക്കണം എന്നു മൌനമായും എന്നാൽ ഉച്ചൈസ്തമ മായും, ആ രൂപംതന്നെ വിളിച്ചുപറയുന്നില്ലയോ? മൈനാകം വന്നുവീണപ്പോൾ അവിടം കുഴിഞ്ഞുപോയതിനാലോ, അ ഥവാ വളരെക്കാലം ആ കിടപ്പിൽതന്നെ കിടന്നു ക്ഷീണം തീൎത്തപ്പോൾ, ജലത്തിലടിഞ്ഞു് വരുന്ന മൃദംശങ്ങൾ നാലു പാടും മീതെയും വീണു മൂടി, കാലാന്തരത്തിൽ ക്ഷീണം മാറി അംഗഭംഗം ശരിപ്പെട്ട്, ആരോഗ്യപൂൎത്തിയായി മൈനാകം അവിടം വിട്ടു പോയപ്പോൾ അവശേഷിച്ച തടം ആയതി നാലോ, ഏതുവിധത്തിലായാലും ശരിതന്നെ. ഒരുപക്ഷേ രണ്ടാമതു പറഞ്ഞവിധത്തിൽതന്നെ സംഭവിച്ചതായിരിക്കണം. ആദ്യം വന്നു വീണ സ്ഥാനത്തിൽ അനവധികാലം കിടന്നു് ക്ഷീണം തീൎത്തിട്ട് ചെന്നുകൂടിയ സ്ഥലത്തായിരിക്കണം, ആ സ്ത്രേലിയയുടെ തെക്കുഭാഗത്തുള്ള ഗൎത്തം ദൃശ്യമാകുന്നതു്. ഈ ഗൎത്തത്തിൻെറ ചരിത്രം വിശദപ്പെടുംമുമ്പായി ഇതിനെ ഒഴി ച്ചിട്ടിട്ടു പുറപ്പെട്ടുപോയ മൈനാകപൎവ്വതത്തെക്കൂടി കണ്ടുപി ടിക്കാൻ ശ്രമിക്കേണ്ടതാണു്. അതു സാധിച്ചാലെ തെളിവു പൂൎത്തിയാകയുള്ളു.

൧൧. മൈനാകപൎവ്വതം.

കാണ്മാനില്ലാത്ത മൈനാകത്തെ കണ്ടുപിടിക്കാനുള്ള ഉ പായം ഒടുവിൽ വിശ്രമിച്ച സ്ഥലത്തിലെ ലക്ഷ്യംകൊണ്ടറി യേണ്ടതാണല്ലോ. ഈ ദക്ഷിണഗൎത്തത്തിലെ മയൂരം കിഴ ക്കോട്ടു യാത്ര തിരിച്ചിരിക്കുന്ന ഭാവമാണു് പ്രത്യക്ഷമായികാണു

പടം നമ്പർ ൪.

൨൦-ാം പുറം നോക്കുക. മൈനാകപർവ്വതം.

പടം നമ്പർ ൮. ൨൩–ാംപുറം നോക്കുക.



മൈനാകമനുഷ്യൻ. അതുതന്നെ ഹനുമച്ചിത്ര ൪ംയും പരിണമിക്കുന്നതു കാൺക.

പടം നമ്പർ ൩.

൩൪–ാംപുറം നോക്കുക ഛായാഗ്രഹണി.

ഹനുമാന്റെ നിഴലിനേയും നിഴലിന്റെ ഇടത്തേ കൈയിൽനിന്നും പുറപ്പെട്ടിട്ടുള്ള പ്രഹരാഭ്യുതനായ ഹനുമാന്റെ ഒരു ചിത്രത്തേയും സൂക്ഷിക്കുക. ആ കൈയ്ക്കു് വലിപ്പക്കൂടുതൽ തോന്നിയതു് ഈ രൂപവും ചേൎന്നിരിക്കയാലാണു്.

ന്നതു്. അതിനാൽ ആ ചൊവ്വിനു് അന്വേഷിക്കേണ്ടതാണു്. അധികദൂരം ചെല്ലുംമുമ്പായി അടുത്തുതന്നെ കാണുന്ന ന്യൂസീലൻഡുദ്വീപിന്റെ പ്രകൃതിസിദ്ധമായ രൂപത്തെ നിരീക്ഷിക്കുക. (൪-ാം നമ്പർ പടം നോക്കുക.) ആ ദ്വീപദ്വയങ്ങളെ ഒന്നായി ചേൎത്തുകൊണ്ടു് പടിഞ്ഞാറു ഭാഗത്തു പത്തുനാല്പതുമൈലോളം വിസ്താരത്തിൽ തെക്കുവടക്കു നെടുനീളമായി വ്യാപിച്ചു കിടക്കുന്ന ജലാന്തർഗ്ഗതഭൂവിഭാഗത്തെയും, വടക്കും വടക്കുകിഴക്കും പത്തുനൂറുമൈൽ ഓളം വിസ്താരത്തിൽ വ്യാപിച്ചിരിക്കുന്ന ജലമഗ്നഭൂവിഭാഗത്തെയും കൂട്ടിച്ചേൎത്തു് വിരചിച്ചിട്ടുള്ള ഭൂവിഭാഗത്തെ നോക്കുക. പടിഞ്ഞാറുവശത്തെ ആഴിത്തട്ടിനു് ൫൦൦ പു. പ്രമാണത്തിലധികം താഴ്ചയില്ല. വടക്കും വടക്കുകിഴക്കും ഉള്ള കടൽത്തറയ്ക്കു് ൫൦൦൦ പു. പ്ര. ഓളം താഴ്ചവരാമെങ്കിലും അതിനപ്പുറമുള്ളതു് അതിലേറെ ആഴമുള്ള കടലാകയാൽ അത്രയും ഭാഗം വ്യക്തമായി വേർതിരിഞ്ഞു് ഒരു രൂപത്തെ പൂൎത്തീകരിക്കുന്നുണ്ടെന്നു കാണാം. ഇതും അനായാസേന ഒരു മയൂരപക്ഷിയേതന്നെ ദ്യോതിപ്പിക്കുന്നുണ്ടെന്നുള്ളതും വിശദമാണു്. അതിലേ സ്വദേശികളെ ഇന്നും "മായൂരികർ" (Mayores) എന്നു വിളിക്കുന്നതിന്റെ രഹസ്യം ആൎക്കും അറിഞ്ഞുകൂടെങ്കിലും നമുക്കു വിസ്മരിക്കാവുന്നതല്ല. ആ ദ്വീപിലെ മയൂരാകൃതി ലോകസമ്മതമായിരുന്ന ഒരു കാലത്തു്, അതിനെ "മയൂരദ്വീപു്" എന്നും അതിലെ ജനങ്ങളെ "മായൂരികർ"എന്നും വിളിച്ചിരുന്നതിന്റെലക്ഷ്യമായി ഇതിനെ വിശ്വസിക്കാൻ യുക്തിയുണ്ടു്. ആസ്ത്രേലിയായുടെ തെക്കുഭാഗത്തുള്ള ഗൎത്തത്തിൽ പതിഞ്ഞുകാണുന്ന 'മയൂരപർവ്വത'മൊ 'മൈനാകപർവ്വത'മൊ ഇതാണെന്നു വരരുതോ?

൧൨. വലിപ്പക്കുറവു്.

ന്യൂസിലൻഡിനാൽ പ്രതിബിംബിതമായ മയൂരരൂപത്തിനു് കഷ്ടിച്ചു് ഒരായിരംമൈൽ നീളമേ വരൂ. ശരീരവിസ്താരവും

അതിനടുത്തുമാത്രമെയുള്ളു. ജലനിരപ്പിൽനിന്നുള്ള പൊക്കവും കൂടുതലാണെന്നു പറവാനില്ല. അതിൽ ഏററവും ഉയൎന്ന കുക്ക്കൊടുമുടിയ്ക്കു് (Mt:Cook) ൧൨൦൦൦ അടിയേ കാണുന്നുള്ളു. കുറെഭാഗം വെള്ളത്തിൽ താണുപോയതായി സമ്മതിയ്ക്കാം. അതുകൊണ്ടൊന്നും അതിൻെറ നീളം മൂന്നിൽ ഒരംശമായി തീൎന്നതിനു സമാധാനമാകയില്ല. ഈ മയൂരത്തിനു് അംഗസൌഷ്ഠവവും ശരീരസംസ്കാരവും (development) കൂടുതലുണ്ടെന്നു വാദിക്കാം. ഇതിൻെറ ചിറകുകൾ "ചൊട്ടച്ചാൺവഴി വട്ടംമാത്രം കഷ്ടിച്ചിങ്ങിനെ പറക്കും കോഴി"യ്ക്കുള്ളതുപോലെ സാധാരണ മയൂരം കൊണ്ടുനടക്കുന്ന ജാതിയിലുള്ളതല്ല. പക്ഷിയുടെ ശരീരഭാരത്തെ വായുവിൽ വഹിക്കത്തക്ക വലിപ്പവും കരുത്തും ഉള്ളതായി അതിൻെറ എടുപ്പും ഭാവവുംകൊണ്ടു കാണുന്നു. വാലും സ്ത്രീകളുടെ കുന്തളഭരംപോലെ ഭംഗിയ്ക്കായി മാത്രം പിൻഭാഗത്തു ഞാന്നും കിടക്കാതെ, ശരീരത്തോടു യോജിച്ചു് വായുസഞ്ചാരത്തിൽ ചുക്കാൻ പിടിക്കത്തക്ക മൂപ്പു് വന്നു്, ചകോരപക്ഷിയ്ക്കു ചേരുന്നതായി തോന്നുന്നു. വൎണ്ണവും നീളവുമുള്ള വലിയ കൃമികൾ, രൂപാന്തരപ്രാപ്തിയിൽ പതംഗങ്ങളായി പരിണമിയ്ക്കുമ്പോൾ, വിളവുചെന്ന ശരീരം സൂചിവൎണ്ണമായി ശോഷിച്ചു പോകുന്ന ക്രമമനുസരിച്ചു്, മൈനാകത്തിൻെറ മയൂരശരീരത്തിനു് സംഭവിച്ചിട്ടുള്ള അംഗസംസ്കാരത്തിനു പകരം വന്നുകൂടിയ വലിപ്പക്കുറവാണെന്നുവാദിക്കാം. അപ്രകാരംതന്നെയായാലും ഇത്രമാത്രം കുറുകിപ്പോകാനുള്ള ഉൽകൃഷ്ടത അംഗസംസ്കാരത്തിനു സിദ്ധിച്ചിട്ടില്ല. അതിനാൽ മൈനാകപൎവ്വതത്തിൻെറ ബാക്കിയുള്ള ഭാഗം, വെള്ളത്തിനടിയിൽ തന്നെ മററു വല്ലെടത്തും, സൂക്ഷിച്ചിട്ടുണ്ടോ എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. ഉണ്ടെന്നുകണ്ടാൽ ഈ അഭിപ്രായം സ്ഥിരപ്പെട്ടുത്താവുന്നതാണു്.

"തിൎയ്യഗ്രൎദ്ധ്വമധശ്ചൈവശക്തിസ്തെശൈലവൎദ്ധിതും"

"അല്ലയോ! ശൈലവര! അങ്ങേയ്ക്കു് മേല്പോട്ടും കീഴ്പോ

ട്ടം നാലുവശങ്ങളിലേക്കും ഇഷ്ടംപോലെ വളരുവാൻ ശക്തിയുണ്ട്." എന്നിങ്ങനെ സമുദ്രരാജാവ് മൈനാകത്തോടു പറയുന്നു. അതിന്മണ്ണം ഹനുമാന്റെ വഴിയ്ക്ക് ഉയൎന്നു നില്ക്കാൻ ആവശ്യമുള്ളിടത്തോളം മാത്രമെ ജലത്തിനു മീതെ പ്രത്യക്ഷമായുള്ളു എന്നും, ബാക്കി കടലിനടിയിൽ ഉണ്ടെന്നും കൂടി ഊഹിക്കാൻ വല്ല വഴിയും കണ്ടാൽ, ഇതു ശരിയാണെന്നു സമ്മതിക്കാൻ വിരോധമില്ല.

൧൩. ന്യൂസീലൻഡിന്റെ സ്ഥാനവിശേഷം.

ന്യൂസിലൻഡിന്റെ സ്ഥാനം കൃത്യമായി ഹനുമൽപന്ഥാവിൽ ആണെന്നും, അതിൽ ഏററം കിളൎന്ന കൊടുമുടി ആകയാൽ മൈനാകം മനുഷ്യരൂപത്തിൽ നിന്നിരുന്നതായി വിചാരിക്കാനിടയുള്ള കുക്ക കൊടുമുടിയിൽ കൂടിയാണ് ആ പാത കടന്നുപോകുന്നതെന്നും, നിരീക്ഷിക്കേണ്ടതാണ്. ന്യൂസീലൻഡ് മഹേന്ദ്രഗിരിയിൽ നിന്നും ൯൦ തിയതി കിഴക്കുമാറിയാകയാൽ അതു ലങ്കാമാൎഗ്ഗത്തിന്റെ നടു മദ്ധ്യത്തിലാണെന്നും കാണാം. ഹനുമാന്റെ നിരാലംബമായ യാത്രയിൽ വിശ്രമത്തിന് ഏററവും യോജിച്ച സ്ഥാനം - ആ മാൎഗ്ഗം ദക്ഷിണധ്രുവത്തോടു ഏററവും അടുത്തിരിക്കുന്നതും-അവിടെയാണ്. തെക്കുകിഴക്കായി പുറപ്പെട്ട യാത്ര നേരെ കിഴക്കായി പരിണമിക്കുന്നതു്, അവിടെയാണെന്നും അതിനപ്പുറം വടക്കുകിഴക്കായിട്ടാണു പരിണമിക്കുന്നതെന്നും സൂക്ഷിക്കുക. അവിടം മുതൽ അദ്ദേഹം കിഴക്കോട്ടു ചെല്ലുന്തോറും മുൻപ്രസ്താവിച്ച അക്ഷഭ്രമണശക്തിയാൽ വടക്കുള്ള പ്രദേശങ്ങൾ (മദ്ധ്യരേഖയോടടുത്തു വരുന്ന പ്രദേശങ്ങൾ) ക്രമേണ വൎദ്ധിച്ചു വരുന്നവേഗത്തിൽ കിഴക്കോട്ടു ചരിക്കയും തന്നിമിത്തം ഹനുമാന്റെ ഗതിക്കു് പറവുന്ന പടിഞ്ഞാട്ടേയ്ക്കുള്ള ഇടിവ് ആ ഗതിക്ക് ആകപ്പാടെ ഉത്തരാഭിമുഖമായ ഒരു വക്രതയെ സ്വാഭാവികമായി ഉളവാക്കിത്തീൎക്കുകയും ചെയ്യുന്നു. ഹനുമാന്റെ ലക്ഷ്യവും അതനുസരിച്ചാകയാൽ ആ പാത, തെക്കുപടിഞ്ഞാറായി തിരിഞ്ഞുകിടക്കുന്ന

അമേരിക്കയുടെ പശ്ചിമതീരാഗ്രത്തിൽ, ശാന്തസമുദ്രത്തിൽ ഉൾക്കടലിന്റെ ഉത്തരതീരത്തിൽ ബാണംപോലെ കുറുക്കെ ചെന്നുചേരുന്നു. ഭാരതീയക്ക് ന്യൂസീലൻഡിനു കിഴക്കുള്ള പ്രദേശമെല്ലാം ഒരർദ്ധഗോളത്തിലും അതിനു പടിഞ്ഞാറുള്ളതെല്ലാം മറ്റൊരർദ്ധഗോളത്തിലും ആണെന്നു ഗണിക്കാവുന്നതാണ്.

൧൮. മൈനാകത്തിന്റെ അധിവാസസ്ഥലം.

"ത്വമിഹാസുരസംഘാനാംപാതാളതലവാസിനാം
ദേവരാജ്ഞാഗിരിശ്രേഷ്ഠപരിഘ:സ്സന്നിവേശിത:" എന്നും,

"പാതാളസ്യാപ്രമേയസ്യദ്വാരമാവൃത്യതിഷ്ഠസി" എന്നും സമുദ്രരാജാവു മൈനാകത്തോടു പറയുന്ന സംഗതി നിരൂപിച്ചു നോക്കാനുള്ളതാകുന്നു. "പാതാളവാസികളായ അസുരവർഗ്ഗങ്ങൾ ഇങ്ങോട്ടു കടന്നുകേറാതെ സൂക്ഷിക്കാൻ ദേവേന്ദ്രൻ അങ്ങയെ കോട്ടപോലെ സ്ഥാപിച്ചിരിക്കയാണ്" എന്നും, "ആരും കണ്ടറിഞ്ഞിട്ടില്ലാത്ത പാതാളത്തിന്റെ പ്രവേശദ്വാരത്തെ അങ്ങ് അടച്ചുകൊണ്ടിരിക്കുന്നു" എന്നും അദ്ദേഹം പറയുന്നു. നമ്മുടെ രാത്രികാലം അവക്കു സഞ്ചരിക്കാനുള്ള പകൽ ആകയാൽ രാത്രിഞ്ചരരായിത്തീന്ന രാക്ഷസ വർഗ്ഗങ്ങൾ, നമ്മുടെ കാലടിക്കു നേരേ കീഴിൽ ആകയാൽ * പാതാളതുല്യമായി ഗണിക്കപ്പെട്ടിട്ടുള്ള അമേരിക്കയിൽ നിന്നും, ഇങ്ങോട്ടുവരാനുള്ള വഴിമദ്ധ്യത്തിൽ കോട്ട കെട്ടിയതുപോലെയാണ് ന്യൂസീലൻഡ് സ്ഥിതിചെയ്യുന്നതു് എന്നുള്ളതും പരമാർത്ഥമത്രേ. ഇന്നത്തെ പരിഷ്കാരകാലത്തുപോലും തേക്കേ അമേരിക്കയിൽ നിന്നും ഇൻഡ്യയ്ക്കുവരുന്ന കപ്പൽപാതകൾ (പെനാമാ കപ്പൽപ്പാതയും ഹാറൻകോടിയിൽ നിന്നു വരുന്ന റയോഡിജനിറൊ കപ്പൽപാതയും) ഹനുമൽപന്ഥാവിനെ അനുകരിച്ചു് ന്യൂസീലൻഡിൽ കൂടിത്തന്നെയാണ് എന്നു് ഓർമ്മിക്കുമ്പോൾ മൈനാകത്തിന്റെ സ്ഥാനവിശേഷം ബോധ്യമാകുന്നതു കൂടാതെ

---

* പാദതലം.

ഹനുമാൻ സ്വീകരിച്ച വരിയുടെ സാധുത്വവും സ്പഷ്ടതരമായ്തീരുന്നു. എന്നാൽ, സാക്ഷാൽ പാതാളം ഇതല്ലെന്നും, ഭൂമിയ്ക്കകമേയുള്ള സമാന്തരങ്ങളായ ഗോളഫലകങ്ങൾ (Globular concentric crusts parellel to the outer crust) ആണെന്നും, പ്രമാണംകൊണ്ടു കാണുന്നതിനാൽ, അങ്ങോട്ടുള്ള പ്രവേശദ്വാരമായി ഗണിക്കപ്പെട്ടിരിക്കുന്ന ദക്ഷിണധ്രുവത്തെ ആവരണം ചെയ്തുകൊണ്ട് അകത്തുനിന്നും സാക്ഷാൽ അസുരന്മാരെ ഭൂപ്രദേശത്തിൽ കടത്തി വിടാതെ കാത്തുരക്ഷിക്കാനുള്ള ജോലിയാണ് ദേവേന്ദ്രൻ കല്പിച്ചതെന്നു് വിചാരിയ്ക്കുന്നപക്ഷം, ഇന്നത്തെ ഭൂപ്രകൃതിവിജ്ഞാനം അതിനും നമ്മെ അനുവദിക്കുന്നുണ്ട്. ദക്ഷിണധ്രുവത്തെ ചുററി ഇന്നും കുറെ ഭൂപ്രദേശമുണ്ട്. ധ്രുവത്തിൻെറ ഉഭയപാർശ്വങ്ങളിലും കൂടി അതിൻെറ ആത്യന്തികമായ നീളം ൨൭ തിയതി (ഗോളപരിധിയുടെ $\frac{1}{8}$ അംശം) ആകയാൽ ൩൦൦൦ മൈലിൽ അധികം വിസ്താരം അതിനുണ്ട്. അതു മുഴുവനുമൊ അതിൽ എത്രയെങ്കിലും ഭാഗമൊ മൈനാകപർവ്വതം ആയിരുന്നു എന്നൊ, ആയിരിക്കുന്നു എന്നൊ വിചാരിക്കാൻ വേണ്ടുവോളം ന്യായമുണ്ട്. വിശിഷ്യ ന്യൂസിലൻഡിനു നേരെ തെക്ക് ൬൮-ാമത്തെ രേഖാംശത്തിനു ചൊവ്വായി ആ ഭൂവിഭാഗത്തിന് ഒരു ഉടവുണ്ടായിട്ടുള്ളതും, ആ ഭാഗത്തിലെ സമുദ്രത്തിൻെറ അടിത്തട്ടു ൫൦൦ മുതൽ ൬൫൦൦ വരെ പൂ. പ്ര. മേല്പോട്ടുയൎന്നു ഒരു പക്ഷിത്തലപോലെ വടക്കോട്ടു പോയി ന്യൂസീലൻഡിനെയും മററു ചെറിയ ദ്വീപുകളെയും തലയിൽ എടുത്തിട്ടുള്ളതും, നോക്കുക. (൬-ാംനമ്പർ പടം) ഈ രൂപത്തിനും ഏതു വിധത്തിലോ ഒരു മയൂരശിരസ്സിനോട് അപരിത്യാജ്യമായ സാദൃശ്യമുണ്ടെന്നു കാണുന്നതു് ആശ്ചര്യം തന്നെ. ആയതു് ന്യൂസീലൻഡിനു ചുററുമുള്ള ജലാന്തൎഗ്ഗത ഭൂമികളെ ഒന്നായി ചേൎത്തുകൊണ്ടു് വടക്കോട്ടു വ്യാപിച്ചിരിക്കുന്ന ഭാവം നോക്കുക. ധ്രുവദേശത്തു വിശ്രമിച്ചിരുന്ന ഒരു മയൂരം തലയുയൎത്തി അതിൻെറ അംശങ്ങളാൽ ഈ ഭൂവിഭാഗങ്ങളെ നിൎമ്മിച്ചതുപോലെ തോന്നുന്നു. ഇതും നമ്മുടെ പു

രാണരേഖയ്ക്കു് പൂർവ്വാധികമായ ഗൌരവം നല്കുകയാണു് ചെയ്യുന്നതു്.

൧൬. മൈനാകത്തിന്റെ മനുഷ്യാകൃതി.

ഇനി ആസ്ട്രേലിയായും ന്യൂസീലൻഡും കൂടിയുള്ള മറെറാരു പടം ഇവിടെ തെളിവിനായി ഹാജരാക്കുന്നു. (൫-ാംനമ്പർ പടം) അതിൽ സമുദ്രതലത്തെ അടയാളപ്പെടുത്തീട്ടുള്ളതു് ൧൦൦, ൧൦൦൦, ൪൦൦൦, പൃ. പ്ര. അനുസരിച്ചുള്ള താഴ്ചപോലെയാണു്. അതിനാൽ ഇതിനുമുമ്പു് ഉദാഹരിച്ച ഭൂപടരൂപങ്ങൾ അതേവിധത്തിൽ ഇതിലും കാണ്മാൻ സാധിക്കയില്ല. പൊക്കത്താഴ്ചയുടേ യോജിപ്പുകൊണ്ടു് അവയുടെ സാധുത്വം ഇതിലും വെളിപ്പെടുത്താം. കൂടാതെ, ചില പുതിയരൂപങ്ങൾകൂടി ഇതിൽനിന്നുന്നയിക്കാൻ സാധിക്കുന്നതാണു്. നമ്മുടെ സൌകര്യത്തിനായി ൪൬൦൦ പൃ. പ്രമാണത്തിലധികം താഴ്ചയുള്ള പൂർവ്വോക്തമയൂരഗർത്തവും സ്കെയിൽ അനുസരിച്ചു ഇതിൽ വരച്ചു ചേർത്തിട്ടുണ്ടു്. അതു കഥാബന്ധം വിട്ടുപോകാതിരിക്കാൻ മാത്രമാണു്. ന്യൂസീലൻഡിൽനിന്നും വടക്കുപടിഞ്ഞാറായി വ്യാപിച്ചിരിക്കുന്ന സമുദ്രാന്തർഗ്ഗതമായ ഭൂഫലകത്തിന്റെ കിടപ്പു സൂക്ഷിക്കുക. ആ ഭാഗത്തിന്റെ കിഴക്കും പടിഞ്ഞാറും ൪൦൦൦ പൃ. പ്രമാണത്തിലധികം താഴ്ചയുള്ള വൻ കടലാണു്. സുമാർ ൪൦൦൦ മൈൽനീളത്തിലും അതിനു തക്ക വിസ്താരത്തിലും വടക്കോട്ടു വ്യാപിച്ചിരിക്കുന്ന ആ ജലാന്തർഗ്ഗതഭൂമി തീരെ മുറകേടായിട്ടാണു് കിടക്കുന്നതെന്നു് പ്രഥമദൃഷ്ടിക്കു തോന്നുമെങ്കിലും അതു് ഏററവും കൃത്യമായി ഒരു രൂപത്തെത്തന്നെ നിർദ്ദേശിക്കുന്നുണ്ടെന്നു മനസ്സിലാക്കാം. ന്യൂസീലൻഡു മുതൽ ആസ്ട്രേലിയുടെ വടക്കുകിഴക്കെ അഗ്രത്തോളം വ്യാപിച്ചിരിക്കുന്ന ആ നെടിയ ഗാത്രത്തിന്റെ സ്കന്ധപ്രദേശത്തിലായി രണ്ടുവശത്തും രണ്ടു ചിറകുകൾ കിഴക്കും പടിഞ്ഞാറും വ്യാപിച്ചിരിക്കുന്നതും, ശരിയായ കഴുത്തിനു മീതെ ഒരു തല പടിഞ്ഞാട്ടു

നോക്കി സ്ഥിതി ചെയ്യുന്നതും അനായാസമായി കണ്ടുപിടിക്കാം. നേത്രസ്ഥാനത്തുള്ള നീണ്ട കുഴിയും മൂക്കിന്റെ ഉയർച്ചയും താടിയുടെ സ്ഥിരതയും കഴുത്തിന്റെ പുഷ്ടിയുംകൊണ്ടു് ആളും അസാരനല്ലെന്നു തോന്നുന്നു. എന്തൊ വിളിച്ചു പറയുന്ന ഭാവത്തിൽ വാ തുറന്നു കാണുന്നു. ദൂരദിക്കിലേക്കു ലക്ഷ്യംകുറിക്കുന്ന കണ്ണിന്റെ ഛായയും സ്വാഗതം പറയുമ്പോലെ കൈകൾ മലർത്തിപ്പിടിച്ചിരിക്കുന്ന സമ്പ്രദായവും ഈ അഭിപ്രായത്തെ വേണ്ടപോലെ അനുകൂലിക്കുന്നു. പടിഞ്ഞാറുവശത്തുള്ള ൨൦൦൦ പു. പ്ര. താഴ്ചയുള്ള ഗർത്തം വയറിന്റെയും കാൽമുട്ടിന്റെയും സ്ഥാനം നിർദ്ദേശിച്ചുകൊണ്ടു് പ്രപാദത്തിൽ ചെന്നവസാനിക്കുന്നു. ആ പാദമാകട്ടെ ന്യൂസീലൻഡാകുന്ന പീഠത്തിൽ ഉറച്ചു നില്ക്കുന്നതായും തോന്നുന്നു. തലയിൽ പുറകോട്ടു ചെരിച്ചു വെച്ചിരിക്കുന്ന ഒരു മകുടം ഉള്ളതുപോലെ തോന്നും. പിൻകഴുത്തിൽനിന്നും മുതുകിലേക്കിറങ്ങുന്ന രേഖ ഇടത്തെ ചിറകിന്റെ കട മുറിച്ചുംകൊണ്ടു നിർദ്ദയമായി കീഴ്പോട്ടു കടന്നിരിക്കുന്നതു നോക്കുക. ദക്ഷിണധ്രുവത്തിലെ ഭൂപ്രദേശത്തിൽനിന്നും ആവിർഭവിച്ചു, മയൂരത്തലയിൽ പ്രത്യക്ഷപ്പെട്ട ന്യൂസീലൻഡ്, ആകുന്ന ചെറിയ മയൂരത്തിൽനിന്നും, വീണ്ടും അന്തർവ്വാഹിനിയായി വടക്കോട്ടു വ്യാപിച്ചിരിക്കുന്ന ഈ പക്ഷി മനുഷ്യരൂപത്തിന്റെ പൃഷ്ഠഭാഗത്തും ജാനുപ്രദേശങ്ങളിലും, പീലിയും തൂവലും അവശേഷിച്ചിട്ടുള്ളതായി തോന്നുന്നു. ഈ തടത്തിനകമെ ൧൦൦—൧൦൦൦ മാത്രം താഴ്ചയുള്ള മറ്റൊരു തടം, പാദപ്രദേശത്തിൽനിന്നു മേല്പോട്ടുയന്നു് തുടകളേയും പൃഷ്ഠഭാഗത്തെയും വിശദീകരിച്ചുകൊണ്ടു് കൃശമായ മധ്യപ്രദേശത്തെ വെളിവാക്കുന്നതു കാൺക. ഈ രൂപത്തെത്തന്നെ തുടർച്ചയായി തലയോളം ചേർത്തു നോക്കിയാൽ പൃഷ്ഠത്തെ വാലും പീലിയുമെല്ലാം പോയി മനുഷ്യാകൃതി മാത്രമായി ശേഷിച്ച ഒരു രൂപത്തെയും കണ്ടറിയാവുന്നതാണു്. പൂർവ്വരേഖാംശം (East longitude) ൧൬൦-ം, ദക്ഷിണാംശം(South lattitude) ൨൦-ം ചേരുന്ന സന്ധിയിൽ പ്രാദുർഭവിച്ചിട്ടുള്ള ചെസ്റ്റർ

ഫീൽഡ്സ് ദ്വീപങ്ങളും ചുററുമുള്ള സമുദ്രഭൂമിയും ചേർന്ന് ആലിംഗനത്തിനായി പരത്തിപ്പിടിച്ചിരിക്കുന്ന ഇടത്തുകൈപ്പടത്തെ ലാളിത്യത്തോടുകൂടി പ്രകടിപ്പിക്കുന്നതിനാൽ, ഇടത്തേ ചിറകിനുള്ള ആ വെട്ടു് ആ കൈയ്ക്കു് ഒട്ടും ഹാനി വരുത്തീട്ടില്ലെന്നു തെളിയുന്നു. ഇനി ഈ പടത്തലെ രൂപം തന്നെ മറെറാരു വിധത്തിൽ നിരീക്ഷിച്ചാൽ കാണുന്ന ഛായ എന്താണെന്നുകൂടി ഓർമ്മിപ്പിച്ചുകൊള്ളട്ടെ. തലയിലെ മകുടമായി കിഴക്കോട്ടുന്തി നില്ക്കുന്ന ആ ഭാഗത്തെ ഒരു വാനരമുഖത്തിൻെറ മുമ്പോട്ടുന്തിനില്ക്കുന്ന മൂക്കും താടിയുമായി പരിണമിക്കാനും പൂണ്ണമായ യോജിപ്പു കാണുന്നു. പൂർവ്വ ചിത്രത്തിൽ പിൻകഴുത്തും മുതുകുമായി കല്പിച്ച ഭാഗം വാനരചിത്രത്തിൽ മുൻകഴുത്തും മാർവ്വിടവുമായി പെട്ടെന്നു രൂപാന്തരപ്പെടുന്നു. പക്ഷിമനുഷ്യൻെറ മുമ്പോട്ടു നീട്ടിയ വലത്തെ കൈ വാനരൻെറ പുറകോട്ടു നിവത്തിയ വലത്തേകൈയായും തീരുന്നു. വെട്ടേററ ചിറകിൻെറ കടയ്ക്കു് തൂങ്ങിനില്ക്കുന്നതായി തോന്നുന്ന ആ പുഛം വാനരൻെറ ഇടത്തെ കൈപ്പടമായും തോന്നുന്നു. ഇപ്രകാരം പൂർവ്വചിത്രത്തിൻെറ താടിയും മൂക്കുമെല്ലാം വാനരശിരസ്സിൻെറ പൃഷ്ഠഭാഗമായ്ത്തീരുന്നു. ഒരേ ഭൂപടരൂപത്തിൽ കിഴക്കും പടിഞ്ഞാറും തിരിഞ്ഞിരിക്കുന്ന രണ്ടു രൂപങ്ങൾ ഇത്ര യോജിപ്പായി ഒരു കഥയിൽ ഇണങ്ങിച്ചേർന്നിരിക്കുന്നതു കാണുമ്പോൾ,

> "പ്രീതൊഹൃഷ്ടമനാ:വാക്യമബ്രവീൽപർവ്വത:കപിം
> മാനുഷംധാരയൻരൂപംആത്മന:ശിഖരേസ്ഥിത:"

"മനുഷ്യരൂപത്തോടുകൂടി തൻെറ പർവ്വതശൃംഗത്തിന്മേൽ നിന്നുംകൊണ്ടു് കപീന്ദ്രനോടു ഹൃഷ്ടമാനസനായി സംസാരിച്ചു" മൈനാക രൂപമാണു് പടിഞ്ഞാട്ടു തിരിഞ്ഞിരിക്കുന്നതെന്നും വാനരോത്തമൻെറ ചിത്രംതന്നെയാണ് കിഴക്കോട്ടു തിരിഞ്ഞിരിക്കുന്നതെന്നും അനുമാനിക്കുന്നതു് അത്യന്തം സുകരമായി തോന്നുന്നു. ആസ്ത്രേലിയായ്ക്കു വടക്കുള്ള മയൂര ഗത്തത്തിൽ ഇടത്തെ ചിറകു തളൎന്നു കിടന്നതായി തോന്നിയതുപോലെ

തന്നെ, ഇവിടെയും ഇടത്തെ ചിറകിനു മുറിവു പററിയതായി കാണുമ്പോൾ, വജ്രായുധപ്രഹരം പരമാൎത്ഥമാണെന്നു കാണുന്നതുകൂടാതെ, ആയതു ആളുടയാളുകളറിയാൻ സ്വീകരിക്കാവുന്നതാണെന്നും തോന്നുന്നു. പക്ഷിരൂപത്തിൽ നിന്നും ആദ്യമായി പക്ഷവും തൂലികയും ഉള്ള മനുഷ്യനും, അതിൽനിന്നും ശുദ്ധമായ മനുഷ്യനും, പരിണമിച്ചുകാണുന്ന ഭാവവും അത്യന്തം രസകരമായി തോന്നുന്നു.

൧൩. വ്യാസമഹൎഷി മൈനാകത്തിനു നിൎദ്ദേശിക്കുന്നസ്ഥാനം

ഈ ദ്വീപത്തെത്തന്നെ വ്യാസമഹൎഷിയും മൈനാകപൎവതമായി നിൎദ്ദേശിച്ചുകാണുന്നു.

"അസ്ത്യുത്തരേണകൈലാസംമൈനാകംപൎവതംപ്രതി
ഹിരണ്യശൃംഗസ്സുമഹാൻദിവ്യോമാണമയൊഗിരി:".

(മഹാഭാരതം)

ഏഷ്യയുടെ വടക്കുകിഴക്കേ കോടി മുതൽ തുടൎച്ചയായി കിടക്കുന്ന സ്റ്റാനവായി യേബ്ളിനായി എന്ന പൎവതച്ചയങ്ങളെ ഒന്നായി ഗണിച്ചു് "ഹിരണ്യശൃംഗം" എന്നപേരിൽ അദ്ദേഹം വ്യവഹരിക്കുന്നു. അതിനു സ്ഥാനനിൎണ്ണയം ചെയ്യുമ്പോൾ, അതു കൈലാസത്തിനു വടക്കാണെന്നും അതിൻെറ പാൎശ്വത്തിലാണു് ബിന്ദുസരസ്സ് (ബൈക്കാൾതടാകം)എന്നും പറയുന്നതു കൂടാതെ, അതു മൈനാകപൎവതത്തിനു് എതിരായിട്ടാണു് കിടക്കുന്നതെന്നും കൂടി പ്രസ്താവിക്കുന്നു. ഹിരണ്യശൃംഗത്തിൻെറ പൂൎവാഗ്രവും ന്യൂസീലൻഡിൻെറ പൂൎവാഗ്രവും ഒരേ രേഖാംശത്തിൽ ൧൬൦ മുതൽ ൧൮൦ വരെയുള്ള ഇടയിൽ പരസ്പരാഭിമുഖമായിട്ടും സമാന്തരമായിട്ടും ആണു് കിടക്കുന്നതെന്നും രണ്ടിൻേറയും ഇടയ്ക്കു് അതിവിസ്തൃതമായ സമുദ്രമല്ലാതെ മറെറാന്നുമില്ലെന്നും നോക്കിനിൎണ്ണയിക്കാവുന്നതാണു്. കൈലാസപൎവതത്തിൻെറ വടക്കുമുതൽ ആരംഭിച്ച ഹിരണ്യശൃംഗം വടക്കു കിഴക്കോട്ടു് എത്രദൂരം വ്യാപിച്ചിട്ടുണ്ടെന്നു കാണിക്കാൻകൂടി ആയിരിക്കും, മൈനാകത്തിൻെറ 'പ്രതി' എതി

രായിട്ടാണു കിടക്കുന്നതെന്നു പ്രസ്താവിച്ചിട്ടുള്ളതു്. പക്ഷേ ആ പ്രസ്താവംതന്നെ ദീപകാലങ്കാരം പോലെ മൈനാകത്തിന്റെ സ്ഥാനം നിർണ്ണയിക്കാനും കൂടി ഇവിടെ പ്രയോജനപ്പെട്ടിരിക്കുന്നു.

അഭിപ്രായ സമഷ്ടി. ആകപ്പാടെ ഈ ഭൂപടരൂപങ്ങളിലെല്ലാം മയൂരച്ഛായ തുടർച്ചയായി കാണുന്നതുകൊണ്ടും മയൂരശബ്ദം മൈനാകശബ്ദത്തെ അനുസ്മരിപ്പിക്കകൊണ്ടും, ന്യൂസീലൻഡുകാരെ ഇന്നും "മായൂരികൾ" എന്നു വിളിക്കുന്നതുകൊണ്ടും, പ്രകൃതാന്തരത്തിലുള്ള വ്യാസമഹർഷിയുടെ പ്രസ്താവവും ഇതിനു ശരിയായിരിക്കകൊണ്ടും, രാമായണത്തിലെ മൈനാകകഥ മുഴുവൻ സ്ഥാനനിർണ്ണയത്തോടുകൂടി പ്രതിബിംബിച്ചുകാണുന്നതുകൊണ്ടും, ഇതെല്ലാം സ്വാഭാവികമായി ഹനുമൽപാതയിൽ തന്നെ വന്നുകൂടിയിരിക്കകൊണ്ടും, സമുദ്രോപരി വന്നുയൎന്ന മൈനാകപർവതം ന്യൂസീലൻഡു തന്നെയാണെന്നു സ്ഥിരപ്പെടുത്തേണ്ടിയിരിക്കുന്നു.

ദക്ഷിണധ്രുവത്തിൽ പാതാളദ്വാരത്തെ അടച്ചുകൊണ്ടിരുന്ന മൈനാകം, സമുദ്രരാജാവിന്റെ താല്പൎയ്യപ്രകാരം അവിടന്നും വടക്കോട്ടു തലയുയൎത്തിയപ്പോൾ, ധ്രുവപരിസരത്തിൽ കുറെ ഭൂമി കടലിൽ താഴുകയും അതിനടുത്തു കടൽത്തറ മയൂരശിരസ്സിന്റെ അസൽ ഛായയിൽ മേൽപ്പോട്ടുയരുകയും ചെയ്തിരിക്കണം. അതിൽ ജലനിരപ്പിനു മീതെകിളൎന്ന സ്വല്പഭാഗം മാത്രമാണു് ന്യൂസീലൻഡ് ദ്വീപം. അതിൽ ഏറ്റവുംഉയൎന്ന കൊടുമുടി "കുക്ക്". അതിന്മേൽനിന്നായിരിക്കണം പർവതകുമാരൻ ഹനുമാനോടു സ്വാഗതം പറഞ്ഞതു്. ആ രൂപത്തെ അനുകരിച്ചും അനുസ്മരിച്ചും, മൈനാകത്തിന്റെ സ്ഥാവരശരീരത്തിൽ ഉണ്ടായ പരിണാമം ആയിരിക്കണം, ന്യൂസിലൻഡു മുതൽ വടക്കോട്ടു വ്യാപിച്ചുകാണുന്ന കടൽത്തട്ടിലെ പക്ഷിമനുഷ്യന്റെ യക്ഷരൂപം.

മൈനാകത്തിന്റെ പ്രത്യക്ഷമായ ൧൦൦൦ യോജനയ്ക്കുമേൽ ബാക്കി എവിടെയാണെന്നുള്ള സംശയവും ഇപ്പോൾ നീങ്ങി

യിരിക്കുന്നു. ആസ്ത്രേലിയയുടെ കിഴക്കു ഭാഗത്തു കിടക്കുന്ന "ഗ്രേറ്റ്ബാറിയർറീഫ്" ദ്വീപ സഞ്ചയങ്ങൾ പവിഴക്കരകൾ ജലാന്തർഗ്ഗതഭൂമികൾ, ഇവയൊന്നുംകൊണ്ടു മതിയായില്ലെങ്കിൽ ദക്ഷിണധ്രുവത്തിലെ ഭൂമിയിൽ ആവശ്യമുള്ളിടത്തോളം ഭാഗം കൂടി മൈനാക ശരീരമാണെന്നു സ്ഥാപിക്കാവുന്നതാണ്. ആസ്ത്രേലിയാവിനു കിഴക്കുള്ള ജലാന്തർഗ്ഗതമായ പവിഴക്കരകളെ, "അർണ്ണവാന്തർഗ്ഗതമായ നന്ദനോദ്യാന"മായി കപ്പൽക്കാർ മനോഹരമാംവണ്ണം വർണ്ണിച്ചുകാണുന്നതും, ആ ദ്വീപങ്ങളുടെ ഫലപുഷ്ടിയും രമ്യതയും കൂടി യോജിപ്പിച്ചു നോക്കുമ്പോൾ, അവ മൈനാകശൃംഗങ്ങൾ അല്ലെന്നു നിരാകരിക്കാൻ തോന്നുന്നില്ല.

൯. ജന്മദിനാഘോഷം.

ഈ പർവ്വതകുമാരൻ ആസ്ത്രേലിയയുടെ തെക്കുള്ള ഗത്തത്തെ (മയൂരഗത്തത്തെ) ഒഴിവാക്കീട്ട് നേരേ ന്യൂസീലൻഡായി ഉയൎന്നതാണോ, അതോ ദക്ഷിണ ധ്രുവദേശത്തു ചെന്നിട്ട് അവിടുന്ന് ഇങ്ങോട്ടു വന്നതാണോ എന്നു കൂടി തീരുമാനിക്കേണ്ടിയിരിക്കുന്നു. "ദേവരാജ്ഞാഗിരിശ്രേഷ്ഠ പരിഘ: സന്നിവേശിത" എന്നു സമുദ്രരാജാവു പറഞ്ഞിട്ടുള്ളതു്, മൈനാകം സാക്ഷാൽ പാതാളദ്വാരത്തെ കാത്തുരക്ഷിച്ചുംകൊണ്ടു്, ദക്ഷിണ ധ്രുവത്തിൽ കിടക്കുമ്പോൾതന്നെയായിരിക്കണം. മൈനാകം ഇന്നത്തെ സ്ഥാനത്തു വന്നുകൂടിയതു്, ഹനുമാനെ സല്ക്കരിച്ചതുമുതല്ക്കാണെന്നു് വിശ്വസിക്കാൻ ന്യായമുണ്ടു്. ഒടുവിൽ മൈനാകത്തോടു് ദേവേന്ദ്രൻ പറയുന്നതു ശ്രദ്ധിക്കുക.

"ഹിരണ്യനാഭശൈലേന്ദ്രപരിതുഷ്ടോസ്മിതേഭൃശം
"അഭയംതെപ്രയച്ഛാമിതിഷ്ഠസൌമ്യയഥാസുഖം॥
"സാഹ്യംകൃതംതേസുമഹൽവിക്രാന്തസ്യഹനൂമത:

എന്നും,

"സവൈദത്തവര:ശൈലൊബഭൂവാവസ്ഥിതസ്തദാ"!

എന്നുംകൂടി വ്യക്തമായി പറഞ്ഞുകാണുന്നു. "അല്ലയോ

ഹിരണ്യനാഭനായ ശൈലവര! ഞാൻ അങ്ങയെപ്പററി വളരെ സന്തോഷിച്ചു. ഇനി എന്നേക്കുറിച്ചു (ചിറകു മുറിക്കുമെന്നു്) ഭയപ്പെടേണ്ട. ഇഷ്ടംപോലെ എത്രകാലം വേണമെങ്കിലും ഈ നിലയിൽത്തന്നെ നിന്നുകൊൾക. പരാക്രമം പ്രകടിപ്പിക്കുന്ന ഹനുമാനു്, അങ്ങു് അത്യുൽകൃഷ്ടമായ സഹായമാണല്ലൊ ചെയ്തതു്. (ചെയ്‌വാനൊരുങ്ങിയതു്.) ഇന്ദ്രദത്തമായ വരപ്രഭാവത്താൽ മൈനാകം അവിടത്തന്നെ ഉറച്ചുനിൽക്കയും ചെയ്തു." ഈ പ്രസ്താവംകൊണ്ടു് ന്യൂസീലൻഡുദ്വീപുണ്ടായതും ആസ്ത്രേലിയയുടെ കിഴക്കുള്ള പവിഴക്കരകളും നിരവധി ദ്വീപുകളും തലപൊക്കിയതും അബ്ധിലംഘനത്തിൽ ഹനുമാനെ സല്ക്കരിക്കാനുയർത്തിയ മൈനാകഭൃംഗത്തിന്റെ വിജയകേതുക്കൾപോലെ ആ ദിവസംതന്നെ ഉത്ഭവിച്ചവയായിരിക്കണം. രാമായണകാലം കഴിഞ്ഞു പതിനേഴുലക്ഷം വർഷമായിട്ടുണ്ടെന്നാണു് പുരാണഗണനം. ആ ഭൂവിഭാഗങ്ങൾക്കു് അതിലധികം പഴക്കമുണ്ടോ എന്നു് ഭൂഫലകശാസ്ത്രജ്ഞന്മാർ നിർണ്ണയിച്ചുകൊള്ളട്ടെ.

൧൯. ലോകസേവാമാഹാത്മ്യം.

ദേവേന്ദ്രൻ ഇത്ര പെട്ടെന്നു പ്രസാദിക്കാനുണ്ടായ കാരണം, ഹനുമാനെ സേവിച്ചതു മാത്രമാണെന്നു തോന്നുന്നില്ല. ഹനുമൽസേവയ്ക്കു ഭാഗ്യമുണ്ടാവാൻ തന്നെ പൂർവ്വപുണ്യം വേണമെന്നു കാണുന്നു. ഇന്ദ്രശാസനയനുസരിച്ചു് വളരെക്കാലം ഭൂമിയുടെ അറ്റത്തിക്കോട്ട കാത്തിരുന്നതും അദ്ദേഹത്തിന്റെ പ്രസാദത്തിനു് മുഖ്യകാരണമായിരിക്കും. ഒരു പക്ഷെ അതിനു മുമ്പും, പർവ്വതരാജകുമാരൻ ആചരിച്ചിരിക്കാവുന്ന, വല്ല ശ്രേഷ്ഠതരമായ ലോകസേവയുടെയും ഫലമായിട്ടല്ലായിരിക്കുമോ, ഒളിച്ചോടിപ്പോയ "ശിക്ഷിക്കേണ്ടും പുള്ളി"യെ വിളിച്ചു് ദേവേന്ദ്രൻ, അറ്റത്തിക്കോട്ട സൂക്ഷിക്കാനുള്ള ഗൌരവമേറിയ ചുമതലയേൾപ്പിച്ചതെന്നുംകൂടി നിരൂപിക്കാനുള്ളതാണു്.

ആസ്ത്രേലിയയുടെ തെക്കുള്ള ഗർത്തത്തിലെ മയൂര ദ്വീപത്തിന്റെ ഭാവം വീണ്ടും ഗൌനിക്കതന്നെ. മുമ്പുതന്നെ നാം

ശങ്കിച്ചിട്ടുള്ളതുപോലെ ചില പുതിയ അനുമാനങ്ങൾക്കു കൂടി അതു് അവകാശം നൽകുന്നു. അരോഗദൃഢഗാത്രനായ അതിലെ മയൂരം, വിശ്രമിച്ചിരുന്നതിന്റെയൊ സ്വൈരമായി ക്രീഡിച്ചു നടന്നതിന്റെയൊ ഛായയല്ല അതിൽ പ്രതിബിംബിക്കുന്നതു്. "ചൊടിയായി മേല്പോട്ടുയൎത്തി കുറുക്കിയ കഴുത്തും മുമ്പോട്ടാഞ്ഞു നിവൎന്ന നെഞ്ചും, ആയം പിടിച്ചു് മേൽപ്പോട്ടു് ഉയൎത്തിയ വാലും," ഒരു ഭാരവണ്ടിക്കു കെട്ടിയ കുതിരയുടെ പുരോഭാഗത്തേക്കുള്ള വ്യവസായത്തെ അഭിനയിക്കും പോലെ തോന്നുന്നു. അത്രമാത്രം ഓജസ്സെടുത്തു നിൽക്കുന്നതു് അതിനു തക്ക ആവശ്യം വല്ലതും ഉണ്ടായിട്ടായിരിക്കണം.

ഭൂലോകവിജ്ഞാനീയത്തിന്റെ പൂൎവ്വഭാഗത്തിൽ 'സമുദ്രമഥനത്തെ'പ്പററി പ്രസ്താവിച്ചിട്ടുണ്ടു്. ആയതു ഇവിടെ ഓൎമ്മിപ്പിക്കേണ്ടിയിരിക്കുന്നു. ആ കലാപകോലാഹലത്തിൽ ആസ്ത്രേലിയയുടെ സ്ഥാനം 'മന്ദര'മൂലത്തെ നിലം തൊടാതെ കിഴക്കും പടിഞ്ഞാറും ചുമന്നുകൊണ്ടു നടക്കാനുള്ള "കൂൎമ്മരാജാ"വിന്റേതാണെന്നു വിശദമാക്കീട്ടുണ്ടു്. വജ്രായുധത്തെ ഭയന്നു് കാററത്തടിഞ്ഞുവീണ മൈനാകം, ക്ഷീണിച്ചുകിടന്ന കടലിന്റെ ഭാഗമാണു് മഥനരംഗമായിത്തീൎന്നതു്. ദീൎഘകാലവിശ്രമത്താൽ ക്ഷീണം തീൎത്തിട്ടു, ലോകാഭ്യുദയഹേതുകമായ ഈ മഹോദ്യമത്തിൽ, ഉൽബുദ്ധനാകാതെ വീണ്ടും വിശ്രമസുഖം നേടാൻ മൈനാകത്തിനു അവിടെ സാദ്ധ്യമല്ല. ആലസ്യത്തെ ലാളിച്ചു വല്ലെടത്തുംപോയി വീണ്ടും ഒളിച്ചിരുന്നു വിശ്രമിക്കാതെ, ഈ മഹായത്നത്തിൽ ഭാഗഭാക്കാകുകയാണു് പുരുഷോചിതം, എന്നു് ആ പർവതരാജാവിനു തോന്നിയിരുന്നാൽ, അതിൽ ഒട്ടും അസാംഗത്യമോ ആശ്ചൎയ്യമോ വിചാരിക്കാനില്ല. ലോകക്ഷേമത്തിനായുള്ള ഈ സംരംഭത്തിൽ തനിക്കഭയം നൽകിയ കടൽ ഇളകിമറിയുകയും, കമഠാധിപതി നെററിവിയൎത്തു് നാക്കുതള്ളി ചുമടെടുത്തു മടിക്കൂടാതെ കിഴക്കുപടിഞ്ഞാറു് ഓടിനടക്കയും ചെയ്യുമ്പോൾ, തന്റെ കൎത്തവ്യം എന്താണു്? ഭാരവാഹിയായ കൂൎമ്മം പർവതഭാരത്താൽ കടലിൽ താണു നിലത്തടിഞ്ഞു

പോകാതെ, സ്വശക്തി മുഴവൻ ഉപയോഗിച്ച ക്രൂർമ്മത്തിൻെറ ഒരു വശം താങ്ങിക്കൊൾകയാണ വിഹിതം എന്നു് അദ്ദേഹം തീർച്ചയാക്കിയതുപോലെ തോന്നുന്നു. അതനുസരിച്ച ക്രൂർമ്മത്തിൻെറ പിൻകാൽ വാലുകൊണ്ടുയർത്തി, പിൻകാലിനും മുൻകാലിനും മദ്ധ്യേ ക്രൂർമ്മത്തിൻെറ ഒരു വശം തോളത്തുതാങ്ങി സോന്മേഷം കിഴക്കോട്ടു നടകൊണ്ടിരിക്കയാണെന്നു ഗത്തചിത്രം മൗനമായി ഭാഷിക്കുന്നു. (൩-ാം നമ്പർ പടംനോക്കുക) വാസുകിയുടെ വാലും തലയും പിടിച്ചു വലിക്കാൻ കൂടിയ, മാന്യമഹാജനങ്ങളുടെ നാമാവലിയിലോ മഃററതെങ്കിലും ഇനത്തിലൊ, പുരാണ മുനി മൈനാകത്തിൻെറ പേരെഴുതിക്കാണുന്നില്ല. കശ്ശപസമ്രാട്ടിനു ഈ ഗിരികുമാരൻെറ സഹായമില്ലെങ്കിലും തൻെറ ജോലി ചെയ്വാൻ ശേഷിയുണ്ടെന്നു കല്പിച്ചിട്ടോ, അഥവാ രാജശിക്ഷയെ വഞ്ചിച്ചു പാലായനംചെയ്ത "പിടികിട്ടേണ്ടും പുള്ളി"യുടെ പേർ മററു മാന്യന്മാരുടെ പരിപാവനമായ പട്ടികയിൽ ചേർത്തുകൂടെന്നു കരുതിയിട്ടോ, രാമായണകവി വിട്ടുകളഞ്ഞതായിരിക്കാം. അന്യങ്ങളായ ഇതിഹാസപുരാണങ്ങളിൽ ഈ നാമം ചേർത്തിട്ടില്ലയോ എന്നു തീർത്തുപറവാനും നിർവാഹമില്ല. പക്ഷേ ഇതൊന്നുംകൊണ്ടു്, കാര്യധുർവഹനായ ദേവേന്ദ്രൻ, സ്വവർഗ്ഗക്കാരുടെ അമരത്വലബ്ധിക്കുവേണ്ടി നടകുന്ന മഹാപ്രധാനമായ ഈ കർമ്മത്തിൽ, പ്രതിഫലേഛയും യശഃകാംക്ഷയും കൂടാതെ. തന്നത്താൻ ഏർപ്പെട്ടു ഗൂഢമായി ലോകസേവ നടത്തുന്ന ഒരു വിശാല ഹൃദയനെ, വിസ്മരിച്ചുകളവാനും മാത്രം വ്യഗ്രചിത്തനായിരിക്കയില്ല. അദ്ദേഹം വേണ്ട സമയത്തിൽ വേണ്ടപോലെ ഗൗനിച്ചതിൻെറ ഫലമായിരിക്കണം, മൈനാകത്തെ അതുത്തിക്കോട്ടു രക്ഷിക്കാനുള്ള ഒരുദ്യോഗത്തിൽ ഉടൻ സ്ഥിരമായി നിയമിച്ചതു്. അതിനാൽ സമുദ്രമഥനകാലം വരെയും ഗിരികുമാരൻ വീണെടത്തുതന്നെകിടന്നു വിശ്രമിക്കയും, അനന്തരം ആസ്ത്രേലിയായ്ക്കുതെക്കുള്ള ഗത്തത്തെ നിർമ്മിച്ചുകൊണ്ടു് മന്ദരോദ്ധാരണ കർമ്മത്തിലും മന്ദരഭ്രമണ കർമ്മത്തിലും കമഠാധിപതിയെ സഹായിക്കയും, സമുദ്രമഥനാനന്തരം ഇന്ദ്രൻെറ കല്പനപ്രകാരം ത്രേതായുഗപ്രഥമചരണം

വരെയും, ദക്ഷിണധ്രുവത്തിൽ നിർഭയമായി ദുർഗ്ഗപരിപാലനം ചെയ്തു താമസിക്കയും ചെയ്തിരിക്കണം.

"ത്വമിഹാസുരസംഘാനാം പാതാളതലവാസിനാം
ദേവരാജ്ഞാഗിരിശ്രേഷ്ഠ പരിഘഃ സന്നിവേശിതഃ
ത്വമേഷാം ജാതവീര്യാണാം പുനരേവോല്പതിഷ്യതാം".

എന്നിത്യാദി സമുദ്രരാജാവു പർവതത്തോടു പറയുന്ന വാക്കുകൾക്കുള്ള സാമഞ്ജസ്യം ഇപ്പോൾ സ്ഫുടതരമായിത്തീരുന്നു. "ജാതവീര്യന്മാരായി" വീണ്ടുംവീണ്ടും ഭൂലോകത്തിൽ കടന്നു കേറി വരുന്ന അസുരസംഘങ്ങളെതടുത്തുനിറുത്താനായി ദേവേന്ദ്രനാൽ കോട്ടപോലെ നിയമിക്കപ്പെട്ടിരിക്കയാകുന്നു അങ്ങു് എന്നു അദ്ദേഹം പറഞ്ഞതിന്റെ ഉദ്ദേശ്യം എന്തായിരിക്കാം? "ഒളിച്ചോടിപ്പോയ അങ്ങയെ വിളിച്ചു് ഇന്ദ്രൻ ഇപ്രകാരം ഒരു ഉദ്യോഗം തന്നു ബഹുമാനിച്ചതു് അങ്ങയുടെ നിസ്വാർത്ഥമായ ലോകസേവാകർമ്മംകൊണ്ടാണു്. അതിനാൽ മുൻകൂട്ടി പ്രയോജനത്തെ പ്രതീക്ഷിക്കാത്ത പരോപകാരം ചെയ്‌വാൻ അങ്ങേയ്ക്കു സഹജമായ പ്രകൃതിഗുണം ഉണ്ടെന്നും, മുമ്പിലത്തെ സേവാകർമ്മത്തിനു് അങ്ങു് ഉദ്ദേശിച്ചിരിക്കാത്ത ഉദ്യോഗലാഭവും ദേവേന്ദ്രപ്രീതിയും സിദ്ധിച്ചതുപോലെ, ഈ മഹദ്ദ്യമത്തിലും—ഹനൂമാനെ സല്കരിക്കുന്ന കാര്യത്തിലും—അങ്ങേയ്ക്കു അപ്രതീക്ഷിതമായ അഭ്യുദയം സിദ്ധിക്കാവുന്നതാണെന്നും, സൂചിപ്പിക്കാനായിരിക്കാം. അനന്തരസംഭവത്താൽ ആ അഭിപ്രായം സാധുവാകയും ചെയ്യുന്നുണ്ടു്. അതിനാൽ ഇന്ദ്രൻനല്കിയ വരം, ഇപ്രകാരം മൈനാകം നിർവഹിച്ച തുടർച്ചയായ മൂന്നു സേവാകർമ്മങ്ങളുടെയും ഫലമാണെന്നനുമാനിക്കുന്നതാണു് ഏററവും സമുചിതമായിരിക്കുന്നതു്. സ്വർഗ്ഗസമ്രാട്ടു് പരസ്യമായി ശിക്ഷ മാപ്പുചെയ്തു് "നിർഭയമായി ഇനി ഇവിടെത്തന്നെ നിന്നുകൊൾക" എന്ന കല്പന നാകിയതനുസരിച്ചു് മൈനാകദ്വീപു് ഇന്നത്തെ ന്യൂസീലാൻഡായി കാണാറായതു് ഹനുമാൻ അബ്ധിലംഘിച്ച ദിവസം മുതൽക്കായിരിക്കണം.

൧൯. പ്രത്യാഗമനത്തിൽ ഹനുമാനെ സല്ക്കരിച്ച മൈനാകം.

ഹനുമാൻെറ പ്രത്യാഗമനത്തിലുംകൂടി അദ്ദേഹത്തെ സല്ക്കരിക്കാൻ മൈനാകത്തിനു സ്വസ്ഥാനം വിട്ടുമാറിപ്പോകേണ്ടി വന്നില്ല. ന്യൂസീലൻഡു പടത്താൽ നിർമ്മിച്ച മയൂരചിത്രത്തിൽ അന്തർഭവിച്ചിട്ടുള്ള മറെറാരു ചിത്രം ൧൦൦ പു. പ്രമാണത്തിൽ കുറവുള്ള സമുദ്രഭൂമിയാൽതന്നെ പൂൎത്തീകരിക്കപ്പെട്ടിട്ടുണ്ടു്. ഈ രൂപവും ഒരു പക്ഷിപോലെതന്നെയിരിക്കുന്നു. ഇതു നേരേ കിഴക്കോട്ടു തിരിഞ്ഞിരിക്കയാൽ തിരിച്ചു വരുന്ന ഹനുമാനെ സൽക്കരിച്ച മൈനാകരൂപം ഇതാണെന്നുതന്നെ വിചാരിക്കാം. ഉത്തരദ്വീപിലെ വടക്കു കിഴക്കെ ശൃംഗവും അതിനടുത്തുള്ള കടൽത്തറയും കൊണ്ടു് നിർമ്മിതമായ ഉരുണ്ട പക്ഷിത്തലയിലെ കുറിയ ചുണ്ടു് കിഴക്കോട്ടു് ഉന്തിനില്ക്കുന്നതും, കഴുത്തിനു കീഴ്പോട്ടുള്ള നെഞ്ചിൻെറയും വയറിൻെറയും ഞെളിവിനൊപ്പിച്ചു്, ശരീരഭാരം താങ്ങാനുള്ള ചിറകുകൾ രണ്ടും, നിരാലംബമായ ആകാശത്തിൽ ഒപ്പം ഉയൎത്തി പുറകോട്ടു നീട്ടിയിരിക്കുന്ന ഛായയെ, പടിഞ്ഞാട്ടു നീണ്ടുനില്ക്കുന്ന ഉപദ്വീപാംശം, അതിൻെറ പശ്ചിമാഗ്രമായ "മേറിയവാൻഡൈമൻ" കോടി വരെയുള്ള നീളംകൊണ്ടു നിർവ്വഹിച്ചിട്ടും മതിയാകായ്കയാൽ, അന്തർവ്വാഹിനിയായി വീണ്ടും പടിഞ്ഞാട്ടു ചെന്നു നീളം പൂൎത്തിയാക്കുന്നതും, നിരീക്ഷിക്കുക. ദക്ഷിണദ്വീപത്താൽ നിർവ്വഹിക്കപ്പെടുന്ന നീണ്ട വാലു നോക്കുമ്പോൾ, ഇതും മയൂരജാതിയിൽ ചേൎന്ന ഒരു പക്ഷിതന്നെയെന്നു തീരുമാനിക്കാം. ശരീരസംസ്കാരവും അംഗദാർഢ്യവും ഇതിനു കൂടുതലായിട്ടുണ്ടെന്നു കാണാം. ദ്വീപങ്ങളുടെ സ്ഥാനത്തിലും രൂപത്തിലും യാതൊരു ഭേദഗതിയും ചെയ്യാതെ, പക്ഷിയുടെ രൂപം പടിഞ്ഞാട്ടു നിന്നും കിഴക്കോട്ടു തിരിച്ചു കാണിച്ച ലോകശില്പിയോടു നമുക്കു പലതും പഠിച്ചു മനസ്സിലാക്കാനുണ്ടു്.

ഹനുമാൻ അങ്ങോട്ടു പോകുന്ന വഴി മൈനാകത്തോടു് ഇപ്രകാരമാണു് പറഞ്ഞതു്. "ത്വരതെ കാൎയ്യകാലോമെ അ

ഘശ്ചാപ്യതിവത്തതെ.” “പകൽ അതിക്രമിച്ചിരിക്കുന്നു. ചെന്നെത്താൻ നേരം വൈകി” എന്നിങ്ങനെ പറഞ്ഞു് സസ്നേഹം ശൈലരാജനെ പുറത്തു തട്ടിയുംവെച്ചാണു് അദ്ദേഹം പോയതു്. ഇങ്ങോട്ടു വരുമ്പോഴും മൈനാകത്തോടു് ഉപചാരം പറഞ്ഞു ജ്യാമുക്തമായ നാരാചംപോലെ മഹേന്ദ്രഗിരിയെ പ്രാപിക്കയാണുണ്ടായതു്. അദ്ദേഹം മൈനാകത്തിൽ ഇറങ്ങി വിശ്രമിക്കയൊ മൈനാകത്തിന്റെ സൽക്കാരങ്ങളെ സ്വീകരിക്കയോ ചെയ്തില്ല.

൨൦. സുരസയുടെ ദിവ്യരൂപം.

വാത്മീകിരാമായണത്തിൽ ഇതു കഴിഞ്ഞാണു് സുരസാസമാഗമം. അദ്ധ്യാത്മരാമായണത്തിൽ ഇതാണാദ്യം. നമ്മുടെ ഭൂപടത്തിൽ നാഗഭൂമി കഴിഞ്ഞിട്ടാണു് മൈനാകത്തിന്റെ സ്ഥാനം. തിരിച്ചു വരുമ്പോഠം സുരസയുടെ കാൎയ്യം പറയുന്നും ഇല്ല. ഇതെല്ലാംകൊണ്ടു് ഊഹിക്കേണ്ടതു് നാഗഭൂമിയായ മലയദ്വീപുകളേയും ആസ്ത്രേലിയയേയും കടന്ന കാൎയ്യമല്ല വാത്മീകിയത്തിൽ വൎണ്ണിച്ചിട്ടുള്ളതു് എന്നുതന്നെയാണു്. ഹനുമാൻ സുരസയുടെ പാൎത്ഥിവശരീരമായ നാഗഭൂമിയെ നിൎബ്ബാധമായി നോക്കി പരിശോധിച്ചുകൊണ്ടു പോകുമ്പോഠം, ദാക്ഷായണീദേവി സൈ്വരമായി ഹനുമാന്റെ അത്ഭുതപ്രവൃത്തികണ്ടു് അഭിനന്ദിച്ചുകൊണ്ടിരുന്നിരിക്കാം. അനന്തരം മൈനാകത്തെ കടന്നിട്ടു്—

“ഹനൂമാംശ്ചമുഹൂൎത്തേന വ്യതിചക്രാമസാഗരം”

ഒരു മുഹൂൎത്തനേരംകൊണ്ടു കടലിന്റെ വലിയ ഒരു ഭാഗത്തെ തരണം ചെയ്തു.

“തതൊദേവാശ്ച ഗന്ധൎവ്വാ സിദ്ധാശ്ച പരമൎഷയഃ
“അബ്രുവൻസൂൎയ്യസങ്കാശാംസുരസാംനാഗമാതരം.”

അപ്പോഠം ദേവൎഷിഗന്ധൎവ്വസിദ്ധചാരണന്മാർ ഒരുമിച്ചു

കൂടി, സൂൎയ്യനെപോലെ സ്വയം പ്രകാശത്തോടുകൂടിയ സുരസയോടു പറയുകയാണു ചെയ്തതു്. "മുഹൂൎത്തം വിഘ്നമാചര" സ്വല്പനേരത്തേക്കു് ഹനുമാനെ വഴി തടുക്കുക എന്നു്. അവക്കു് ഹനുമാൻെറ "പരാക്രമ കൌശല വിവേകവേഗാദികളെ" ഒന്നു പരീക്ഷിച്ചുനോക്കണം. ഈ ബുദ്ധി സ്വയം സുരസയ്ക്കുണ്ടായതല്ലായ്കയാൽ, അദ്ദേഹം തൻെറ അതൃത്തി കടന്നു പോയപ്പോഠം സ്വസ്ഥമായി നോക്കിയിരുന്നതായിരിക്കാം. അതിനാൽ സുരസ ദിവ്യരൂപം കൈക്കൊണ്ടു തന്നെയാണു്, വഴിക്കു ചെന്നു വാനരോത്തമനെ തടുത്തതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. അങ്ങോട്ടു പോകുന്ന വഴിക്കു് പരീക്ഷയും അഭിനന്ദനവും അനുഗ്രഹവും എല്ലാം കഴിഞ്ഞുപോയതിനാൽ, തിരിച്ചുവരുന്ന വഴിക്കു് അതിനൊന്നും ആവശ്യമില്ലെന്നു കണ്ടു് വാത്മീകിമുനി വിട്ടുകളഞ്ഞതു് യുക്തംതന്നെ. ആസ്ത്രേലിയ മുതലായ; സുരസയുടെ ഭൌതികരൂപം തിരിച്ചു വരുമ്പോഴും വഴിക്കുതന്നെയുണ്ടു്. അതു കടന്ന കാൎയ്യത്തെപ്പററി വിശേഷിച്ചൊന്നും പറവാനും ഇല്ല. അതുകൊണ്ടു സുരസയുടെ ഭൌതികദേഹത്തെക്കുറിച്ചല്ല ദിവ്യദേഹത്തെക്കുറിച്ചാണു കഥയിൽ വൎണ്ണിച്ചിട്ടുള്ളതു്. രാമായണചരിത്രം ത്രേതായുഗംതോറും നടക്കാറുണ്ടെന്നു നിരൂപിക്കപ്പെട്ടിരിക്കുന്നു. അപ്പോഠം അദ്ധ്യാത്മരാമായണം ഈ വൈവസ്വതമന്വന്തരം ഇരുപത്തെട്ടാമത്തെ ത്രേതായുഗത്തിൽ നടന്ന ചരിത്രംതന്നെയായിരിക്കണമെന്നില്ല. ഭിന്നചതുൎയ്യുഗങ്ങളിൽ നടക്കുന്ന ഒരേ രാമായണചരിത്രത്തിനു് പ്രധാനസംഗതികളിൽ യോജിപ്പും അപ്രധാനങ്ങളായ ക്ഷുദ്രസംഗതികളിൽ വൈവിദ്ധ്യവും ഉണ്ടായിരിക്കാം. അതപ്രകാരം തന്നെ വേണ്ടതും ആണു്. അതിനാൽ അക്കാൎയ്യത്തിൽ ശങ്കിക്കാൻ ഒന്നും ഇല്ല.

വ. ഛ. ഛായാഗ്രഹണി.

ഹനുമാൻെറ മൂന്നാമത്തെ പരാക്രമം സിംഹികയോടാണു്. അംഗാരകാ എന്നും ഛായാഗ്രഹണി എന്നും പല പേരുകഠം

ഈ രാക്ഷസിയ്ക്കു രാമായണത്തിൽ തന്നെ പറഞ്ഞുകാണുന്നു. തെക്കേ അമേരിക്കയുടെ തെക്കെകടലിൻെറ കിഴക്കും പടിഞ്ഞാറും പരിശോധിച്ചു നോക്കുക. (൬-ാം നമ്പർ പടം) അവിടങ്ങളിലായി ഗംഭീരങ്ങളായ മൂന്നു മഹാഗത്തങ്ങൾ കാണപ്പെടുന്നു. അവയ്ക്കു് ഓരോന്നിനും ൨,൦൦൦ പ. പ്രമാണത്തിലധികം താഴ്ചയുണ്ടു്. ഇതിൽ രണ്ടെണ്ണം പടിഞ്ഞാറെ കടലിലും ഒരെണ്ണം കിഴക്കെക്കടലിലും ആണു്. പശ്ചിമഭാഗത്തെ മഹാഗത്തങ്ങളിൽ ഒന്നു് ഹാരൻകോടി മുതൽ പടിഞ്ഞാട്ടും, മററൊന്നു് ചില്ലി, പെറു ഈ രാജ്യങ്ങൾ കൂടുന്ന മൂലയിൽനിന്നും പടിഞ്ഞാട്ടും, ആണു് വ്യാപിച്ചിരിക്കുന്നതു്. ഈ കയങ്ങളിൽ തെക്കേതിനു് സുമാർ ൨,൦൦൦ മൈൽ നീളവും, ൯൦൦ മൈൽ വീതിയും ഉണ്ടായിരിക്കും. വടക്കെക്കയം ഇതിൽ ഏറെ വലുതാണു്. അതിനു് ൩,൦൦൦ മൈൽ നീളവും ൨,൦൦൦ മൈൽ വീതിയും വരുന്നതാണു്. ഈ കയഭാഗങ്ങൾക്കു് കരഭാഗങ്ങളോടുള്ള ആകൃതി സാദൃശ്യമാണു് നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നതു്. വടക്കേക്കയത്തിൽ കാണുന്ന വലത്തു കൈപ്പടം, ആകാശത്തിൽ പറക്കുന്ന വായുവിനെ ഗ്രസിക്കാൻ പ്രയത്നിക്കുന്ന ഛായയെ ഭംഗിയായി വഹിക്കുന്നുണ്ടു്. തെക്കേക്കയത്തിലാകട്ടെ വലത്തെ കൈയ്യാൽ ആകർഷിക്കപ്പെടുന്ന വസ്തുവിനെ ബലമായി പിടിച്ചുറപ്പിക്കുന്ന ഇടത്തെകൈമുഷ്ടിയുടെ ഭാവമാണു് അവ്യഭിചരിതമായി മുദ്രണംചെയ്യപ്പെട്ടിരിക്കുന്നതു്. വിദഗ്ദ്ധനായ ഒരു ശില്പിക്കല്ലാതെ പെരുവിരലിൻെറയും മററു വിരലുകളുടെയും ആ വളവും മുഴയും എല്ലാം ഇത്ര സൂക്ഷ്മമായി പ്രകടിപ്പിക്കാൻ സാദ്ധ്യമല്ല. വലത്തെ കൈപ്പടത്തിലെ മണിബന്ധത്തിലുള്ള ആ മുഴ പെരുവിരലിനു കീഴെ എത്ര കൃത്യമായി സ്വസ്ഥാനത്തുതന്നെ 'സെൻറഫീൽഡ്സ്, സെൻറ അംബ്രോസു്' എന്ന ദ്വീപുകളേ ചുററിക്കിടക്കുന്ന ഉന്നതമായ കടൽത്തട്ടിനാൽ വ്യഞ്ജിതമായിരിക്കുന്നു എന്നു നോക്കുക. ആ കൈപ്പടത്തിൻെറയും വിരലുകളുടെയും മുമ്പോട്ടുള്ള വളവു്, ദൃഢിമയില്ലാത്ത ഏതോ പദാൎത്ഥത്തെ ഗ്രസിക്കാനുള്ള സ്വ

പ്നസമാനമായ അന്തത്തിൽ ഏൎപ്പെട്ടിരിക്കുന്നവണ്ണം ഇത്ര കമനീയമായി അഭിവ്യഞ്ജിപ്പിക്കാനുള്ള നൈപുണ്യം, 'കവിത' യില്ലാത്ത ഒരു വെറും ചിത്രമെഴുത്തുകാരന് ഉണ്ടായിരിക്കയില്ല. ഈ കൈകൾ ആരുടേതാണെന്നും, എവിടെനിന്നു വരുന്നതാണെന്നും അന്വേഷിക്കാം. തെക്കുകിഴക്കേ കടലിലെ കയം പരിശോധിച്ചുനോക്കുക.

ഈ ഗൎത്തത്തിനു് ഒരു മൂഷികൻെറ തലയോട്ട് ഏതാണ്ടു സാദൃശ്യം കാണുന്നു. പടിഞ്ഞാട്ടു തിരിഞ്ഞിരിക്കുന്ന ആ തല പടിഞ്ഞാറെ കടലിലെ കൈകൾക്കു് ഉടമസ്ഥനൊ ഉടമസ്ഥയോ ആയ ഒരു വികൃതസത്വത്തിൻേറതായി വിചാരിക്കാൻ മാത്രം അത്ര നല്ലവണ്ണം യോജിച്ചിരിക്കുന്നു. നെററിക്കു മുകളിൽ ശിഖ പോലെ കുറെ മുടിയുള്ളതായി തോന്നുന്നു. ഹാറൻ കോടിക്കു് ഏററവും അടുത്തിരിക്കുന്ന അതിൻെറ മൂക്കിനു കിഴക്കായി തെക്കോട്ടുന്തിനിൽക്കുന്ന ആ മുനപ്പു് അതിൻെറ ദംഷ്ട്രം ആയിരിക്കണം. താടിയെ തുടൎന്നു കീഴ്പ്പോട്ടുപോകുന്ന കഴുത്തിൻെറ രേഖ പടത്തിൻെറ സീമ രേഖയെ അതിവൎത്തിക്കയാൽ നമുക്കു കാണ്മാൻ കഴികയില്ല. ഈ ഗൎത്തത്തിനകത്തു് നേത്രത്തിൻെറ സ്ഥാനത്തായി ദക്ഷിണാക്ഷാംശം ൩൦-ൽ കാണുന്ന ആഴിത്തട്ടിൻെറ ഉയൎന്ന ഭാഗത്തെ സൂക്ഷിക്കുക. അതിൻെറ കിഴക്കും പടിഞ്ഞാറും ഉള്ള അഗ്രങ്ങൾ നീണ്ടു കൂൎത്തും മദ്ധ്യഭാഗം വിരിഞ്ഞുരുണ്ടും അതിനു നേത്രത്തിൻെറ ഭാവവും ഭാഷയും ബഹു ഭംഗിയായി യോജിച്ചിരിക്കുന്നു. കൺമണിയുടെ സ്ഥാനത്തും ഒരു മൽത്തിട്ട വെള്ളത്തിനടിയിൽ കാണാറായിട്ടുണ്ടു്. അതിൻെറ രൂപം അപ്രകാരംതന്നെയാണോ ഇരിക്കേണ്ടതു് എന്ന സംഗതിയെപ്പററി ഒരഭിപ്രായം പറവാൻ വഴി കാണുന്നില്ല. അതു എങ്ങനെയായാലും ആകപ്പാടെ നോക്കിയാൽ ഈ ഗൎത്തത്താൽ നിൎദ്ദിഷ്ടമായ മൂഷികമുഖത്തോടു കൂടിയ ഒരു സത്വം അമേരിക്കയ്ക്കുടിയിൽക്കൂടി പടിഞ്ഞാട്ടു നീട്ടിയ കൈകളുടെ തടം പോലെയാണു് ആദ്യഗൎത്തങ്ങൾ രണ്ടും കാണാറാകുന്നതു്.

ഹാറൻകോടിയ്ക്കു തെക്കുകൂടി കിഴക്കോട്ടു പോകുന്ന തുടർച്ചയായ രണ്ടു ഗത്തങ്ങളെ ഒന്നായി നിരീക്ഷിച്ചാൽ ആയതു് വളയിട്ടു മോടി പിടിപ്പിച്ച കൈത്തണ്ടാണെന്നുകൂടി നിർണ്ണയിക്കാൻ ശക്യമാണു്. ഈ ഗത്തങ്ങളുടെ അധിഷ്ഠാനദേവതയൊ, ഇവയിൽനിന്നും സൃഷ്ടിക്കപ്പെട്ടതൊ ആയി ഇതേ രൂപത്തിലുള്ള ഒരു പൈശാച സത്വം ആ കടലിൽ അധിവസിച്ചിരുന്നു എന്നും, ആയതു പല ജീവജാലങ്ങളേയും ഹിംസിച്ചു ഭക്ഷിച്ചിരുന്നു എന്നും, ഈ വൃത്താന്തത്തിൽനിന്നും അനുമാനിക്കേണ്ടിയിരിക്കുന്നു.

"ദക്ഷിണസ്യസമുദ്രസ്യമധ്യെതസ്യതുരാക്ഷസീ!
"അംഗാരകേതിവിഖ്യാതാഛായാമാകൃഷ്യഭോജിനീ!"

എന്നു് സുഗ്രീവൻ ഹനുമാനോടു ഗുണദോഷം പറയുന്നതു നോക്കുക. സുഗ്രീവൻ പറഞ്ഞിരുന്നതുപോലെതന്നെ ഹനുമാനും ഗത്യന്തരമില്ലായ്കയാൽ അവിടെ ചെന്നു കൂടിയിരിക്കണം.

൨൨. പിടിയിലകപ്പെട്ട ഹനുമഛായ.

ഇനി ആ രണ്ടു കൈത്തടങ്ങൾക്കും നടുവേ വന്നുകൂടിട്ടുള്ള ഉയന്ന കടൽത്തട്ടിന്റെ ഛായയെ പരിശോധിച്ചു നോക്കുക. പടം തിരിച്ചു പിടിച്ചു് അമേരിക്കയുടെ ഉത്തരഭാഗം അടിയിലായി വരത്തക്കവണ്ണം ശരിപ്പെടുത്തി രൂപത്തെ നിരീക്ഷിക്കുക. ഈ ജലാന്തർഗ്ഗതഭൂമിയ്ക്കു് ചാടിപ്പോകുന്ന ഒരു വാനരത്തിന്റെ ഛായയുള്ളതായി കാണപ്പെടുന്നതും ആശ്ചര്യംതന്നെ. പൈശാചിയുടെ ഇടത്തെ കൈപ്പെരുവിരലിനും മടക്കിപ്പിടിച്ച മററു വിരലുകൾക്കും മദ്ധ്യേ വാനരവീരന്റെ മുഖവും, തലയ്ക്കുമീതെ മേല്പോട്ടുയർത്തിയ വലത്തെ കൈയും, അമേരിക്കയുടെ നേക്കു് ആഞ്ഞുനീട്ടിയ ഇടത്തേ കൈയും, മുന്നോട്ടെടുത്ത ഇടത്തേകാലും അതിനനുസരണമായി പിന്നോട്ടിടിഞ്ഞ വലത്തെ കാലിന്റെ ഭാവവും, ലാംഗലവവുമുള്ള ശരീരത്തെ ദ്യോതിപ്പിക്കുന്ന വയറിന്റെയും മുതുകിന്റെയും പരിമിതിരേഖയും, മുമ്പോട്ടുള്ള ആയവും, എ

ല്ലാം പ്ളവനകർമ്മത്തെത്തന്നെ കൃത്യമായി ദ്യോതിപ്പിക്കുന്നതും ആകയാം നിഷേധിക്കത്തക്കതല്ല. കൈകൾ രണ്ടും ചിറകുപോലെ പരന്നുകിടക്കുന്നതു് ആ സമയത്തു് കൈകൾക്കുണ്ടായ ചലനത്തെ ദ്യോതിപ്പിക്കാനോ അഥവാ ൮൦ മുതൽ ൨൦൦൦ വരെ പു. പ്ര. താഴ്ത്തെയുള്ള ആ അടിത്തട്ടിനെ അവാന്തരവിഭാഗം കൂടാതെ ശേഖരമായി ഗണനപട്ടക്കൾ വിട്ടുകളഞ്ഞതിനാലോ ആയിരിക്കാം. ഏതായാലും ആ പരിലേഖനത്തിൽ നീണ്ട കൈകളുടെമട്ടും മുഴയുമെല്ലാം തോന്നിച്ചിട്ടുണ്ടെന്നു തുപ്പിപ്പെടാൻ ധാരാളം വകയുണ്ടു്. ഇതു ഹനുമാൻെറ ഛായ-നിഴൽ-മാത്രമാണെന്നും അതിനാലാണു് തല കീഴ്പോട്ടായി അഥവാ വിപരീതഗതിയായി കാണുന്നതെന്നും കൂടി സ്മരിച്ചുകൊള്ളേണ്ടതാണു്.

൨൩. സമയവും ഗതിവേഗവും.

ഈനിഴലിൻെറ നടുമധ്യം പശ്ചിമരേഖാംശം (W Longitude) ൮൦-ൽ ആണെന്നു മാത്രമല്ല, ആയതു് ആ ഉച്ചരേഖയെ തുടന്നു് നേരെ തെക്കോട്ടുതന്നെ വീണിരിക്കുന്നു എന്നുകൂടി കാണാവുന്നതാണു്. ഇതിൽനിന്നും രണ്ടുസംഗതികൾ അനുമാനിക്കാം. ഒന്നാമതു ഹനുമാൻ ആകാശമാർഗ്ഗമായി ഈ ഉച്ചരേഖയ്ക്കു ചൊവ്വെ എത്തിയപ്പോഴാണു് ഈ നിഴൽഉണ്ടായതു്. രണ്ടാമതു ആ സമയം ആദിത്യൻ അതേ ഉച്ചരേഖയിൽ അല്പം വടക്കുമാറി സ്ഥിതിചെയ്തിരിക്കണം. അതായതു് ആ സ്ഥലത്തു് അപ്പോൾ നട്ടുച്ച നേരമായിരിക്കണം. ലങ്കാപുരിയുടെ സ്ഥാനം മദ്ധ്യരേഖയിൽ പശ്ചിമരേഖാംശം ൮൦-ൽ ആണെന്നു കണക്കാക്കീട്ടുള്ളതിനാൽ അപ്പോൾ ലങ്കയിലെ സമയം എന്തായിരിക്കുമെന്നും നിർണ്ണയിക്കാം. ൮൦-ാമത്തെ ഉച്ചരേഖയ്ക്കു നേരെ നില്ക്കുന്ന ആദിത്യൻ ൮൦-ാമത്തെ ഉച്ചരേഖയിൽനിന്നും ൯൦ തിയതി (Degree) പടിഞ്ഞാട്ടു ചാഞ്ഞിരിക്കണം. അതിനാൽ ലങ്കയിൽ അപ്പഴത്തെ സമയം ൧൫ നാഴിക പകൽ അഥവാ ൨ മണി ആയിരിക്കും. ഹനുമാൻ ലങ്കയിൽ എത്തിയപ്പോൾ സൂര്യൻ അസ്തമിക്കാറായി. എങ്കിലും ഒരു മണിക്കൂർ ബാക്കി

വരണം. എന്തെന്നാൽ അദ്ദേഹം അവിടെ പർവ്വതത്തിന്മേൽ ചുററിനടന്നു് കുറെ നേരം ലങ്കയെ നോക്കി മനോരാജ്യം വിചാരിച്ചുകൊണ്ടിരുന്നു.

"തതസ്സചിന്തയാമാസമുഹൂൎത്തംകപികുഞ്ജരഃ

"അതിന്റെശേഷം—ലങ്കയിൽ ഇറങ്ങിയതിന്റെ ശേഷം—ആ കപികുഞ്ജരൻ ഒരു മുഹൂൎത്തനേരം ഗാഢമായി ചിന്തിച്ചു, നോക്കിനിന്നു." കൂടാതെ:—

"ഇതിസഞ്ചിന്ത്യഹനുമാൻസൂൎയ്യസ്യാസ്തമയംപ്രതി
"ആചകാംക്ഷേതദാവീരോവൈദേഹീദർശനോൽസുകഃ॥

"ഹനുമാൻ ഇപ്രകാരം വിചാരിച്ചിട്ടു, വൈദേഹിയെ കാണ്മാനുള്ള താല്പൎയ്യത്തോടുകൂടി, സൂൎയ്യൻ അസ്തമിക്കാനായി കാത്തിരുന്നു" എന്നും പറഞ്ഞുകാണുന്നു. അതിനാൽ വാനരവീരൻ ലങ്കയിൽ എത്തീട്ടു് അതിനു മാത്രം സമയം ബാക്കിയുണ്ടായിരുന്നിരിക്കണം. ലങ്കയിൽ ൨ മണിയായിരിക്കുമ്പോൾ സിംഹികാവധം കഴിച്ചു്, ൫ മണിയാകുമ്പോൾ അവിടെ വന്നെത്തിയ ഹനുമാൻ, ആ യാത്രയ്ക്കുപയോഗിച്ച സമയം ൩ മണിക്കൂർ ആണെന്നു സ്പഷ്ടമായിരിക്കുന്നു. ൩ മണിക്കൂറിൽ ൩൦ തിയതിയാകയാൽ, ഒരു മണിക്കൂറിൽ ൧൦ തിയതി അകലം കടന്നിരിക്കണം. മധ്യരേഖയിലെ കണക്കിനു് അൽപ്പംകുറവായി ഇവിടെ ആയതു് ൬൬൬ ൨/൩ മൈൽ ആണെന്നു കാണാം.

൨൪. ലങ്കയ്ക്കുള്ള ദൂരം.

കന്യാകുമാരിയിലോ മഹേന്ദ്രഗിരിയിലോ നിന്നു് മധ്യരേഖയെതുടൎന്നു് നേരേ കിഴക്കോട്ടുതന്നെ യാത്രചെയ്താൽ, ലങ്കയ്ക്കുള്ള ദൂരം ൧.൦൦ തിയതികളുടെ അകലമാണു്. ആയതു ൧൩,൭൩൨ മൈൽ ആണെന്നു കണക്കാക്കാം. ഹനുമൽപാതപോലെ അല്പം തെക്കോട്ടു ചാഞ്ഞുപോയാൽ ദൂരത്തിനല്പം കുറവുവരുമായിരിക്കാം. നേരെ കിഴക്കോട്ടു ചെന്നു, ഭൂമിയുടെ മറുവശത്തെത്തിയാൽ, വീണ്ടും ൨൦ തിയതികൂടി പ്രയാണം ചെയ്യണം. തെക്കോട്ടാണെങ്കിൽ കന്യാകുമാരിയിൽനിന്നും മധ്യരേഖയ്ക്കുള്ള ൨

തിയതികളുടെ അകലമെ അധികമാകയുള്ളു. ഇന്നു്, കൊളംബോവിൽനിന്നു് ഹനുമൽപാതയെ തുടന്നു്, ന്യൂസീലൻഡിൽ കൂടി പെനാമാവിലേക്കു പോകുന്ന കപ്പൽപ്പാതയുടെ നീളം, ൧൨൮൬൦ മൈൽ ആണെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതിൽ കൊളംബോവിൽനിന്നും ന്യൂസീലിൻഡിലേയ്ക്കു് ൬൨൪൦ മൈലും ന്യൂസീലൻഡിൽനിന്നും പെനാമയ്ക്കു് ൬൭൮൦ മൈലും ആണു്. ഹനുമൽപ്പാത ആകാശത്തുകൂടിയാകയാലും, തുറമുഖത്തിനു് തുറമുഖം ചുറേറണ്ട ഭാരമില്ലായ്കയാലും, കപ്പൽപ്പാതയെക്കാൾ കുറെക്കൂടി ചൊവ്വൊത്തതായിരിക്കും. അതിനാൽ ദൂരത്തിനല്പം കൂടി കുറവു വന്നേക്കാം. ലങ്കയുടെ സ്ഥാനം പെനാമാവിൽനിന്നു് ൧൦ തിയതി തെക്കാണെന്നു് ഓർമ്മിക്കുമ്പോൾ ദൂരത്തിനു കുറവു വരണമെന്നു ബോദ്ധ്യമാകുന്നു. ഇതിൽ മഹേന്ദ്രഗിരി മുതൽ കൊളംബോ വരെയുള്ള ദൂരം വകവെച്ചുതള്ളിയാലും ആകപ്പാടെ ൩൩൦ മൈൽ കുറച്ചു് ഏറക്കുറെ ൧൨൫൦൦ മൈൽ എന്നു കണക്കാക്കാൻ വിരോധമില്ല. ഇതു ഭൂഗോളപരിധിയുടെ നേർ പകുതിയാണു്. ആഞ്ജനേയൻ പ്ലവനം ചെയ്യുമ്മുമ്പായി ഇപ്രകാരം വിളിച്ചു പറയുന്നതു ശ്രദ്ധിക്കുക.

"അയുതംയോജനാനാന്തുഗമിഷ്യാമീതിമേമതി"

"ഞാൻ ഒരു പതിനായിരം യോജന ചാടാൻപോകുന്നു എന്നാണു് എൻെറ അഭിപ്രായം". പൌരാണികർ ഭൂപരിധിയുടെ നേർ പകുതിയായ ൧൨൫൦൦ യോജനയെ (യോജനയും മൈലും ഒന്നാണെന്നു് അന്യത്ര തെളിയിച്ചിട്ടുണ്ടു്) 'സാധാരണ പതിനായിരം യോജന' എന്നു സ്ഥൂലമായി പറയാറുണ്ടു്. "അയുതൊതെസഢഭാജാന്സ്സയോജനൈഃ പരികീർത്തിതാഃ" എന്നിപ്രകാരമാണു് ഭൂപരിധിയുടെ നേർപകുതി നീളമുള്ള നീലനിഷധപർവതങ്ങളെയും, അതിൽ അല്പം കുറവുള്ള മററു പർവതങ്ങളേയും ഒരുമിച്ചുകൂട്ടി ആദ്യമെ സ്ഥൂലമായി പറയുന്നതെന്നും, പിന്നീടാണു് സൂക്ഷ്മതരമായ ഏററക്കുറച്ചിലുകളെക്കുറിച്ചു പ്രതിവാദിക്കുന്നതെന്നും, പുരാണപരിചയമുള്ളവക്കു് അറിയാവുന്നതാണു്. ഇതുകൂടാതെ ഹനുമാൻ വീണ്ടും പറയുന്നു:—

"പൃഥിവ്യാദക്ഷിണാന്താദുത്തരംഗന്തുമുത്സഹെ,
തതൊഭൂമിമസംസ്പൃശ്യപുനരാഗന്തുമുത്സഹെ".

"ഭൂമിയുടെ ദക്ഷിണാഗ്രത്തിൽനിന്നും (ജംബൂദ്വീപമാകുന്ന ഉത്തരാർദ്ധഗോളത്തിന്റെ തെക്കെ അററത്തുനിന്നും) ഉത്തരാഗ്രത്തിലേക്കും (നേരെ മറുവശത്തേക്കും) അവിടുന്നു വേണമെങ്കിൽ ഭൂമിയെ സ്പർശിക്കാതെതന്നെ തിരിയെ ദക്ഷിണാഗ്രത്തിലേക്കും പ്രയാണംചെയ്‌വാൻ ഞാൻ ഒരുങ്ങുന്നു". ഹനുമാൻ ഇതു പറയുന്നതു തന്റെ പരാക്രമത്തെക്കുറിച്ചു പറഞ്ഞു്, കൂട്ടുകാരെ സമാശ്വസിപ്പിക്കുന്ന കൂട്ടത്തിലാണെങ്കിലും, കാൎയ്യം പരമാർത്ഥമാണു്. എന്തെന്നാൽ, മഹേന്ദ്രഗിരിയിരിക്കുന്ന ഭൂമിയുടെ സ്ഥാനം ഗോളത്തിന്റെ ഒരററവും, ലങ്കയിരിക്കുന്ന ഭൂമിയുടെ സ്ഥാനം അതിന്റെ മറെറാരററവും ആയി ഗണിക്കാൻ വിരോധമില്ലാത്ത വിധം അവ ഭൂപരിധിയുടെ മിക്കവാറും നേർ പകുതിയിൽ ആണു് സ്ഥാപിതമായിരിക്കുന്നതു്.

൨൫. ലങ്കയിലും ഭാരതത്തിലും ഉദയാസ്തമനഭേദം.

ഇപ്രകാരം രണ്ടു സ്ഥലവും തമ്മിലുള്ള വിപരീതസ്ഥിതി കൊണ്ടു്, ഒരിടത്തെ ഉദയകാലം മറെറാരിടത്തെ അസ്തമനകാലമാകയാൽ ലങ്കയിൽ സൂൎയ്യൻ അസ്തമിക്കുമ്പോഴ് മഹേന്ദ്രഗിരിയിൽ ഉദിക്കയാണു ചെയ്യുന്നതു്. (പൂർവാദ്ധ്യായങ്ങളിൽ വിസ്തരിച്ചിട്ടുള്ള "രാവണെനഹൃതാസീതാ കൃഷ്ണപക്ഷേസിതാഷ്ടമീ, അർദ്ധരാത്രൌദിനസ്യാർദ്ധെ അർദ്ധചന്ദ്രാർദ്ധഭാസ്കരെ" എന്ന ശ്ലോകത്തെ വീണ്ടും ഓർപ്പിച്ചുകൊള്ളുന്നു) മഹേന്ദ്രഗിരിയിൽ സൂൎയ്യോദയമായിരുന്നപ്പോളാണ് അദ്ദേഹം പുറപ്പെട്ടതെന്നും, ലങ്കയിൽ അസ്തമനമടുത്തപ്പോളാണ് അദ്ദേഹം ചെന്നെത്തിയതെന്നും കാണുന്നു. അതിനാൽ ഹനുമാൻ പുറപ്പെട്ടപ്പോഴും ചെന്നെത്തിയപ്പോഴും ലങ്കയിൽ അസ്തമനകാലം തന്നെ. ഒരു സൂൎയ്യാസ്തമനം മുതൽ അടുത്ത സൂൎയ്യാസ്തമനം വരെ സമയം ൨൪ മണിക്കൂർ ആകയാൽ, ആ സമയംകൊണ്ടായിരിക്കണം ഹനുമാൻ ആകാശയാത്ര നിർവഹിച്ചതു്.

൨൩. ഗതിവേഗത്തെപ്പററിയുള്ള ഉപരിനിരൂപണം.

ആദിത്യൻ ഭൂമിയെചുററി ഒരു വൃത്തം പൂൎത്തിയാക്കുമ്പോൾ ഹനുമാൻ ഭൂമിക്കു ചുററും അൎദ്ധവൃത്തമേ പൂൎത്തിയാക്കുന്നുള്ളൂ. ഇതിനിടക്കു മൈനാകസല്ക്കാരവും സുരസാനിരോധവും സിംഹികാവധവും എല്ലാംകൂടി കഴിഞ്ഞിരിക്കണം. ഛായാഗ്രഹണിയുടെകൈയിൽ അകപ്പെട്ടപ്പോൾ ലങ്കയിൽ ൨ മണി ആകയാൽ അവിടെ അസ്തമനത്തിനു ൪ മണിക്കൂർ ബാക്കിയുണ്ട്. അതിനാൽ അവിടംവരെയുള്ള യാത്രയും അതിനു മുമ്പുള്ള സകല സംഗതികളും അദ്ദേഹം ൨൦ മണിക്കൂർകൊണ്ടു നിൎവഹിച്ചിരിക്കണം. ഇതിൽ സുരസയുടെ വിഘ്നം ഒരു മുഹൂൎത്തനേരത്തേക്കാണെന്നു കാണുന്നു. ആയതു ഒന്നര മണിക്കൂർ ആയി സ്വീകരിക്കാം. മൈനാകം തടസ്ഥമൊന്നും ചെയ്തില്ലെങ്കിലും അനുകൂലവൃത്തിയിൽ തന്നെ അര മണിക്കൂർ അമാന്തിപ്പിച്ചതായി വിചാരിക്കാവുന്നതാണ്. അവർ തമ്മിൽ കുശലം പറകയും കഥ പറഞ്ഞുകേൾപ്പിക്കയും ചെയ്തതെല്ലാം സമയവ്യയം തന്നെയാണല്ലോ. ഇതു രണ്ടും കൂടാതെ മഹേന്ദ്രഗിരിയിൽ തറ ചവുട്ടിയുറപ്പിക്കാനും കാടു പറിച്ചുകളയാനും എല്ലാം കുറെ സമയം ചിലവായിരിക്കണം.

ഹനുമാൻ പുറപ്പെട്ടപ്പോൾ ഉദിച്ചുനില്ക്കുന്ന സൂൎയ്യനെനോക്കി "ഉദയാൽപ്രസ്ഥിതാംവാപിജ്വലന്താരശ്മിമാലിനം"എന്നിങ്ങനെ രശ്മിമാലകളോടുകൂടി ജ്വലിക്കുന്നവിധം വൎണ്ണിച്ചിരിക്കയാൽ സമയം ൭ മണി ആയിരിക്കാമെങ്കിലും, ജാഗ്രതക്കാരനായ ഹനുമാൻ ഒരുക്കത്തിനെല്ലാംകൂടി ½ മണിക്കൂർ ചെലവാക്കി കൃത്യം ൭½ മണിക്കു പുറപ്പെട്ടതായി വിചാരിക്കതന്നെ. അപ്പോൾ മൂന്നിനത്തിലും കൂടി ൧½+½+½ ആകെ ൨½ മണിക്കൂർ ഇട താമസത്തിനു നീക്കിയാൽ ഇരുപതിൽനിന്നു രണ്ടര പോകെ ൧൭½ മണിക്കൂർ സമയമാണ് മഹേന്ദ്രഗിരിയിൽ നിന്നും ഛായാഗ്രഹണിയുടെ സ്ഥാനമായ പശ്ചിമരേഖാംശം ൧൧൦ വരെ ചെന്നെത്തുന്നതിനും അവളെ നിഗ്രഹിക്കുന്നതിനും അദ്ദേ

ഹം ഉപയോഗിച്ചിട്ടുള്ളതു് എന്നു കാണുന്നു. അവിടുന്നും ലങ്കയ്ക്കുള്ള * ൨൧൦൦ മൈൽദൂരത്തെ ആകെയുള്ള ദൂരത്തിൽ നിന്നും കുറച്ചാൽ മഹേന്ദ്രഗിരിയിൽ നിന്നും അവിടംവരെയുള്ള ദൂരം എത്രയാണെന്നുകാണാം. ആയതു് ൫൨൭൦൦—൨൦൦൦ = ൫൦൭൦൦ മൈൽ ആണു്. ൩൩൩ ൨/൧൨ മൈൽ ഗതിവേഗം അനുസരിച്ചു് ഈ ദൂരം സഞ്ചരിക്കാൻ ഹനുമാനു് ഏറെക്കുറെ ൧൫൨ മണിക്കൂർ വേണ്ടിവന്നിരിക്കാം. ൧൫൦ മണിക്കൂറിൽ ഇതു കഴിച്ചുബാക്കിയുള്ള ൧൫൨ മണിക്കൂർ സമയം സിംഹികയെ വധിക്കാൻവേണ്ടി വന്നതും അവൾ ഛായ പിടിച്ചുനിറുത്തുകയാൽ ഗതി മന്ദീഭവിക്കനിമിത്തം വന്നുകൂടിയതും ആയിരിക്കണം. ൽ മണിക്കൂർ നിഗ്രഹിത്തിനാണെന്നു തള്ളിയാൽ ൧൦ മണിക്കൂർ, വേഗം കുറയുകയാൽ വന്നുപോയതാണെന്നു വിശ്വസിക്കുന്നതും സർവ്വഥാ യുക്തംതന്നെ.

൨൧. ഹനുമാൻ മൈനാകത്തിൽ എത്തിയ സമയം.

കൊളംബോവിൽനിന്നും ആസ്ത്രേലിയയുടെ ദക്ഷിണതീരം ചുററി ന്യൂസീലൻഡിൽ എത്തുന്ന കപ്പൽപ്പാതയുടെ നീളം ൩൨൪൦ മൈൽ ആകയാൽ, ഹനുമാൻ മഹേന്ദ്രഗിരിയിൽ നിന്നും പുറപ്പെട്ടു് ആസ്ത്രേലിയയ്ക്കു മീതെ കൂടി കടന്നുപോകുന്ന ആകാശമാർഗ്ഗത്തിനു് ൩൦൦൦൦ മൈൽ ദൂരം ഉണ്ടായിരിക്കാം. അത്രയും ദൂരം സഞ്ചരിക്കാൻ അദ്ദേഹത്തിനു് ൩൩൩ ൨/൩ മൈൽ ഗതി വേഗം അനുസരിച്ചു് ൯൦ മണിക്കൂർ ആവശ്യപ്പെട്ടിരിക്കാം. പുറപ്പെട്ടപ്പോൾ പുലർന്നിരുന്ന ൽ മണിക്കൂർ സമയം കിട്ടിയാൽ മഹേന്ദ്രഗിരിയിൽ സൂര്യൻ ഉദിച്ചു് ൯൬ മണിക്കൂർ ആകുമ്പോളായിരിക്കും അദ്ദേഹം മൈനാകത്തിൽ എത്തിയതു്. അതിനാൽ അപ്പോൾ മഹേന്ദ്രഗിരിയിലെ സമയം ഉച്ചയ്ക്കുമേൽ ൩-൩൦ ആയിരിക്കും. മൈനാകം അവിടുന്നു ൯൦° കിഴക്കാകയാൽ അപ്പോൾ അവിടത്തെ സമയം രാത്രി ൯-൩൦ ആയിരിക്കണം. എന്നുവരികിലും ഹനുമാൻ

* 30° അക്ഷാംശത്തിൽ ആ അക്ഷാംശത്തിൽ വരാവുന്ന ദൂരം.

മൈനാകത്തോടു കുശലം പറയുമ്പോൾ "അഹസ്യാപ്യതവി ത്തതെ" എന്നും "ത്വരതെകാൎയ്യകാലോമെ" എന്നും പ്രസ്താവി ക്കുന്നു. "പകൽ കടന്നുനില്ക്കയാൽ പോകാൻ എനിക്കു ബദ്ധപ്പാടായി" എന്നു അദ്ദേഹം പറയണമെങ്കിൽ സൂൎയ്യനെ കാണാതെ സാദ്ധ്യമാണൊ എന്നു നിരൂപിക്കേണ്ടിയിരിക്കുന്നു. അപ്പോൾ സൂൎയ്യനെ കാണണമെങ്കിൽ അന്നത്തെ കാലസ്ഥിതി സൂൎയ്യസഞ്ചാരവൃത്തം ഇവ അതിനു യോജിച്ചിരിക്കണം.

൨൭. അന്നത്തെ സൂൎയ്യസഞ്ചാരവൃത്തം.

വാനരങ്ങളെ സീതാന്വേഷണത്തിനായി പറഞ്ഞയച്ചതു് തുലാവൎഷം കഴിഞ്ഞു വൃശ്ചികമാസത്തിൽ ആയിരിക്കണം. ഒരു മാസത്തിലധികം താമസിച്ചാൽ വധിക്കപ്പെടും എന്നുള്ള സുഗ്രീവാജ്ഞയെ ലംഘിക്കാൻ ഇടവരികയാൽ വാനരശ്രേഷ്ഠന്മാർ ദക്ഷിണോദധി തീരത്തിൽ [1] പ്രായോപവേശം ചെയ്ത കഥ ഓൎമ്മിക്കാനുള്ളതാണു്. അപ്പോൾ വൃശ്ചികമാസം കഴിഞ്ഞു് ധനുമാസത്തിൽ ആയിരിക്കണം ആഞ്ജനേയൻ അബ്ധിയെ ലംഘിച്ചതു്. ധനുമാസത്തിൽ ആദിത്യന്റെ നില ദക്ഷിണാ ക്ഷാംശം ൧൭ മുതൽ ൨൨ വരെയുള്ള സ്ഥാനങ്ങളിൽ ആകയാൽ അന്നത്തെ സൂൎയ്യൻ ഒരുപക്ഷേ മദ്ധ്യരേഖയ്ക്കു തെക്കു ൨൦-ാമത്തെ അക്ഷാംശത്തിലാണെന്നു കല്പിച്ചാൽ അത്ര തെററാവാൻ ഇടയില്ല. അന്നു ആ രേഖാവൃത്തത്തിലുള്ള സ്ഥലത്തെല്ലാം മദ്ധ്യാഹ്നസൂൎയ്യനെ തലയ്ക്കു നേരേ മുകളിൽ കാണാവുന്നതാണു്. മൈനാകദ്വീപിൽ ഹനുമൽപ്പാത സംഘടിക്കുന്നതു് ദക്ഷി ണാക്ഷാംശം ൪൭-ലൊ അതിനടുത്തൊ ആയിരിക്കും. അക്കാ ലത്തു് ദക്ഷിണധ്രുവത്തിൽ ആദിത്യൻ [2] അസ്തമിക്കാതെ 'ഭൂപ്രദക്ഷിണം' ചെയ്തുകൊണ്ടിരിക്കുന്നതനുസരിച്ചു്, അങ്ങോ ട്ടടുത്തു കിടക്കുന്ന സ്ഥലങ്ങളിൽ എല്ലാം പകൽ ക്രമേണ കൂടിയും രാത്രി അതേക്രമത്തിൽ കുറഞ്ഞും വൎത്തിക്കുന്നതാണു്.

---

1. പട്ടിണികിടന്നു മരിക്കുക. 2. ആ സ്ഥലത്തിനു സൂൎയ്യനിബന്ധനസ്ഥാനം എന്നു വാത്മീകി പറഞ്ഞിരിക്കുന്നു.

അതുകൊണ്ട് അന്നുച്ചക്കുശേഷം ൩ മണി ആയാലും മൈനാക ദ്വീപിൽ സൂൎയ്യൻ അസ്തമിച്ചിരിക്കയില്ല. അവിടുത്തെ സൂൎയ്യാസ്തമനം എപ്പോഴാണെന്നറിയണമെങ്കിൽ ഭൂഗോളപരിധിയുടെ ൲ അംശമായ ൩൨൫൦ മൈൽ നീളത്തിൽ സ്കെയിൽ അനുസരിച്ച് ഒരു ത്രിജ്യ (radius) പിടിച്ച് മൈനാകദ്വീപിൽ ഹനുമൽപ്പാത സംഘടിക്കുന്ന സ്ഥാനത്തെ കേന്ദ്രം (centre) ആക്കി ഒരു വൃത്തപരിധി (circumference) വരച്ച് അന്നത്തെ സൂൎയ്യസഞ്ചാരവൃത്തമായ ൨൦-ാമത്തെ അക്ഷാംശവൃത്തത്തെ അത് എവിടെവെച്ചു ഖണ്ഡിക്കും എന്നു നോക്കുക. ആയത് മൈനാകദ്വീപിന്റെ സാമാന്യാസ്തമനസ്ഥാനമായ മഹേന്ദ്രഗിരിയിൽ നിന്നും ഏറെക്കുറെ ൨൦ തിയതി പടിഞ്ഞാട്ടു മാറി ൯൦-ാമത്തെ രേഖാംശം സമീപിച്ചായിരിക്കും എന്നു കാണാം. മഹേന്ദ്രഗിരിയിൽനിന്നും ൨൦ തിയതി കൂടി പടിഞ്ഞാട്ടു ചരിക്കാൻ ആദിത്യനു ൨൦×൪=൮൦ മിനിററ് ആവശ്യപ്പെടുന്നതാകയാൽ അന്ന് ൩ അടിച്ച് ൮൦ മിനിററുകൂടി കഴിഞ്ഞ് ൪-൨൦ ആയാലെ മൈനാകദ്വീപിൽ സൂൎയ്യൻ അസ്തമിക്കൂ. എന്നാൽ ഹനുമാൻ അവിടെ ചെന്നുചേൎന്നപ്പോഴും ആ സമയവും കഴിഞ്ഞ് ൯-൩൦ ആയിപോകയാൽ ആ വിധവും സൂൎയ്യനെ കാണ്മാൻ സാധിക്കയില്ല.

൨൯. ആദിത്യബിംബം ചക്രവാളത്തിൽനിന്നും എത്രമാത്രം താണിരിക്കും എന്ന്.

ആ സമയത്തു സൂൎയ്യൻ അവിടത്തെ ചക്രവാളരേഖയിൽനിന്നും എത്രമാത്രം കീഴ്പോട്ടു താണിരിക്കും എന്നു പരിശോധിക്കുന്നതും നമുക്ക് ഏററവും പ്രയോജനകരമായിരിക്കും. മൈനാകത്തിൽ ൯-൩൦ ആകുന്ന സമയം ആദിത്യൻ അവിടത്തെ ഉച്ചരേഖയിൽനിന്നും (മണിക്കൂർ ഒന്നിനു ൧൫ തിയതി കണക്കാക്കി ൯൱×൧൫=) ൧൪൨൰ തിയതി പടിഞ്ഞാട്ടു മാറിയിരിക്കും. മൈനാകദ്വീപ് ൧൦൦-ാമത്തെ ഉച്ചരേഖയിൽ ആകയാൽ ആ സമയം ആദിത്യൻ (൧൭൦—൧൪൨൰=) ൨൭൲ തിയ

തി ലണ്ഡനിൽ നിന്നും കിഴക്കുമാറിയായിരിക്കും നില്ക്കുന്നതു്. അപ്പോൾ ദക്ഷിണാഫ്രിക്കയിൽ റൊഡെഷ്യാ എന്ന സ്ഥാനത്തു് മദ്ധ്യാഹ്നമായിരിക്കണം. സൂൎയ്യസഞ്ചാരവൃത്തമായ ൨൦-ാമത്തെ അക്ഷവൃത്തത്തിൽ ആ സ്ഥാനത്തുനിന്നും മൈനാകദ്വീപിൽ ഹനുമൽപ്ലാത ചെല്ലുന്ന സ്ഥാനത്തേക്കു് ഭൂഗോളമാതൃകയുടെ പരിതലത്തിൽ കൂടി ചൊവ്വെ ഒരു നേർവര വരച്ചു്, ആ രേഖയെ എവിടെവച്ചു് ഭൂഗോളപരിധിയുടെ ൯ ആയ ൩൨൫൦ മൈൽ നീളമുള്ള ത്രിജ്യയുടെ വൃത്തപരിധി ഖണ്ഡിക്കും എന്നു നിർണ്ണയിക്കുക. ആ സ്ഥാനം ൧൭൦-ാമത്തെ ഉച്ചരേഖയിൽ ദക്ഷിണാക്ഷാംശം ൫൫ സംയോജിക്കുന്നതിനു് ഏറെക്കുറെ സമീപത്തായിരിക്കും എന്നു കാണാം. മൈനാകദ്വീപിൽ ഹനുമാൻ ചെന്നെത്തിയ ൪൫-ാമത്തെ അക്ഷവൃത്തത്തിൽ നിന്നും അതു് ൧൦ തിയതി തെക്കു മാറീട്ടാകയാൽ ആ സ്ഥലത്തിലെ ചക്രവാളരേഖയിൽനിന്നും ൧൦ തിയതി കീഴ്പോട്ടുമാറീട്ടായിരിക്കും അപ്പോഴത്തെ ആദിത്യന്റെ നില. അഥവാ ദക്ഷിണാഫ്രിക്കയിൽ അപ്പോൾ മദ്ധ്യാഹ്നത്തെ ചെയ്യുന്ന സൂൎയ്യന്റെ രശ്മികൾ മൈനാകദ്വീപിന്റെ തെക്കു് ൫൫-ാമത്തെ അക്ഷവൃത്തത്തോളം ചെന്നെത്തും എന്നു കാണാം. സൂക്ഷ്മതരമായ പരിശോധനയിൽ സ്വല്പ വ്യത്യാസങ്ങൾ നേരിട്ടേക്കാം.

൩൦. ഹനുമൽപ്ലാതയുടെ പൊക്കം.

ആദിത്യമണ്ഡലത്തെ നേരിട്ടു കാണാതെ "അഹശ്ചാപ്യതിവൎത്തതെ" എന്നു ഹനുമാൻ പറയുമെന്നു തോന്നുന്നില്ല. അതിനാൽ ൧൦ തിയതി (degree) യോ അതിൽ അല്പം കൂടുതലോ കീഴ്പ്പോട്ടു താണിരിക്കുന്ന സൂൎയ്യനെ പ്രത്യക്ഷം കാണത്തക്കവണ്ണം അത്ര പൊക്കത്തിൽ ആയിരിക്കണം ഹനുമാന്റെ സഞ്ചാരമാർഗ്ഗം. ആ പൊക്കം എത്രയാണെന്നു ക്ലിപ്തപ്പെടുത്താൻ യത്നിക്ക തന്നെ. അടിയിൽ കാണിച്ചിട്ടുള്ളതുപോലെ



൫൦ തിയതി അകലത്തിൽ A C B എന്ന ഒരു കോണം വരച്ചു് C. ഭൂമദ്ധ്യമാണെന്നു സങ്കല്പിക്കുക. C കേന്ദ്രമാക്കി C. A. ത്ര്യജ്യ (radius) പിടിച്ചു് ഒരു വൃത്തം വരയ്ക്കുക. അപ്പോൾ A B D ഭൂപ്രദേശത്തെ നിർദ്ദേശിക്കുന്ന വൃത്തപരിധി (circumference) ആയിരിക്കും. മൈനാകദ്വീപിൽ ഹനുമാൻ ചെന്നുചേന്നതു് A എന്ന സ്ഥാനമായി കല്പിച്ചാൽ അവിടുന്നും ൫൦ ° അകലെ B എന്ന സ്ഥാനത്തായിരിക്കും സൂൎയ്യാസ്തമനം. അതായതു B-ൽ ഭൂനിരപ്പിൽ നില്ക്കുന്ന ഒരാളിനു് അസ്തമനസൂൎയ്യനെ പ്രത്യക്ഷം കാണാം. സൂൎയ്യരശ്മികൾ ആ സമയത്തു് C B-യ്ക്കു് നേരെ സമകോണമായി E B എന്നവിധം ഭൂമിയെ സ്പർശിക്കയാൽ അതു വിശദപ്പെടുത്താൻ C B യ്ക്കു ലംബരേഖയായി (perpendicular) E F. എന്ന ഋജുരേഖയെ (Straight line) വരയ്ക്കുക. സൂൎയ്യൻ E യുടെ ചൊവ്വു നില്ക്കയാൽ ഭൂമിയുടെ B D വശം സൂൎയ്യപ്രകാശമുള്ളതും B A വശം സൂൎയ്യരശ്മി തട്ടാത്തതും ആയിരിക്കും. എന്നാൽ B A വശത്തുള്ളവർ ആരെങ്കിലും ഭൂപ്രദേശത്തുനിന്നും E F രേഖയോളം മേല്പോട്ടുയന്നാൽ അവരുടെ നേത്രത്തിൽ സൂൎയ്യരശ്മി പതിക്കുകയും അവക്കു് സൂൎയ്യബിംബം കാണാറാകുകയും ചെയ്യും. അപ്രകാരം ഹനുമാന്റെ സഞ്ചാരമാർഗ്ഗവും E F രേഖയെ സ്പർശിക്കത്തക്കവണ്ണം ഉയൎന്നിരുന്നതായി വിചാരിക്കേണ്ടിയിരിക്കുന്നു. അപ്പോൾ A G യുടെ നീളം

കണ്ടുപിടിച്ചാൽ അതായിരിക്കും ഹനുമൽപ്പാതയുടെ അവിടുത്തെ പൊക്കം. ഇവിടെ C B G എന്നരൂപം ഒരു സമകോണത്രികോണം (Right angled triangle) ആകയാൽ C G അതിന്റെ * കർണ്ണരേഖയും C B അതിന്റെ ലംബരേഖയും ആയിരിക്കും. ഇപ്രകാരമുള്ള ത്രികോണങ്ങളിൽ ഇതരകോണം ഒന്നിന്റെ വിസ്താരവും അതിന്റെ ഭുജങ്ങളിൽ (Arms) ഒന്നിന്റെ (കർണ്ണത്തിന്റെയോ ലംബത്തിന്റെയോ) നീളവും അറിഞ്ഞാൽ ഇതരഭുജത്തിന്റെ നീളം കണ്ടുപിടിക്കാൻ സാധിക്കത്തക്കവണ്ണം ആധുനികഗണിതപടുക്കൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള "കൊസൈൻ"(Co-sine)പട്ടികഅനുസരിച്ച് ഇവിടെ A G യുടെനീളം ൬൧· ൭ മൈൽആണെന്നു കാണുന്നു. എങ്ങനെയെന്നാൽ കർണ്ണരേഖയാൽ ലംബരേഖയെ ഹരിച്ചുകിട്ടുന്ന ഫലമാണ് "കൊസൈൻ". ആയതു ഇവിടെ ൧൦ ° അകലമുള്ള ഇതരകോണം (സമകോണമല്ലാത്ത കോണം) ആകയാൽ ·൯൮൪൮ ആയിരിക്കും എന്നു പട്ടികയിൽ കണക്കുകാണുന്നു. ഒരു ഭുജത്തിന്റെ നീളം (കർണ്ണഭുജമല്ലാത്ത ഭുജത്തിന്റെനീളം അഥവാ സി.ബി.യുടെനീളം ൪൦൦൦ മൈൽ ആകുന്നു. (ഭൂമിയുടെ ചുററളവ് ൨൫൦൦൦ മൈൽ ആകയാൽ അതിന്റെ വ്യാസാർദ്ധമാകുന്ന സി. ബി. യുടെ നീളം ൪൦൦൦ ആണെന്നുഗണിച്ചറിയാവുന്നതാണ്) ൪൦൦൦÷C G= ·൯൮൪൮ ആകയാൽ ൪൦൦൦÷ ·൯൮൪൮ = C G. ആയിരിക്കും. ആയതു് ൪൦൬൧· ൭ മൈൽ ആകുന്നു. ഇതിൽനിന്നു C A യുടെ നീളം (ഭൂകേന്ദ്രത്തിൽ നിന്നു ഉപരിതലത്തിലേക്കുള്ളദൂരം) ൪൦൦൦ മൈൽ നീക്കിയാൽ ൬൧· ൭ മൈൽ ആണു് ഭൂനിരപ്പിൽനിന്നും മേല്പോട്ടുയന്ന ഹനുമൽപ്പാതയുടെ പൊക്കം (എ. ജി. യുടെ പൊക്കം) എന്നു സിദ്ധിക്കുന്നു. സൂക്ഷ്മതരമായി ഗോളമാതൃകയിൽ അളക്കുമ്പോഠം, ഒന്നോ രണ്ടോ തിയതിഅകലം കൂടുതൽ വരുന്നപക്ഷം, കോണത്തിന്റെ അകലം (A C B യുടെഅകലം) ൧൧ ° യോ ൧൨ ° യോ ആയിരിക്കും. അങ്ങിനെയായാൽ മുൻപട്ടിക അനുസരിച്ച് എ. ജി. യുടെ പൊക്കം ൭൪ മൈൽ എന്നൊ ൮൯· ൩ മൈൽ എന്നോ കണക്കാക്കേണ്ടിവരും. അ

* കർണ്ണരേഖ = Hypotenuse.

തിനാൽ സുമാർ ൩൦ മൈലിനു മേൽ ൫൦ മൈലിനു കീഴിലാ യിരിക്കും അവിടുത്തെ പൊക്കം എന്നു നിർദ്ദേശിക്കാം. ആയതു ൪൦ മൈൽ എന്നു കല്പിക്കതന്നെ. അപ്പോൾ അത്രയും പൊക്കത്തിൽ ഉയൎന്നിരിക്കുന്ന ആക്കെങ്കിലും ആദിത്യനെ കാണാം. ഹനുമാനെ സല്ക്കരിച്ച മൈനാകഗിരിയും അത്രയും പൊക്കത്തിൽ ദിവ്യരൂപം ധരിച്ച് നിജശൃംഗത്തിന്മേൽ നിന്നതായി വിചാരിക്കേണ്ടിയിരിക്കുന്നു. അപ്പോൾ രണ്ടുപേൎക്കും സമനിരപ്പിൽനിന്നു കുശലം പറയാനും എല്ലാം സൌകൎയ്യമുണ്ടായിരിക്കയും ചെയ്യും. അപ്പോൾ രണ്ടുപേൎക്കും സൂൎയ്യനെ കാണാം. ഹനുമാൻ പറയുന്ന അർത്ഥത്തിൽ "അഹിശ്ചാപ്യതിവൎത്തതേ" എന്നു വ്യവഹരിക്കയും ചെയ്യാം. (പകൽ അതിൻെറ സ്വാഭാവികദൈർഘ്യത്തെ കവിഞ്ഞു കൂടുതലായിട്ടാണു് നമുക്കു കാണുന്നതു് എന്നും അർത്ഥമാക്കാം.)

൩൧. വാത്മീകിയുടെ ആകാശവൎണ്ണന.

അപ്രകാരം മേല്പോട്ടുയൎന്ന മൈനാകഗിരിയിലും അപ്പോൾ സൂൎയ്യരശ്മി തട്ടുന്നതാണല്ലോ. ചുററുമുള്ള ഭൂപ്രദേശമെല്ലാം നിശാന്ധകാരം മൂടിക്കിടക്കുമ്പോൾ മേല്പോട്ടുയൎന്ന വല്ല സാധനങ്ങളിലും സൂൎയ്യപ്രഭ തട്ടിയാൽ അവയ്ക്കുളവാകുന്ന തേജസ്സ് എപ്രകാരമിരിക്കുമെന്നു് നിർണ്ണയിക്കാൻ സന്ധ്യാമേഘങ്ങളുടെ കനകവൎണ്ണം കണ്ടറിഞ്ഞിട്ടുള്ളവൎക്കു് ഒട്ടും പ്രയാസമില്ല. "ലവണാംഭ"സ്സിൽ പെട്ടെന്നുയൎന്ന മൈനാകത്തെപ്പററി വാത്മീകി വൎണ്ണിച്ചിട്ടുള്ളതു വായിച്ചുനോക്കുക.

"ആകാശംശസ്ത്രസങ്കാശമഭവൽ, കാഞ്ചനപ്രഭം॥
"ജാതരൂപമയൈഃശൃംഗൈർഭ്രാജമാനൈഃസ്വയംപ്രഭൈഃ

"സ്വയംപ്രഭയാൽ സ്വൎണ്ണമയമായി പ്രകാശിക്കുന്ന മൈനാകശൃംഗങ്ങളുടെ സംസർഗ്ഗത്താൽ അതിനു മുമ്പു് ഇരുമ്പായുധംപോലെ കാണപ്പെട്ട ആകാശം കാഞ്ചനപ്രഭയോടു കൂടിയതായ്തീൎന്നു." അപ്പോൾ ശസ്ത്രസങ്കാശമായി കാണപ്പെട്ട ആ

കാശം, സൂൎയ്യൻ ചക്രവാളരേഖയിൽനിന്നും ൧൦ ° യോ അ
തിൽ അല്പം കൂടുതലൊ കീഴ്പോട്ടു മറഞ്ഞിരുന്ന പരമാൎത്ഥ
ത്തെ സാക്ഷീകരിക്കയാണ് ചെയ്യുന്നതു്. നമ്മുടെ ദിക്കിൽ
മീനം മേടമാസങ്ങളിൽ ആദിത്യൻ അസ്തമിച്ചു് ൭ മണിക്കൂർ
കഴിയുമ്പോൾ, ആകാശത്തിന്റെ പശ്ചിമദിക്ക് ഏതുവിധമിരി
ക്കുമെന്നു് ഓൎമ്മിച്ചുനോക്കിയാൽ മാത്രം മതി. സന്ധ്യാമേഘ
ങ്ങളുടെ വൎണ്ണാഡംബരമെല്ലാം നീങ്ങി കടുനീലമായി കിടക്കുന്ന
ആകാശത്തിന്റെ പശ്ചിമപ്രാന്തം എപ്രകാരമിരിക്കുമെന്നു്
ചിന്തിക്കുക. ആകാശത്തിൽ പശ്ചിമപ്രാന്തം അടുക്കുംതോറും
അവ്യക്തമായ അന്തിപ്രഭാശേഷത്താൽ അതു് ക്രമേണ ദീപ്യ
മാനമായിത്തീരുകയും ചക്രവാളരേഖയോട് അടുക്കുമ്പോൾ അതു
തെളിഞ്ഞു തെളിഞ്ഞു വാളലകിന്റെ നീണ്ടുവളഞ്ഞ വാത്ത
ലയുടെ മുനപോലെ പെട്ടെന്നു ഒരു രേഖയിൽ പരമാവധിയെ
പ്രാപിക്കയും ചെയ്യുന്നു. ആദിത്യൻ അധികം താണുപോ
യാൽ ചക്രവാളരേഖയോടടുത്തു കൂടുതൽ പ്രകാശമുണ്ടായിരി
ക്കയില്ല. അല്പം മുൻപു് സന്ധ്യാമേഘപ്രഭയുള്ളപ്പോളായാൽ
ചക്രവാളത്തിൽ മാത്രം കൂടുതൽ പ്രകാശമുണ്ടാകാനും പ്രയാസം.
രണ്ടുവിധത്തിലും "ശസ്ത്രസങ്കാശം" എന്ന ഉപമ യോജിക്കാതെ
വരും. അതിനാൽ ആ സമയം അതുതന്നെയെന്നു സ്ഥിരീക
രിക്കാവുന്നതാണു്. മൈനാകത്തിന്റെ കനകശൃംഗങ്ങൾ ഉ
യൎന്നുനില്ക്കുമ്പോൾ അതിൽ സൂൎയ്യരശ്മി തട്ടി ആകാശത്തിലും
നാലുപാടും ആ പ്രകാശം സംക്രമിക്കും എന്നുള്ളതിനു് സന്ധ്യാ
കാലത്തെ പൊൻമേഘപംക്തികളോടുകൂടിയ ആകാശം തന്നെ
ദൃഷ്ടാന്തം. ആ സമയം മൈനാകശൃംഗങ്ങൾ മാത്രം സൂൎയ്യ
പ്രഭയാൽ തിളങ്ങുകയാൽ അവ സ്വയം പ്രകാശമുള്ളവയായി
തോന്നും എന്നതിനു് ചന്ദ്രപ്രകാശംതന്നെ ഉത്തമോദാഹരണം
മൈനാകം മനുഷ്യരൂപിയായി നിന്ന ശൃംഗമാണെന്നു വിചാ
രിക്കാവുന്ന 'കുക്ക്' കൊടുമുടിയോടുകൂടി അന്നായിരിക്കണം ആ
ദ്വീപം ഉയൎന്നു വന്നതു്. മൈനാകം അസാമാന്യമായ വലിപ്പ
ത്തോടുകൂടി ദിവ്യരൂപം ധരിച്ചായിരിക്കും, നിജശൃംഗത്തിൽ
സ്ഥിതിചെയ്തതു്. അഥവാ ആ ശൃംഗംതന്നെ അസാമാന്യ

മായ വലിപ്പവും പൊക്കവും ഉള്ളതായി അപ്പോൾ ഹനുമൽ പന്ഥാവോളം ഉയരുകയും, പിന്നീടു സ്വാഭാവികവലിപ്പത്തെ പ്രാപിക്കയും ചെയ്തിരിക്കാം. സ്വല്പനേരത്തേക്കു അതു് എങ്ങിനെയും ആയിക്കൊള്ളട്ടെ. ഏതു വിധത്തിലും പ്രവൎത്തിക്കാൻ അതിനു ശക്തിയുണ്ടെന്നു വാത്മീകിമഹൎഷി [1] ഊൎദ്ധ്വ മധശ്ചതിര്യക് ച ശക്തിസ്തെ ശൈലവൎദ്ധിതും" എന്നു് സമുദ്രമുഖമായി ഉദീരണം ചെയ്തിരിക്കുമ്പോൾ ആ ഭാഗത്തെപ്പററി സംശയിച്ചിട്ടാവശ്യമില്ല. ഏതായാലും ഹനുമാൻെറ വരവു് ചക്രവാളത്തിനുമേൽ സൂൎയ്യനെ കാണാവുന്ന വല്ല സമയത്തും ആയിരുന്നാൽ ആകാശത്തെ ഇന്ദ്രനീലതുല്യമായൊ മററൊ വൎണ്ണിക്കാവുന്ന കവിപുംഗവൻ അതിനെ "ശസ്ത്രസങ്കാശ"മാക്കിക്കളയുകയില്ലെന്നു നിശ്ചയം തന്നെ. അതിനാൽ മഹൎഷിയായ ആദി കവി വ്യാജാലങ്കാരംകൊണ്ടുള്ള വൎണ്ണിഷ് മിനുക്കത്തെക്കാൾ പരമാൎത്ഥ നിമിത്തമുള്ള പരുഷതയെത്തന്നെയാണു് സ്വീകരിച്ചിട്ടുള്ളതെന്നും വെളിവാകുന്നു. ഹനുമാൻെറ ആകാശസഞ്ചാരത്തിൽ "ആദിത്യപഥമാശ്രിത്യ" എന്നു പ്രയോഗിച്ചിട്ടുള്ളതിൻെറ താല്പൎയ്യം അദ്ദേഹം എത്ര പൊക്കത്തിലുയൎന്നാൽ വഴിക്കുവെച്ചു രാത്രി വന്നാലും തനിക്കു സൂൎയ്യനെ കാണ്മാനും സൂൎയ്യരശ്മിതന്നെ സ്പൎശിക്കാനും സാധിക്കുമോ, അത്ര പൊക്കത്തിലുള്ള അന്തരീക്ഷത്തിലെ നില എന്നുതന്നെ അൎത്ഥമാക്കേണ്ടതാണെന്നു കാണുന്നു.

൩൨. പാതയുടെ പൊക്കത്തെപ്പററി വാത്മീകി വൎണ്ണനയിലെ ലക്ഷ്യങ്ങൾ.

ഇത്ര ദീൎഘമായ ഒരു പ്ലവനപന്ഥാവിൽ ഏററവും ഉയൎന്ന സ്ഥാനം ഭൂനിരപ്പിൽനിന്നും ൩൨ മൈൽ കിളൎന്നിരുന്നതായി ഗണിക്കുന്നതിൽ അസാംഗത്യമില്ല. ചാടിപ്പുറപ്പെട്ട സ്ഥാനം മുതൽ ൩൦൦൦ മൈൽ ദൂരം ആയപ്പോൾ ൩൦ മുതൽ ൧൦ വരെ

1 പൎവതശ്രേഷ്ഠ! അങ്ങെക്കു മേൽപ്പോട്ടും കീഴ്പോട്ടും വശങ്ങളിലേക്കും ഇഷ്ടംപോലെ വളരാൻ ശക്തിയുണ്ടു്.—

മൈൽ ഉയന്നിരിക്കാമെന്നുള്ളതു് ൧൦൦ മൈൽ നീളത്തിനു് ശ രാശരി ഒരു മൈൽ പൊക്കമെ ആകുന്നുള്ളു. അതു് അത്യന്തം പരിമിതവും സ്വഭാവവിരഹിതവും ആയ ഒരു അനുമാനം മാത്രമാണു്. കുതിച്ചിട്ടു് ഒരായിരം മൈൽ ചെല്ലുമ്പോൾ അദ്ദേഹം ൧൦ മൈൽ മേല്പോട്ടുയരുന്നു. ഏറെക്കുറെയെ ആയിടയ്ക്കായിരിക്കണം സമുദ്രതലത്തെ വിട്ടു് ആകാശത്തിലേക്കു സംക്രമിക്കുന്ന വായുവേഗത്തിന്റെ പരാക്രമങ്ങൾ നിരൂപിക്കപ്പെട്ടിട്ടുള്ളതു്.

"ആപാതെപക്ഷിസംഘാനാംപക്ഷിരാജഇവവ്രജൻ!
"ഹനുമാൻമേഘജാലാനിപ്രകർഷൻമാരുതൊയഥാ॥
"പാണ്ഡുരാരുണവർണ്ണാനിനീലമാഞ്ജിഷ്ഠകാനിച!
"കപിനാകൃഷ്യമാണാനിമഹാഭ്രാണിചകാശിരെ॥
"പ്രവിശന്നഭ്രജാലാനിനിഷ്പതംശ്ചപുനഃപുനഃ!
"പ്രഛന്നശ്ചപ്രകാശശ്ചചന്ദ്രമാഇവലക്ഷ്യതെ॥

ഹനുമാൻ ആകാശത്തിൽ ആദ്യമെ പക്ഷികളുടെ മാർഗ്ഗത്തിൽ പ്രവേശിക്കുന്നു. അവയിൽ പ്രധാനിയായ ഗരുഡനെപ്പോലെ പെട്ടെന്നു് അവയ്ക്കു മീതെ കയറി മേഘമാർഗ്ഗത്തെ അതിക്രമിക്കുന്നു. കുറെ പൊക്കത്തോളം വായുപ്രവാഹത്തെ തുടൎന്നു് മേഘങ്ങൾ ഹനുമാന്റെ പിന്നാലെ പായുന്നു. അനന്തരം അതിലും മുകളിൽ ആകുമ്പോൾ കീഴിലുള്ള മേഘങ്ങളാൽ ഇടയ്ക്കിടയ്ക്കു മറയ്ക്കപ്പെടുകമാത്രം ചെയ്യുന്നതിനാൽ "പ്രഛന്ന"നായും "പ്രകാശ"മാനനായും കാണപ്പെടുന്നു. അതിലും ഉപരിയാണു് "ചന്ദ്രമാഇവലക്ഷ്യതെ" ചന്ദ്രനെപ്പോലെ കാണപ്പെടുന്നതു്. അന്യ പദാർത്ഥങ്ങളിൽ സൂര്യരശ്മി തട്ടാതിരിക്കത്തക്കവണ്ണം ആ പ്രദേശങ്ങളിൽ സൂര്യൻ അസ്തമിച്ചുപോകയും, ആഞ്ജനേയ പന്ഥാവിന്റെ ഔന്നത്യത്താൽ അദ്ദേഹത്തിന്റെ ഗാത്രത്തിൽ മാത്രം സൂര്യരശ്മി തട്ടുകയും, ചെയ്ക നിമിത്തം ആയതു് ചന്ദ്രനെപ്പോലെ കിരണാവലി തൂകി ചുററുമുള്ള അഭ്രജാലങ്ങളെ പ്രകാശിപ്പിക്കുന്നതും, അവയാൽ ഇടയ്ക്കിടെ മറക്കപ്പെടുന്നതും അവയെ വിട്ടു് ഇടയ്ക്കിടെ പ്രകാശിക്കുന്നതും, ചിന്താഗോചരവും ഏററവും സ്വാഭാവികവും കൌതുകാവഹവുമായ ഒരു കാഴ്ചയാണു്. ഹനുമാൻ പുറപ്പെട്ടു്

൩൩൩ മൈൽ ചെല്ലുമ്പോൾ ൩ മണിക്കൂർ സമയം ആയിരിക്കാം. ആ സമയം ആദിത്യബിംബം മഹേന്ദ്രഗിരിക്ക് ൨൦° പടിഞ്ഞാറ് രേഖാംശം ന്നാ-ലും, ഹനുമാൻ ടാസ്മേനിയാവിനും ന്യൂസിലൻഡിനും മദ്ധ്യെ കടലിനു മീതെയും ആയിരിക്കാം. മിക്കവാറും ആ സമയത്തായിരിക്കും ഹനുമൽപൻഥാവിന്റെ കീഴിലുള്ള ഭൂപ്രദേശങ്ങളിൽ സന്ധ്യയാവുക. (ന്യൂസീലൻഡിലെ സൂര്യാസ്തമനം അപ്പോഴാണെന്നു പ്രസ്താവിച്ചിട്ടുണ്ടല്ലോ) അപ്പോൾ അദ്ദേഹത്തിന്റെ പ്ലവനമാർഗ്ഗം ൭൦ മൈൽ പൊക്കത്തിനു മീതെയായിരിക്കും. അതിൽപിന്നീടായിരിക്കണം അദ്ദേഹത്തിനു ചന്ദ്രമസ്സിന്റെ സാദൃശ്യം പൂർത്തിയാകുന്നതു്. "അരുണവർണ്ണമായും നീലവർണ്ണമായും മാഞ്ജിഷ്ഠവർണ്ണമായും ഉള്ള അഭ്രജാലങ്ങൾ ആദിത്യാസ്തമന കാലത്താണല്ലോ ധാരാളം കാണാറുള്ളതു്. അപ്പൊഴത്തെ കാഴ്ചയായിരിക്കും ഈ വർണ്ണനയിൽ കാണുന്നതു്.

൩൩. ശരീരപരിമാണം.

ശൈലരാജാവിന്റെ സ്വാഗതസല്ക്കാരാദികളെ കപിശ്രേഷ്ഠൻ വാക്കുകളാൽ സ്വീകരിച്ചു് "പ്രീതോസ്മി, കൃതമാതിഥ്യം, മന്യുരേഷോപനീയതാം" വളരെ സന്തോഷമായി ഞാൻ സല്ക്കാരമെല്ലാം സ്വീകരിച്ചു. പരിഭവിക്കരുതു്. എന്തെന്നാൽ നേരം അതിക്രമിച്ചു പോയി" എന്നെല്ലാം ഭംഗി പറഞ്ഞു് "പാണിനാശൈലമാലഭ്യ" കൈകൊണ്ടു് രാജകുമാരന്റെ പുറത്തു് തട്ടിയുംവച്ചു് പൊയ്ക്കളകയാണു് ചെയ്തതു്. രണ്ടുപേരും സമനിരപ്പിൽ ഉയൎന്നല്ലാതെ ഇതൊന്നും സാധിക്കയില്ലെന്നു കാണാമല്ലോ.

"അതൊർദ്ധ്വമുൽപ്പത്യഹിത്വാശൈലമഹാർണ്ണവൌ
"പിതു: പന്ഥാനമാശ്രിത്യജഗാമവിമലെംബരെ॥
"ഭൂയശ്ചോർദ്ധ്വഗതിംപ്രാപ്യ............

"അവിടുന്നും മേല്പോട്ടുയൎന്നു കുതിച്ചു് മഹോദധിയെയും പർവ്വതത്തെയും വിട്ടു് വായുമാർഗ്ഗത്തെത്തന്നെ അവലംബിച്ചു.

വീണ്ടും അവിടുന്നു മേല്പോട്ടുയൎന്നു് നിൎമ്മലമായ—മേഘാവരണമില്ലാത്ത—അംബരത്തിൽക്കൂടിത്തന്നെ യാത്രചെയ്തു." അപ്രകാരം ക്രമപ്രവൃദ്ധമായ കിളരത്തിൻെറ പരമാവധി ൧൦൦ യോജന (മൈൽ) ആയി എന്നു വെയ്ക്കുക. ആ നിലയിലാണു് "സൂൎയ്യസങ്കാശ"യായ സുരസ രാക്ഷസീരൂപമായി സമുദ്രമധ്യത്തിൽ വന്നുകൂടിയതു്. വഴിയ്ക്കു നാഗദ്വീപിൻെറ സ്ഥാനം കഴിഞ്ഞുപോകയാൽ അവിടെ കാണാറായതു് സൂൎയ്യനു തുല്യമായി പ്രകാശിക്കുന്ന നാഗമാതാവിൻെറ ദിവ്യരൂപംതന്നെയാണെന്നു സ്പഷ്ടമായിരിക്കുന്നു. ഇതും പകൽ ആയിരുന്നാൽ സ്വയംപ്രകാശംകൊണ്ടു 'പകലോനു' തുല്യമാവാൻ സാദ്ധ്യമല്ലായ്കയാൽ സമയം രാത്രിയാണെന്നു കാണിക്കുന്നു. സുരസാദേവി ഹനുമാനെ വഴി വിടാതെ തടുത്തു് നിൎബ്ബന്ധമായി വായ്ക്കകത്തു പ്രവേശിക്കാൻ കല്പിച്ചപ്പോൾ അദ്ദേഹം കോപിച്ചു് "എന്നാൽ വാ പൊളിക്കുക"എന്നു മറുപടിപറഞ്ഞു.

"ഇത്യുക്ത്വാസുരസാംക്രുദ്ധോദശയോജനമായതഃ
"ദശയോജനവിസ്താരൊബഭൂവഹനുമാൻസ്തദാ॥

"പത്തു യോജന നീളമുണ്ടായിരുന്ന ഹനുമാൻ പത്തുയോജന വിസ്താരം (വണ്ണം) ഉള്ളവനായി തീൎന്നു." ഇതിൽനിന്നും അതുവരെ ഹനുമാൻെറ ശരീരത്തിനു് ൧൰ യോജന പൊക്കവും അതിനു തക്ക വണ്ണവും (അതിൻെറ മൂന്നിൽ ഒരംശം ആണെന്നു് ഈ അധ്യായത്തിൽ പറഞ്ഞിട്ടുണ്ടു്) ഉണ്ടായിരുന്നതായി വിചാരിക്കേണ്ടിയിരിക്കുന്നു. മഹേന്ദ്രഗിരിയിൽ നിന്നു ചാടി സമുദ്രം കടന്നു് മൈനാകവുമായി കൂടിക്കാഴ്ച നടത്തി വായുമാൎഗ്ഗമായി നൂറു യോജന ഉയൎന്നു വന്ന ഹനുമാൻെറ ശരീരം ഈ പരിമാണത്തിലുള്ളതായിരുന്നു എന്നു നിരൂപിക്കതന്നെ. മഹൎഷി അപ്രകാരംതന്നെയാണു് നിസ്സംശയം അന്തഃകരണസമ്മതിയോടുകൂടി ഉദീരണം ചെയ്യുന്നതു്. മഹേന്ദ്രഗിരി ഭാരം താങ്ങാതെ പതുങ്ങി അമൎന്നതും, പൎവ്വതത്തിലെ വിടപിസഞ്ചയങ്ങൾ അടിപറിഞ്ഞു് അംബരമാൎഗ്ഗമായി അനുയാത്ര

ചെയ്തതും, സമുദ്രജലം വസ്ത്രമുയരുംപോലെ ഒരു പടലമായി മേല്പോട്ടുയൎന്നു മേഘങ്ങളിൽ മേളിച്ചതും, ജലജന്തുക്കളെ നഗ്നമായി വെളിപ്പെടുത്തിയതും, ഒന്നും വെറുതെ അല്ലെന്നും എല്ലാം പരമാൎത്ഥസംഭവത്തിന്റെ ഒരു പ്രതിഛായ മാത്രമാണെന്നും ഈ ശരീരപരിമാണംകൊണ്ടു ഗണിച്ചറിയാവുന്നതാണു്. "സഹസ്രാംവദൎശകം ആലിഖ" എന്ന പ്രമാണപ്രകാരമേ ആദികവി കാവ്യം ചമച്ചിട്ടുള്ളു എന്നും മനസ്സിലാക്കാവുന്നതാണു്.

൩൮. ശരീരപരിമാണത്തെ പരാമൎശിക്കുന്ന

വിവരണങ്ങൾ.

"ഉപരിഷ്ടാച്ഛരീരേണഛായയാചാവഗാഢയാ!
"സാഗരേമാരുതാവിഷ്ടാനൌരിവാസീത്തദാകപിഃ॥

'മുകളിൽ മുമ്പോട്ടു കേറി പായുന്ന ഹനുമാന്റെ ശരീരത്തോടുടന്നു് വെള്ളത്തിൽകൂടി പിന്നാലെ വലിഞ്ഞിഴഞ്ഞു പോകുന്ന വലുതായ ഛായയോടുകൂടിയ ആ മഹാകപി, കടലിൽ കാററു പിടിച്ചോടുന്ന മഹത്തായ കപ്പൽപോലെ കാണാറായി' എന്നാണു് വൎണ്ണിച്ചിട്ടുള്ളതു്. ഈ ഛായയോ "ദശയോജനവിസ്തീൎണ്ണാത്രിംശദ്യോജനമായതാ" പത്തു യോജന വിസ്താരവും ൩൦ യോജന നീളവും ഉള്ളതായിരിക്കകൊണ്ടു് ആയതു് ഈ ശരീരത്തിനുള്ളതുതന്നെ എന്നു് ഊഹിക്കത്തക്കതായിരിക്കുന്നു. ജലത്തിലെ വിപുലമായ ഈ ഛായ മുകളിലെ നിജരൂപവുമായി യോജിച്ചു് മുമ്പ ശരീരവും പിന്നാലെ നിഴലുമായി സമുദ്രഭാഗങ്ങളെ തരണം ചെയ്തുപോകുന്ന ആ കാഴ്ചയെ ആൎഷകവി എത്ര ഭംഗിയായി ചിത്രീകരിക്കുന്നു എന്നു നോക്കുക. ഇവിടെ പ്രകൃതപദാൎത്ഥം ഉപമാനത്തെക്കാൾ എത്രയോ വലുതാണെങ്കിലും അതിനെ ഭാവഗോചരമാക്കുന്നതിൽ മഹാകവി അതിശയോക്തി ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അതു വിപരീതഭാവത്തിലാണെന്നു് ഓൎമ്മിക്കാനുള്ളതാണു്. കപ്പൽ എത്ര വലുതായാലും അതിനു് ൩൦ യോജന നീളം കല്പിക്കാവുന്നതല്ല.

"അപ്രമാണശരീരഃസൻ" 'കണക്കില്ലാതെ വളൎന്നു വലുതായ ശരീരത്തോടുകൂടി' എന്നു പറഞ്ഞിട്ടുള്ളതു് ഈ കണക്കനുസരിച്ചാണെങ്കിൽ അതു് സൎവ്വഥാ യുക്തംതന്നെ. അണിമാദ്യൈശ്വൎയ്യസിദ്ധിയുള്ളവൎക്കു് ഇതു് സാദ്ധ്യമാണെന്നു് പ്രമാണമുണ്ടെങ്കിലും, അതു പരീക്ഷിച്ചറിവാൻ സാദ്ധ്യമല്ലായ്കയാൽ, മഹൎഷി പറഞ്ഞിട്ടുള്ള രീതിയിൽ പൂൎവ്വാപരസംബന്ധം നിരൂപിച്ചും, ഭൂപ്രകൃതിയെയും പ്രകൃതിശക്തിയെയും പററി നമുക്കുള്ള അറിവുകൊണ്ടും സാധൂകരിക്കാൻ നിവൃത്തിയുണ്ടോ, എന്നുമാത്രമെ തൽക്കാലം നിരൂപിക്കേണ്ടതുള്ളു. ഭൂമിയിൽ ഏററവുമുയൎന്ന ഹിമവാന്റെ വരശൃംഗത്തെ (ഗൌരീശൃംഗത്തെ) അരയോളം പൊക്കത്തിൽ അളവിട്ടുകൊണ്ടു് അന്തരീക്ഷത്തെക്കടന്നു് മേല്പോട്ടു വളൎന്നുപോകുന്ന ആ ശരീരത്തിനു് ഭഗവാൻ ത്രിവിക്രമമൂൎത്തിയുടെ ശരീരത്തോടു് ഏതാണ്ടു സാദൃശ്യമുണ്ടായിരുന്നതായി ആദികവി തന്നെ പറഞ്ഞുകാണുന്നു. ഭൂതലത്തിൽ അടുത്തു നില്ക്കുന്ന വാനരങ്ങൾക്കുപോലും ൧൦ മൈൽ പൊക്കത്തിലുള്ള അദ്ദേഹത്തിന്റെ മുഖവും കണ്ണും മൂക്കും എല്ലാം എങ്ങിനെ കാണ്മാൻ കഴിയും എന്നുള്ള സംശയത്തിനു്, ആ ശരീരത്തിലെ പരിമാണക്രമം അനുസരിച്ചു് ആ ശിരസ്സിനു തന്നെ ഒരു മൈലിൽ അധികം വലിപ്പമുണ്ടായിരിക്കും എന്നും ആയതു് ഉദയ സൂൎയ്യന്റെ പൊന്മയൂഖങ്ങളാൽ തടവില്ലാതെ തലോടപ്പെട്ടിരിക്കും എന്നും സമാധാനപ്പെട്ടുകൊള്ളാവുന്നതാണു്. ഇതിൽ എത്രയോ ദൂരസ്ഥങ്ങളായ ചന്ദ്രൻ മുതലായവയെപ്പോലും നമുക്കു കാണ്മാൻ സാധിക്കുന്നതു്, അവയുടെ വലിപ്പവും അവയിൽ തട്ടുന്ന വെളിച്ചവും നിമിത്തമാണെന്നു പറയേണ്ടതില്ലല്ലോ. ആ ശരീരത്തിന്റെ പാദങ്ങൾക്കും ഒന്നൊന്നര മൈൽ നീളമുണ്ടായിരിക്കണം ആ പാദങ്ങൾ ചവിട്ടിയുറപ്പിക്കാനായി പൎവ്വതപ്രദേശം മൂന്നു നാലു മൈലെങ്കിലും ഒരുക്കിയിടാതെ സാധിക്കയില്ല. അതിനാലത്രെ—

"ദപിജാൻവിത്രാസയൻധീമാനുരസാപാദപാൻഹരൻ॥
"മൃഗാംശ്ചസുബഹൂന്നിഘ്നൻപ്രവൃദ്ധഇവകേസരീ"

മദിച്ച സിംഹത്തെപ്പോലെ ഒട്ടവളരെ മൃഗങ്ങളെ നിഗ്രഹിക്കയും പക്ഷികളെ പേടിപ്പിക്കയും നെഞ്ചുകൊണ്ടിടിച്ച് * വൃക്ഷങ്ങളെ മറിച്ചിടുകയും (ആ സമയത്തെ രൂപത്തിനത്രമാത്രമെ വലിപ്പമുണ്ടായിരിക്കു) ചെയ്യുതു". ഇതു സ്വ ശരീരം വളൎന്നവരുമ്പോൾ കഷ്ടിച്ച കാലു കുത്താനെങ്കിലും സ്ഥലമുണ്ടാക്കാൻ മാത്രമായിരുന്നു. എന്നിട്ടും ചുററുമുള്ള പടൎപ്പുകളും മരാമരങ്ങളുമെല്ലാം അടി പറിഞ്ഞു് ആകാശത്തിലേക്കുയൎന്ന കഥ നിരൂപിച്ചുനോക്കുക. ഹൃദയവീക്ഷണം വികസിക്കുന്നതായി തോന്നുന്നു.

നിഴലിൻെറ ൩൦ യോജന നീളം ശരീരദൈൎഘ്യത്തിൻെറ മൂന്നിരട്ടിയാണു്. ഭൂതലത്തിൽ ഒരു വസ്തുവിൻെറ നിഴൽ മൂന്നിരട്ടി വലുതായിരിക്കണമെങ്കിൽ അതിനു വെളിച്ചം നല്കുന്ന ആദിത്യൻ ആ നിരപ്പിൽനിന്നും ൧൮ ° മേല്പോട്ടുയൎന്നിരിക്കണമെന്നു് പരിശോധിച്ചു മനസ്സിലാക്കാം. ഉദാഹരണമായി

ഇതിൽ കൊടുത്തിട്ടുള്ള രൂപത്തെ ശ്രദ്ധിക്കുക. A B. എന്ന ഒരു സ്ഥംഭത്തിനു ൧൦ അടി പൊക്കവും അതിൻെറ നിഴലായ A C യ്ക്കു ൩൦ അടി നീളവും ഉണ്ടെന്നു വിചാരിക്കുക. അപ്പോൾ C B യുടെ ചൊവ്വ് നില്ക്കുന്ന സൂൎയ്യൻ ൧൮ ° പൊക്കത്തിൽ ആണെന്നു കാണാം. എന്തെന്നാൽ A C B എന്ന കോണത്തിൻെറ അകലം ൧൮ ° ആണെന്നു മട്ടം പിടിച്ച് അളന്നു നോക്കാവുന്നതാണു്. ൧൦ അടിയ്ക്കു പകരം ൧൦

* നെഞ്ചുകൊണ്ടടിച്ചു വൃക്ഷങ്ങളെ മറിക്കാൻ മാത്രം.

മൈൽ ആയാലും ഫലം ഇതു തന്നെ. എന്തെന്നാൽ C A യും C B യും സൂൎയ്യന്റെ ചൊവ്വ് നീട്ടിക്കൊണ്ടു പോകുന്തോറും A B യുടെ പൊക്കം കൂടുതലാകുന്നതല്ലാതെ C യിലുള്ള കോണത്തിന്റെ അകലം ഭേദപ്പെടുന്നില്ലെന്നു കാണാവുന്നതാണ്. A B യ്ക്കു ൧൦ മൈൽ പൊക്കം ഉണ്ടാകുന്നതു വരെ നീട്ടിയാലും കോണത്തിന്റെ അകലം ൧൮° തന്നെ ആയിരിക്കും. അതിനാൽ സൂൎയ്യന്റെ ഗതിവേഗം അനുസരിച്ച് ൧൫° യ്ക്ക് ഒരു മണിക്കൂറും ഒരു തിയതിക്ക് ൪ മിനിററും കണക്കുകൂട്ടിയാൽ ആ സമയം സൂൎയ്യൻ ഉദിച്ച് ൧ മ: ൧൨ മിനിററ് ആയിരിക്കണം. ഇതിൽ ½ മണിക്കൂർ പ്ളവനാരംഭത്തിനു മുമ്പു കഴിഞ്ഞുപോകയാൽ അതിനുള്ള ൭½ തിയതി ൧൮ തിയതിയിൽ നിന്നു കുറച്ചാൽ ൧൦½° മാത്രമെ ഹനുമാന്റെ സഞ്ചാരത്തിനിടയിൽ ഉയൎന്നിട്ടുള്ളു എന്നു കാണാം. അതുതന്നെ സൂൎയ്യനും ഹനുമാനും പരസ്പരാഭിമുഖമായി ചെയ്ത യാത്രാഫലമായി സംഭവിച്ചതാണ്. ആദിത്യഗതി ഒരു മണിക്കൂറിൽ ൧൫ തിയതിയാകയാൽ ഒരു മിനിററിൽ $\frac{15}{60} = \frac{1}{4}$ തിയതിയാണ്. ഹനുമൽഗതി ഒരു മിനിററിൽ $\frac{666}{60} = 11\frac{1}{10}$ മൈൽ $= \frac{999}{6250}$ തിയതി. അതുകൊണ്ടു സൂൎയ്യനും ഹനുമാനുംകൂടി ഒരുമിനിററിൽ $\frac{1}{4} + \frac{999}{6250}$ തിയതി $= \frac{5123}{12500}$ തിയതി അതിക്രമിക്കുന്നു. അതിനാൽ $10\frac{1}{2}$ തിയതി അതിക്രമിക്കാൻ വേണ്ടിവരുന്ന സമയം $10\frac{1}{2} \div \frac{5123}{12500} = 25\frac{3 \ldots}{5 \ldots}$ മിനിററ് എന്നു കിട്ടുന്നു. ഈ സമയംകൊണ്ടു ഹനുമാൻ മഹേന്ദ്രഗിരിയിൽനിന്നും സുമാർ ൨൮൪ മൈൽ കടന്നുപോയിരിക്കും. അപ്പോൾ സമുദ്രനിരപ്പിൽനിന്നും അദ്ദേഹം ൩൨ മൈൽ നീളത്തിന് ഒരുമൈൽ പൊക്കമനുസരിച്ച് ൮·൮൪ മൈൽ ഉയൎന്നിരിക്കണം. ഈ ഇടകൊണ്ടായിരിക്കാം അദ്ദേഹത്തിന്റെ ഗതിവേഗത്താൽ സമുദ്രജലത്തിലുണ്ടാകുന്ന കലാപങ്ങൾ ഏററവും പ്രബലമായിരുന്നിരിക്കാവുന്നതു്. ൧൦ അടി നീളവും ൩ ൧/൨ അടി വീതിയുമുള്ള ഒരു സാധനം വെള്ളത്തിന്മീതെ രണ്ടുമൂന്നടി പൊക്കത്തിൽ നിറുത്തിക്കൊണ്ടു് സെക്കന്റ്സ് ഒന്നിനു

ൻെറ അടി ഗതിവേഗത്തോടു കൂടി ചലിപ്പിച്ചുനോക്കിയാൽ എത്ര അടി ഉയരത്തിൽ ഓളമുയരുമെന്നും എത്ര അടി പൊക്കത്തിൽ വെള്ളം തെറിക്കുമെന്നും എത്ര പൊക്കത്തോളം നീർത്തുള്ളികൾ പരക്കും എന്നും ഒരുവിധം കണ്ടു മനസ്സിലാക്കാം. ഇവിടെ അടികണക്കായി കാണുന്നതു് മൈൽ കണക്കായി മാററിയാൽ പ്രകൃതത്തിനുയോജിപ്പിക്കാം. അപ്പോൾ മൂന്നുനാലുമൈൽ പൊക്കത്തിൽ ചരിക്കുന്ന മേഘങ്ങളിൽ സമുദ്രജലം കലൎന്നതായി കവി വൎണ്ണിക്കുന്നതു സത്യംതന്നെയാണെന്നു ബോദ്ധ്യമാകും. ധനുമാസത്തിൽ തെക്കുകിഴക്കായി സൂൎയ്യൻ ഉദിക്കയും തെക്കുകിഴക്കായി തന്നെ...."ആദിത്യംഅഭിഗന്തുംസമുത്സഹേ" എന്നു പറഞ്ഞിട്ടുള്ളതുപോലെ, അദ്ദേഹം യാത്ര തിരിക്കയും ചെയ്കയാൽ നിഴൽ വീഴുന്നതു് നേരെ പുറകിലായിരിക്കും എന്നും ഓർമ്മിക്കുക. കാററുപിടിച്ചു മുമ്പോട്ടുന്തിയ കപ്പൽപ്പായപോലെ ഹനുമാൻെറ ഊർദ്ധ്വാംഗങ്ങൾ മുമ്പോട്ടുന്തിയും അധോഭാഗങ്ങൾ പുറകോട്ടിടിഞ്ഞും കാററത്തു പ്രയാണംചെയ്യുന്ന ശരീരം മുകളിലും അതിൻെറ മുന്നിരട്ടി വലിപ്പമുള്ള നിഴൽ നേരെ പിന്നാലെ അതിനു കീഴിലും രണ്ടിനും തമ്മിലുള്ള ഇട പാതടിക്കു് രണ്ടു മൂന്നടിയും ആയ ഈ കാഴ്ചയെ പ്രത്യക്ഷം കണ്ട ഒരു കവിയ്ക്കല്ലാതെ ഇത്ര സൂക്ഷ്മമായി വർണ്ണിച്ചു മററുള്ളവരുടെ മനക്കണ്ണുകൾക്കു ഗോചരമാക്കുവാൻ സാധിക്കയില്ലെന്നു തോന്നുന്നു.

൩൭. സുരസാമുഖം.

ഇക്കാലത്തു നാലഞ്ചുമൈലിലധികം മേൽപ്പോട്ടു പോയിട്ടുള്ള വൈമാനികന്മാർ അവിടത്തെ വായുമണ്ഡലത്തിനു ശ്വാസോച്ഛ്വാസ ക്ഷമതയില്ലെന്നും അതിലും മേൽപ്പോട്ടുപോയാൽ ജീവധാരണം സാദ്ധ്യമല്ലെന്നും പ്രസ്താവിക്കുന്നുണ്ടു്. ആയതു് സാധാരണ ജീവികളെ സംബന്ധിച്ചു് പരമാർത്ഥവും ആയിരിക്കണം. എന്നാൽ ശ്വാസനിരോധം ചെയ്തു് യോഗസിദ്ധി വരുത്തിയിട്ടുള്ള ദിവ്യന്മാരെ ബാധിക്കയില്ലെന്നു് തോന്നി

ച്ചിരിക്കേണ്ടതാണ്. പുരാണകവികളും വായുമണ്ഡലത്തിന് അതിരു കല്പിച്ചുകാണുന്നു.

"അധസ്താൽ ശതയോജനാന്തരെണെയം പൃഥിവീ!
"യാവൽ ഹംസഭാസശ്യേനസുപർണ്ണാദയപതത്രിപ്രവരാ
"ഉൽപ്പതന്തി.॥" (ഭാഗവതം പഞ്ചമസ്കന്ധം)

"ഭൂമിയോടടുത്ത് ൧൦൦ യോജനയ്ക്കു താഴെയുള്ള സ്ഥലമെല്ലാം ഭൂമിതന്നെ. "ഹംസഭാസശ്യേനസുപർണ്ണാദികളായ പതത്രിപ്രവരങ്ങൾ പറക്കുന്നതെല്ലാം ഇതിനകത്താണ്." പക്ഷികൾ പറക്കുന്ന പൊക്കം ഉൾപ്പെടെ ൧൦൦ യോജന പൊക്കത്തോളം ഒരുമിച്ചു ശേഖരമായി ഭൂമിയാണെന്നു പറഞ്ഞത്, യോഗസിദ്ധിയും തപശ്ശക്തിയുംകൊണ്ട് പാർത്ഥിവശരീരത്തോടുകൂടി സഞ്ചരിക്കാവുന്ന പരമാവധിയായിട്ടായിരിക്കണം. ഹനുമാൻ അക്കൂട്ടത്തിൽ ഉൾപ്പെടുത്താവുന്ന ഒരു ദിവ്യൻ ആണെന്നും പറയേണ്ടതില്ലല്ലോ. അദ്ദേഹം വളരെക്കാലം തപസ്സുചെയ്തു് അണിമാദ്യൈശ്വര്യങ്ങളെ സമ്പാദിച്ചിട്ടുള്ള ഒരാളാണെന്നു ഇവിടെ ഉദാഹരിച്ചിട്ടുള്ളതു കൂടാതെ ഗ്രന്ഥാന്തരങ്ങളിലും വിവരിച്ചുകാണുന്നു. ഏതായാലും സുരസയുമായി കൂടിക്കാഴ്ച നടത്തിയ സ്ഥാനത്തു ഹനുമൽപ്പാതയുടെ പൊക്കം ൧൦൦ മൈൽ ആയിരിക്കണം. പത്തു യോജന നീളവും അതിന്റെ മൂന്നിലൊരംശം വണ്ണവുമുള്ള ഹനുമാനെ വിഴുങ്ങാൻ തുറന്നുകാണിച്ച സുരസയുടെ വിപുലമായ വക്ത്രത്തിന് അഞ്ചുയോജന വിസ്താരമുണ്ടായിരിക്കണം. ആ വക്ത്രത്തെ വഹിക്കുന്ന ഉടലിനു സാമാന്യമായി അതിന്റെ ൨൦ മടങ്ങു വലിപ്പമുണ്ടായിരിക്കണം. അപ്പോൾ ൧൦൦ യോജന പൊക്കം സുരസയ്ക്കും വന്നുകൂടും. ആ ശരീരത്തിന്റെ പത്തിൽ ഒരംശം നീളമുള്ള ഹനുമാൻ മുഖത്തിനു നേരെ വരുന്നു. ഇങ്ങിനെയായാലല്ലാതെ കഥാപാത്രങ്ങൾക്കു യോജിപ്പില്ല. കഥാരംഗമൊ മൈനാകദ്വീപിനു കിഴക്കു വിസ്തീർണ്ണമായി തുറന്നു കിടക്കുന്ന മഹോദധി. സുരസയുടെ നിർബ്ബന്ധം കണ്ടു് ഹനുമാൻ ൧൦ യോജന വണ്ണമുള്ളവനായി വളന്നു. അപ്പോൾ ശരീരദൈർഘ്യം ൩൦

യോജനയായിരിക്കണം. ഇതു കണ്ടു് സുരസ സ്വ വക്ത്രത്തെ ൨൦ യോജന വിസ്താരമുള്ളതാക്കി. അതിലധികം ഹനുമാനും സ്വ ശരീരത്തെ വിപുലപ്പെടുത്തി. ഇപ്രകാരം നാലഞ്ചാവൎത്തി അവർ മത്സരിച്ചു പരാക്രമം പ്രകടിപ്പിച്ചപ്പോൾ ഹനുമാന്റെ ശരീരത്തിനു ൯൦ യോജന വണ്ണവും അതിനടുത്ത ൨൦൦ യോജന നീളവും വന്നുകൂടി. സുരസ തദ്ദ്വാരി ൱൦൦ യോജന വിസ്താരത്തിൽ വായും പിളൎന്നു. ഇവരുടെ ഈ വിദ്യകൾ അഭിനയിച്ചു് നല്ലവണ്ണം കാൺമാൻ ദേവൎഷി ഗന്ധൎവ്വാദികൾകൂടി തീൎച്ചയാക്കിയ രംഗപ്രദേശം ഈ 1 "കൊളൊഷ്യ" മല്ലാതെ മറെറാന്നുമായാൽ അത്ര ഭംഗിയാകയില്ലെന്നു മാത്രമല്ല അഭിനയിക്കാൻസാധിക്കുമൊ എന്നുപോലും സംശയം തോന്നിപ്പോകുന്നു. ലങ്കയ്ക്കുള്ളദൂരം 'ശതയോജനം'എന്നുപറഞ്ഞതു് അനവധി എന്ന അൎത്ഥത്തിലല്ലാതെ വെറും നൂറു് എന്നു മാത്രം കണ്ണടച്ചുതിട്ടപ്പെടുത്തിയാൽ ഇടയ്ക്കുള്ള കടലിൽ ൨൦൦൦ യോജന പൊക്കവും അതിനു തക്ക വണ്ണവുമുള്ള സുരസയ്ക്കു നില്പാൻ സ്ഥലമില്ല. ൯൦ യോജന വണ്ണവും ൨൦൦ യോജന പൊക്കവും ഉള്ള ഹനുമാനു് ചാടിക്കടക്കേണ്ട കാൎയ്യവും ഇല്ല. ഹനുമാന്റെ ശരീരവിസ്തൃതിയുടെ പരമാവധി ഈ യാത്രയിൽ ഇത്ര മാത്രമാണെന്നു തോന്നുന്നു. അതിനാൽ ആയിരിക്കണം ൱൦൦ യോജന വാ തുറന്നപ്പോൾ അംഗുഷ്ഠപ്രമാണമായി പെട്ടെന്നു ശരീരത്തെ ചുരുക്കി ഒരു നിമിഷത്തിൽ വായ്ക്കകത്തു കടന്നു് സുരസ വായടയ്ക്കും മുമ്പായി മിന്നൽപോലെ പുറത്തു ചാടി അദ്ദേഹം സുരസയെ തോല്പിച്ചതു്. മഹേന്ദ്രഗിരി മുതൽ കാവേരി മുഖം വരെ വ്യാപിച്ചിരിക്കുന്ന ഭൂപടത്തിലെ ഹനുമൽചിത്രത്തിനു സ്കെയിൽ അനുസരിച്ചു കാണുന്ന വലിപ്പവും ഇതിനു ശരിയായി കാണുന്നതു് ആശ്ചൎയ്യകരമായിരിക്കുന്നു. ഒരു പക്ഷെ അദ്ദേഹം ആ സമയം സ്വ ശരീരത്തിൽ ആവിഷ്കരിച്ച 'മഹിമാശക്തി'യുടെ പരമാവധി അതായിരിക്കാം. വലിയ ബാങ്കുകളിൽ പററു വരവു ചെയ്യുന്നവരുടെ നടപടി

1 പുരാതന റോമന്മാരുടെ സുപ്രസിദ്ധ രംഗഭൂമി.

പോലെ, അത്യാവശ്യങ്ങൾക്ക് പ്രകൃതിശക്തിയിൽ നിന്നും വേണ്ടിടത്തോളം കടംവാങ്ങിക്കയും ആവശ്യം കഴിഞ്ഞാൽ തിരിച്ചേല്പിക്കയും ചെയ്യുകയാണൊ അവരും ചെയ്യുന്നതു്?. ഇപ്രകാരമുള്ള ഏർപ്പാടിനു ലക്ഷ്യമായി പ്രകൃതി ദേവത കുറിച്ചുവെച്ചിട്ടുള്ള രേഖാപ്രമാണമായിരിക്കുമോ ഈ മഹാന്മാർക്കുണ്ടെന്നു പറയപ്പെടുന്ന 'വിശ്വരൂപം'? അതായതു വിശ്വത്തിൽ നദീപർവ്വത ജലാശയ സങ്കലിതമായ ഭൂപ്രദേശത്തിൽ സ്വ ശരീര മുദ്രയും, സ്വ ശരീരത്തിൽ നദീപർവ്വത ജലാശയസങ്കലിതമായ വിശ്വത്തിന്റെ മുദ്രയും സ്ഥിരമായി പതിച്ചു സൂക്ഷിച്ചിട്ടുണ്ടെന്നുള്ള വസ്തുത.

൯൬. ഹനുമാന്റെ നേത്രങ്ങൾ.

സുരസയെ കടന്നു പിന്നീടു പ്രയാണം ചെയ്ത പാതയും അത്യുന്നതമായ ഒന്നുതന്നെയായിരുന്നു. സിദ്ധഗന്ധർവ്വയക്ഷ വിദ്യാധരന്മാർ സഞ്ചരിക്കുന്നതും, അനവധി വിമാനങ്ങൾ കടന്നു പായുന്നതും ആയ വായുവിതാനത്തിൽകൂടിയായിരുന്നു പിന്നത്തെ യാത്ര.

"ഗ്രഹനക്ഷത്രചന്ദ്രാർക്കതാരാഗണ വിഭൂഷിതെ" എന്നും, അതിനെ തുടർന്നുതന്നെ,

"സൂര്യ്യചന്ദ്രപഥെശിവെ" എന്നും പറഞ്ഞു കാണുന്നു. അവിടത്തെ വായുപടലങ്ങൾക്കുള്ള നേർമ്മയാൽ അവ സൂര്യ്യരശ്മിയെ പ്രതിഫലിച്ചു് ദൂരസ്ഥങ്ങളായ ഗ്രഹനക്ഷത്രങ്ങളെ മറയ്ക്കാൻ മാത്രം സാന്ദ്രതരമായ നീലാവരണമായിത്തീരുന്നതല്ല. അതിനാൽ ഹനുമൽപ്പാതയുടെ ആ പൊക്കത്തിൽ ദിനരാത്രഭേദം കൂടാതെ ഗ്രഹനക്ഷത്രങ്ങളെ കാണാമെന്നും സിദ്ധിക്കുന്നു. ആ സ്ഥിതിക്കു ഏകകാലത്തിൽതന്നെ "ദിവസധൂസര"നാകാത്ത ശശിയെ പ്രഭാകിരണകോമളനായി സൂര്യ്യനോടുകൂടി ദർശിക്കാനും സാദ്ധ്യമാണെന്നു താല്പര്യ്യം. സുരസയുമായി സന്ധിച്ച സ്ഥലത്തുവെച്ചായിരിക്കണം ഹനുമൽപ്പാതയിലെ അർദ്ധരാത്രി. ലങ്കയിലെ! സൂര്യ്യോദയവും ഏറെക്കുറയെ ആ സമയത്തു

തന്നെ ആയിരിക്കാം. ഹനുമാന്റെ വലത്തുവശത്തു ചക്രവാള സമീപത്തിലായി അപ്പോഴും അദ്ദേഹത്തിന് സൂൎയ്യമണ്ഡലം ദൃശ്യമായിരുന്നിരിക്കണം. അദ്ദേഹത്തിന്റെ സഞ്ചാരമാൎഗ്ഗം ക്രമേണ വടക്കുകിഴക്കോട്ടു ചാഞ്ഞു വരികയാൽ ക്രമേണ സൂൎയ്യന് അഭിമുഖമായും വരുന്നതാണ്. എന്നാൽ അദ്ദേഹം ലങ്കയ്ക്കഭിമുഖമായി ദക്ഷിണദിക്കിലേക്കു പ്രയാണം ചെയ്കയാണെന്നുള്ള ന്യായത്താൽ തന്റെ വലത്തു ഭാഗമായ പടിഞ്ഞാറുദിക്കിലാണ് സൂൎയ്യൻ സഞ്ചരിക്കുന്നതു് എന്നു സ്വാഭാവികമായി അദ്ദേഹത്തിന് തോന്നാനും ന്യായമുണ്ട്. ആ സമയത്തുതന്നെ അദ്ദേഹത്തിന്റെ ഇടത്തു വശത്തായി അന്നത്തെ തിഥിക്രമം അനുസരിച്ചു് ചന്ദ്രനെയും കാണ്മാൻ പാടില്ലായ്കയില്ല. അടിയിലെ ഭൂപ്രദേശത്തിൽ അപ്പോഴും രാത്രിയാണല്ലോ. "ചന്ദ്രസൂൎയ്യപഥേശിവെ" എന്നു് ഒരുമിച്ചു് പ്രയോഗിച്ചിരിക്കയാൽ അപ്പോഴും അദ്ദേഹത്തിന്റെ സഞ്ചാരവീഥിയിൽ ചന്ദ്രരശ്മിയും സൂൎയ്യരശ്മിയും ഒരുമിച്ചു് സംക്രമിക്കുന്നുണ്ടായിരിക്കണം. അതിനാൽ ഹരിശ്രേഷ്ഠന്റെ വലത്തുവശം സൂൎയ്യരശ്മി തട്ടിയും ഇടത്തുവശം ചന്ദ്രരശ്മി തട്ടിയും ഏകകാലത്തിൽ അപ്പോഴും പ്രകാശിക്കുന്നുണ്ടായിരിക്കണം. ആ രീതിയ്ക്കു് അദ്ദേഹത്തിന്റെ വലത്തെക്കണ്ണ് സൂൎയ്യപ്രഭയെ പ്രതിബിംബിച്ചും, ഇടത്തെക്കണ്ണ് ചന്ദ്രപ്രഭയെ പ്രതിബിംബിച്ചും അലോകസാമാന്യമായ ഒരു കാഴ്ചയ്ക്കു കാരണമായിതീൎന്നിരിക്കാം. അതിനാലാണ്,

"പിംഗെ പിംഗാക്ഷമുഖ്യസ്യബൃഹതീപരിമണ്ഡലെ!
"ചക്ഷുഷീസംപ്രകാശേതെചന്ദ്രസൂൎയ്യാവിവോദിതെ॥

"കപിശ്രേഷ്ഠന്റെ പിംഗവൎണ്ണങ്ങളും വൃത്താകാരങ്ങളും ബൃഹത്തുക്കളും (തലയുടെ വലിപ്പം അനുസരിച്ചു ൧൦൦൦—൧൫൦൦ അടി വ്യാസം വരാവുന്നതു്) ആയ കണ്ണുകൾ സൂൎയ്യചന്ദ്രന്മാർ ഒരുമിച്ചു് ഉദിച്ചതുപോലെ പ്രകാശിച്ചു." എന്നു നിസ്സംശയമായി ആൎഷകവി പ്രയോഗിച്ചിട്ടുള്ളതു്. പുരാണകൃതികളെ അബദ്ധമാക്കാൻ ശ്രമിക്കുന്നതു് അഭ്യസ്തവിദ്യന്റെ ലക്ഷണ

മാണെന്നു തെററിദ്ധരിച്ചിട്ടുള്ള ആധുനികന്മാർ അല്പം ചിന്തിക്കാനുണ്ടെന്നാണ് ഇവിടെ പറവാനുള്ളതു്. കവിഹൃദയമറിയാതെ കാടുകേറി പുരാണങ്ങളെല്ലാം കെട്ടുകഥകളായിത്തീൎന്നിട്ടുള്ള ഇക്കാലത്തു ഭാരതീയരുടെ കടമ ഈ വക ലോകോത്തര സാഹിത്യങ്ങളോടു് എത്രമാത്രം ഗൌരവമേറിയതാണെന്നു് പ്രത്യേകം പറയേണമെന്നില്ലല്ലോ.

൩൧. ഒരു ദിവസത്തിൽ രണ്ടുമദ്ധ്യാഹ്നങ്ങൾ.

ഹനുമാന്റെ വലത്തു ഭാഗത്തു് ദക്ഷിണാക്ഷാംശം ൨൦-ൽ കൂടി പടിഞ്ഞാട്ടു യാത്ര ചെയ്തുകൊണ്ടിരിക്കുന്ന സൂൎയ്യൻ അമേരിക്കയിൽ ഉദിച്ചിട്ടു് മുറയ്ക്കുയരുകയാണല്ലോ ചെയ്യുന്നതു്. മഹേന്ദ്രഗിരിയിൽനിന്നും ഉദയസൂൎയ്യനെ നോക്കി തെക്കുകിഴക്കായി ആരംഭിച്ച വാനരോത്തമന്റെ യാത്ര ന്യൂസീലൻഡു വരെ തെക്കുകിഴക്കോട്ടും അവിടം മുതൽ വടക്കു കിഴക്കോട്ടും ആയിത്തീരുന്നതും ഇതിനിടയ്ക്കു് ഉദയസൂൎയ്യൻ അദ്ദേഹത്തെ അഭിമുഖീകരിച്ചുയൎന്നുവന്നു് ആസ്ത്രേലിയാക്കു പടിഞ്ഞാറു ഭാഗത്തു് ഒരു സ്ഥാനത്തുവെച്ചു് മദ്ധ്യാഹ്നത്തെ നിൎവ്വഹിച്ചുകൊണ്ടു് അദ്ദേഹത്തെ കടന്നു് പടിഞ്ഞാട്ടു ചായുന്നതും അനന്തരം ധ്രുവത്തിന്റെ മറുവശത്തുകൂടി വലത്തുഭാഗത്തായി സഹയാത്ര ചെയ്യുന്നതും, വീണ്ടും ഹനുമാന്റെ ഗതി വടക്കു കിഴക്കായി തീരുമ്പോൾ പടിഞ്ഞാട്ടുതന്നെ ചരിച്ചുകൊണ്ടിരിക്കുന്ന സൂൎയ്യൻ അമേരിക്കയിൽ ഉദയവും മദ്ധ്യാഹ്നവും കഴിച്ചുകൂട്ടിക്കൊണ്ടു് പ്ലവഗേശ്വരന്റെ മുൻവശത്തുള്ള സമുദ്രപരമ്പരകളിൽ ഉദയരശ്മിയെ വിതരണം ചെയ്യുന്നതും എല്ലാം പ്രേക്ഷകന്മാരുടെ മനോദൃഷ്ടിക്കു ഗോചരമാകുന്നതാണു്. സമുദ്രലംഘനത്തിനുദ്യമിക്കുമ്പോൾ അദ്ദേഹം പറയുന്നു:—

“ഉദയാൽപ്രസ്ഥിതംവാപിജ്വലന്തംരശ്മിമാലിനം
അനസ്തമിതമാദിത്യംഅഭിഗന്തുംസമുത്സഹെ”

എന്ന ഈ ശ്ലോകത്തിന്റെ താല്പൎയ്യം ഇപ്പോൾ വിശദതരമായിത്തീരുന്നു. ‘ഉദയം മുതൽ യാത്ര ചെയ്തുകൊണ്ടിരിക്കുന്ന ആദിത്യൻ

അസ്തമിക്കുംമുമ്പായി—ഭൂപ്രദക്ഷിണം പൂൎത്തിയാക്കും മുമ്പായി—അദ്ദേഹത്തിന്ന് അഭിമുഖമായി ചെന്നു ചേരാനാണ്" ഞാൻ ഉത്സാഹിക്കുന്നതു്.' അതുതന്നെയാണ് അദ്ദേഹം സാധിച്ചതു്. ഹനുമാൻ ലങ്കയിൽ എത്തുമ്പോഠം ആദിത്യൻ അസ്തമിക്കായ്ക യാൽ ആഹ്നിക പരിവൎത്തനം പൂൎത്തിയായില്ലെന്നും പ്രത്യക്ഷ മാണെല്ലോ.

സുവേലപർവതത്തിൻെറ (ആൻഡീസ് പർവതങ്ങളുടെ) തുക്കായ നിരകഠം സമുദ്രത്തിൽ വിക്ഷേപിക്കുന്ന നീണ്ട നിഴലു കളെ ഹ്രസ്വമാക്കിക്കൊണ്ടു്സൂൎയ്യബിംബം ഹനുമാൻെറ വലത്തു വശത്തുനിന്നും നേരേ മുൻവശത്തേക്കു കടന്നുകേറുകയും മുഖത്തി ന്നനേരെ മുകളിൽ വന്നുകൂടുകയും ചെയ്യും. അതാണു് ഹനു മാൻെറ രണ്ടാമത്തെ മദ്ധ്യാഹ്നം. ൧൭൦-ാമത്തെ ഉച്ചരേഖയും ൩൦-ാമത്തെ അക്ഷാംശവൃത്തവും കൂടുന്ന സ്ഥലത്തായിരിക്കും അതു്. ഇതാണു് മുൻ കണക്കാക്കപ്പെട്ടിരിക്കുന്ന ഛായാഗ്രഹ ണിയുടെ സ്ഥാനം.

൩൮. ഹനുമാൻെറ ഛായയും രാക്ഷസിയും.

സിംഹികയെന്നും അംഗാരകയെന്നും ഛായഗ്രഹണിയെ ന്നുമെല്ലാം പറയപ്പെടുന്ന രാക്ഷസി അപ്പോഴാണു് നിഴലിൽ പിടികൂടുന്നതു്. ഹനുമാൻ ൩൦-ാമത്തെ അക്ഷാംശവൃത്തത്തിലും സൂൎയ്യൻ അതിനു വടക്കു് ൨൦-ാമത്തെ അക്ഷാംശവൃത്തത്തിലും ആയിരിക്കയാൽ ൧൦ തിയതി ചാഞ്ഞിരിക്കുന്ന സൂൎയ്യൻ മദ്ധ്യാ ഹ്നകാലത്തിലും ഹനുമാൻെറ നിഴലിനെ നേരേ തെക്കോട്ടു വി ക്ഷേപിക്കും. അപ്പോഠം ഹനുമാൻെറ നേരെ വടക്കു് ചക്രവാള വൃത്തത്തിൽ നിന്നും ൮൦° മുകളിലായിരിക്കും സൂൎയ്യൻെറ നില. ആ സമയം നൂറുമൈൽ പൊക്കത്തിൽ സഞ്ചരിക്കാൻ ഇടയുള്ള ഹനുമാൻെറ ൧൦ മൈൽ നീളമുള്ള ശരീരത്തിൻെറ നിഴൽ ഭൂ പ്രദേശത്തിൻ നേരേ കീഴിൽനിന്നും എത്രമാത്രം അകലെ നി പതിക്കും എന്നും അതിൻെറ ദൈൎഘ്യം എന്തായിരിക്കും എന്നുംഎല്ലാം ഗണനപടുക്കഠം കണക്കുകൂട്ടി നോക്കിക്കൊള്ളട്ടെ.

നട്ടുച്ചിയിൽ നിന്നും വടക്കോട്ടുള്ള ചായ്‌വ് ൧൦ തിയതി മാത്രം ആകയാൽ നൂറു മൈൽ പൊക്കത്തിൽ നിന്നായാലും നിഴൽ ൨൦ മൈലിൽ അധികം തെക്കോട്ട നീങ്ങിയിരിക്കയില്ല. നിഴലിന്റെ നീളവും ൧൦ മൈലിൽ കുറഞ്ഞു ഇരിക്കും. ശരീരം ഭൂമിയ്ക്കു ലംബരേഖയായി ഋജുവായിനിന്നാൽ നിഴലിനു ൨ മൈൽ നീളം വരുമായിരിക്കും. ശരീരം ഭൂമിക്കു സമാന്തരമായിരുന്നാൽ ൧൦ മൈൽ നിഴലിനുണ്ടായിരിക്കും. ചാടിപ്പോകുന്ന ശരീരത്തിന്റെ ഭാവം അനുസരിച്ച് ഇതിനിടയ്ക്കു വല്ല കോണായും ചാഞ്ഞിരുന്നാൽ (ലംബരേഖയ്ക്കും ഭൂസമാന്തരരേഖയ്ക്കും ഇടയിലുള്ള വല്ല കോണിലും) അതിനു തക്കവണ്ണം നിഴലും ൨ മുതൽ ൧൦ വരെ മൈൽ നീളമുള്ളതായിരിക്കും. ഈ സ്ഥാനത്തെ ലോകമുള്ള കാലത്തോളം വിസ്മരിക്കാതിരിക്കത്തക്കവണ്ണം ഉഭയഹസ്താകൃതികളായും മുഖാകൃതിയായും ഉള്ള മൂന്നു മഹാ ഗർത്തങ്ങളേയും ഇടയ്ക്കുള്ള തടത്താൽ ചാടുന്ന ഭാവത്തിലുള്ള ഹനുമച്ഛായയേയും വിരചിച്ചിട്ടുള്ള വിശ്വകർമ്മമഹാശില്പി ജയിക്കട്ടെ!. പുരാണമുനിയെ വിശ്വസിക്കുന്നതായാൽ, സൃഷ്ടിയുടെ ആരംഭകാലത്തിൽ ചില പ്രത്യേക കാരണങ്ങളാൽ ഉത്ഭവിച്ചിട്ടുള്ള ഈ ഗർത്തങ്ങൾക്ക് അധിഷ്ഠാനദേവതയായ ഒരു പൈശാചസത്വം ഉണ്ടെന്നും, അതിന്റെ സന്താനങ്ങളായി ഗ്രഹനക്ഷത്രങ്ങളുടെ ആനുകൂല്യമുണ്ടാകുമ്പോൾ അതേ ഛായയിൽ ഓരോ പൈശാചജീവികൾ ഉത്ഭവിക്കും എന്നും ഗ്രഹിക്കാവുന്നതാണ്. ഇപ്രകാരം രാവണാദികളുടെ കാലത്തിലുണ്ടായ ആ രാക്ഷസി ഈ മഹാ ഗർത്തങ്ങൾ ഒന്നിലായിരിക്കണം അധിവസിച്ചിരുന്നതു്. പല ജീവഹാനിക്കും കപ്പൽനാശത്തിനും കാരണമായിരുന്നിരിക്കാവുന്ന ആ ദുഷ്ടഭൂതം ഹനുമാനാൽ ഹതമായതോടുകൂടി ലങ്കയ്ക്കുള്ള സമുദ്രയാനപന്ഥാവും നിർബാധമായിത്തീർന്നിരിക്കണം. "നൈവ പന്ഥോപിചനാസ്ത്യത്ര" എന്നു പറയത്തക്കവണ്ണം അക്കാലത്തു ലങ്കയ്ക്കു കപ്പൽപ്പാത ഇല്ലാതായിപ്പോകാനുള്ള കാരണങ്ങളിൽ പ്രധാനം ഈ രാക്ഷസിയുടെ അധിവാസംതന്നെ ആയിരിക്കാം.

൩൮. ലങ്കയിൽ ഹനുമാന്റെ പാദമുദ്രകൾ.

ലങ്കയുടെ സ്ഥാനം ൭൫-ാമത്തെ ഉച്ചരേഖ മദ്ധ്യരേഖയിൽ

സന്ധിക്കുന്ന സ്ഥാനത്തിലാണെന്നു * കല്പിച്ചിട്ടുള്ളതനുസരിച്ചു അതിനു സമീപത്തിലെങ്ങാനുമായിരിക്കാം ഹനുമാൻ കുതിച്ചിറങ്ങിയതു്. ഒരു പക്ഷെ 'ഗയികപിൽ' ഉൾക്കടലിന്റെ ഉത്തരതീരത്തിലായിരിക്കാം അതു്. അതിനു ചില ന്യായങ്ങൾ വേറെയും ഉണ്ടു്.

"സമഹാമേഘസങ്കാശ:സമീക്ഷ്യാത്മാനമാത്മവാൻ
നിരുന്ധന്നിവാകാശം ചകാരമതിമാൻമതിം".

"മഹാമേഘപടലം പോലെ ശേഖരമായി ആകാശത്തെ അടച്ചു മൂടിക്കൊണ്ടു് (൧൦ മൈലോളം വിസ്താരത്തിൽ) വരുന്ന തന്റെ ആ ശരീരത്തോടുകൂടി 'ലങ്കാമലയം' എന്ന തീരപർവ്വതത്തിൽ പെട്ടെന്നു ചാടിയിറങ്ങി അവിടെ ഭൂകമ്പമുണ്ടാക്കിയാൽ തന്റെ കാര്യസിദ്ധിക്കു ഹാനിവന്നേയ്ക്കാം എന്നു ബുദ്ധിമാനായ അദ്ദേഹം ആലോചിച്ചുതീരുമാനിച്ചു. രാക്ഷസന്മാരുടെ ശ്രദ്ധയെ ആകർഷിക്കാതിരിക്കത്തക്കവണ്ണം ഗാത്രത്തെ ചെറുതാക്കിക്കൊണ്ടു്അദ്ദേഹം തീരസ്ഥപർവ്വതസാനുവിൽലഘുവായി ചാടിയിറങ്ങി. രാമായണപ്രസിദ്ധമായ മററുകഥകൾഒന്നും ഇതിൽ വിസ്തരിക്കേണ്ടതില്ല. എന്നാൽ ലങ്കയിൽനിന്നുംതിരിയെ ചാടിപ്പുറപ്പെട്ട സ്ഥാനവും ഇതുതന്നെ ആയിരിക്കാവുന്നതിനാൽ ആ സ്ഥാനത്തെ നിർണ്ണയിക്കാൻ വാത്മീകിമുനി പറയുന്ന ഒരടയാളം ഗൗനിക്കാതിരിക്കാൻ പാടില്ല. മഹേന്ദ്രഗിരിയിൽ പ്രകടിതമായ പരാക്രമകലാപങ്ങളെല്ലാം ഇവിടെയും കൂടാതെ കഴികയില്ലല്ലൊ. എന്നാൽ തപസിദ്ധന്മാരുടെ സാന്നിദ്ധ്യത്താൽ മഹേന്ദ്രഗിരിക്കുള്ള ഉറപ്പു് 'അരിഷ്ടം' എന്നു പേരുള്ള ഈ ഗിരിക്കു് ഇല്ലായ്കയാലൊ, അഥവാ അതിലും വലിയ ശരീരമായിട്ടോ,

---

* രേവതീനക്ഷത്രത്തിൽകൂടി കടന്നുപോകുന്ന ഉച്ചരേഖയെ പ്രഥമരേഖയായി ഭാരതീയർ ഗണിച്ചിരുന്നവിധം ജ്യോതിശ്ശാസ്ത്രത്തിൽ കാണുന്നു. അതിനെത്തന്നെ ലങ്കാമേരു സമാനോച്ചരേഖയെന്നും പറയുന്നു. ഭൂമിയിൽ രേവതീനക്ഷത്രത്തിന്റെ സ്ഥാനം രേഖാംശം 80-നും 70 നും മദ്ധ്യേ തെക്കെഅമേരിക്കയിൽ കൊളംബിയാ രാജ്യത്തിന്റെ പശ്ചിമാംശം ആണെന്നു ഭൂലോക വിജ്ഞാനീയം പൂർവഭാഗത്തിൽ കാൺക.

"സചഭ്രമിധരഃശ്രീമാൻബലിനാതേനപീഡിതഃ
സവൃക്ഷശിഖരോദഗ്രഃപ്രവിവേശരസാതലം॥
ദശയോജനവിസ്താരസ്ത്രിംശദ്യോജനമുച്ഛ്രിതഃ
ധരണ്യാംസമതാംയാതസ്സബഭ്രവധരാധരഃ".

ശ്രീമത്തായ ഈ പർവ്വതം ബലവാനായ ഹനുമാൻെറ പാദസമ്മർദ്ദം സഹിക്കവെയ്യാതെ പത്തുയോജന വിസ്താരത്തിലും ൩൦ യോജന നീളത്തിലും ഭ്രമിയ്ക്കകമെ താണിറങ്ങി അതിലെ ഉന്നതമായ വൃക്ഷശിഖരങ്ങളും ശൃംഗങ്ങളും പോലും ഭ്രനിരപ്പിനു തുല്യമായി തീൎന്നു. ഉച്ഛ്രിതശബ്ദത്തിനു "ജാതോന്നതപ്രവൃദ്ധാസ്യുരുച്ഛ്രിതാഃ"എന്നെല്ലാം അർത്ഥമുള്ളതിനാൽ"പ്രവൃദ്ധം" എന്നതാണു് ഇവിടെ സ്വീകാൎയ്യമായിട്ടുള്ളതെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. എന്തെന്നാൽ പർവ്വതത്തിനു ൩൦ യോജനപ്പൊക്കം പ്രകൃതിനിയമങ്ങൾക്കു തീരെ യോജിച്ചിട്ടുള്ളതല്ല. പ്രവൃദ്ധാർത്ഥമാകുമ്പോൾ തെളിവു പ്രത്യക്ഷമായിരിക്കയും ചെയ്യുന്നു. നമ്മുടെ ഭ്രപടത്തിൽ (൭-ാം നമ്പർ പടം നോക്കുക) ഹനുമൽപ്പന്ഥാ ചെന്നെത്തുന്ന ഇകപസാർ തീരത്തെ സൂക്ഷിക്കുക. പാത ചെന്നു ചേരുന്ന ആ ചായ്‌വിനു തന്നെ സൂക്ഷ്മമായി തിരിഞ്ഞിരിക്കുന്ന ഗയകപിൽ ഉൾക്കടലിൻെറ ഉത്തരതീരത്തെ ഒരു വലിയ ഭ്രപടത്തിൽനിന്നും മനസ്സിരുത്തി ഗ്രഹിക്കേണ്ടതാണു്. ഇതു സഹിതം ചേൎത്തിട്ടുള്ള ൭-ാം നമ്പർ പടം ഒരു ഇഞ്ചിനു് ൻ൦ മൈൽ കണക്കാക്കി വരച്ചിട്ടുള്ള ജാർജ്ഫിലിപ്പ് കമ്പനിയിലെ വലിയ തുക്കു പടത്തിന്മേൽ വെച്ചു് പരിലേഖനം ചെയ്തിട്ടുള്ളതാകുന്നു. ഗയകപിൽ ഉൾക്കടൽ മിക്കവാറും കൃത്യമായി വെട്ടിയെടുത്ത ഒരു സമകോണം പോലെ തീരം മുറിച്ചു ഉള്ളിലേക്കു കടന്നിരിക്കുന്നതു കൂടാതെ ഉത്തരതീരത്തിൻെറ കിഴക്കെ അററത്തിൽ ഒരു ജോടിയായി രണ്ടുടവുകൾ ഉള്ളിലേക്കു കടന്നുകേറീട്ടുള്ളതും കൂടി നിരീക്ഷിക്കുക. ഈ രണ്ടുടവുകൾക്കും മദ്ധ്യത്തിലായി കുറെ സ്ഥലം ഒരു മുനമ്പുപോലെ കടലിലേക്കു് ഉന്തിനില്ക്കുന്നതും അതിൻെറ നേരെ മുമ്പിലായി ഒരു പത്തു മൈൽ അകലത്തിൽ 'പ്യൂണാ'

പടം നമ്പർ ൧. ലങ്കയുടെ പടം.

൨൨–ാമത്തെ പുറവും ൭൦–ാമത്തെ പുറവും നോക്കുക.

ഇഞ്ചിനു ൯൦ മൈൽ കണക്കാക്കി വരച്ച പടം ബ്ളാക്കെട്ടത്തെപ്പോലെ ചെറുതായിട്ടുണ്ട്. അതിലെ അക്കങ്ങൾ 1=R. Daule. 2=R. Puraecra.



3=Mt. Chimborazo. 4=Mt, Tunguragua. 5=Mt. Sungay. 6=R. Paute. and R. Santiago. 7=R. Chara. 8=R. Quinos.
◉ Cuenca.

പടം നമ്പർ ൮.

൮൮-ാം പുറം നോക്കുക.

വാനരമർദ്ദനം അനുഭവിച്ച ലങ്കാമലയപർവ്വതം.

൮൮-ാം പുറം നോക്കുക.

പടം നമ്പർ ൯. വാനരനിവേശം ഉണ്ടായിട്ടില്ലാത്ത പർവ്വതഭാഗം.

എന്ന ഒരു ദ്വീപം തെറിച്ചു കിടക്കുന്നതും നോക്കുക. ഉട വുകൾ ഓരോന്നിനും ഇടയ്ക്കുള്ള മുനമ്പിനും സ്കെയിൽ അനു സരിച്ച് ൧൦ മൈൽ വീതം അകലം കണക്കാക്കാം. ഇതു മൂന്നിനും കൂടി കിഴക്കുപടിഞ്ഞാറ് ൩൦ മൈൽ നീളവും ശരി യായിട്ടുണ്ടെന്നു കാണാം. പൃണാദ്വീപിനും നടുവിലത്തെ മുന മ്പിനും തമ്മിലുള്ള അകലം ൧൦ മൈൽ തന്നെ. പൃണാ ദ്വീപിനും ഉത്തരതീരത്തിനും മദ്ധ്യത്തിലായി ൧൦ മൈൽ വീതി യിലും ൩൦ മൈൽ നീളത്തിലും കിടക്കുന്ന ആ കടലിടുക്ക് ഉത്തരതീരത്തിലെ രണ്ടുടവുകളേയും ഒന്നായിച്ചേൎത്തു M എന്ന ലിപിയുടെ ആകൃതിയിൽ കിടക്കുന്നതിന്റെ താല്പൎയ്യം എന്താ ണെന്നു വ്യാഖ്യാനിച്ചു നോക്കേണ്ടതാണ്. കടൽ തീരത്തിൽ ഹനുമൽപ്പാതയെ ലക്ഷ്യമാക്കി തെക്കുപടിഞ്ഞാട്ടു തിരിഞ്ഞു നില്ക്കുന്ന ഒരു അപരിമിത ഭീമകായന്റെ ജോടിക്കാലുകൾ പതിഞ്ഞുണ്ടായ തടങ്ങളുമായി നിൎഭേദപ്പെടത്തക്കവണ്ണം ആ ഉടവുകളുടെ ചുവടു (പാൎഷ്ണിദേശം) ചുരുങ്ങിയും മുൻഭാഗം വിരിഞ്ഞും ഇടയ്ക്കുള്ള തറയുയൎന്നും കാണപ്പെടുന്നതു കൂടാതെ, വിസ്താരക്കൂടുതലുള്ള കാൽപ്പടത്തിന്റെ പൂൎവ്വാഗ്രങ്ങൾ അടുത്തു കൂടി ബലമായി അമൎത്തിയിരിക്കാനിടയുള്ള ഭൂവിഭാഗം ൩൦ മൈൽ നീളം ൧൫ മൈൽ വീതിയിൽ ഒന്നോടെ കീഴ്പോട്ടു താണുപോയതായും തോന്നുന്നു. പ്രകൃതിദേവതയ്ക്ക് നാവനക്കാതെ ഇതിലധികം വിശദമായി വാത്മീകി വാക്യത്തെ സാ ക്ഷിപ്പെടുത്താൻ സാദ്ധ്യമാണൊ എന്നു ചിന്തിക്കുക. പൃണാ ദ്വീപിനു വടക്കു കിടക്കുന്ന ൧൦X൩൦ അളവിലുള്ള ആ ഗൎത്തം ഹനുമൽപ്പാദം ചവുട്ടിയമൎന്ന പൎവ്വതത്തിന്റെ സ്ഥാനമാണെ ന്ന് സ്ഥിരപ്പെടുത്താനല്ലാതെ, അതോടു കൂടിച്ചേൎന്നുകിടക്കുന്ന സദൃശാകൃതികളായ (Similar shape) ആ ഒരു ജോടി ഉടവു കൾക്ക് അവിടെ വരാൻ മററു വല്ല കാൎയ്യവുമുണ്ടോ എന്നും ചിന്തിക്കാവുന്നതാണ്. മദ്ധ്യമുനമ്പിന്റെ വിസ്താരം കുറഞ്ഞു വരുന്ന ദക്ഷിണാഗ്രം കൂൎത്തു മുനയായി അവസാനിക്കാതെ പൃ ണാദ്വീപിന്റെ ഉത്തരതീരത്തിനു സമാന്തരമായ ഒരു ഋജു

രേഖയായി പെട്ടെന്നു് മുറിഞ്ഞു നില്ക്കുന്നതും നിരൎത്ഥകമായിരിക്കയില്ല. അവ പണ്ടു് ഒന്നിച്ചു കിടന്ന സ്ഥലങ്ങളാണെന്നും പെട്ടെന്നുണ്ടായ ഏതോ സമ്മൎദ്ദ ശക്തിയാൽ ഇടയ്ക്കുള്ള സ്ഥലം ഉടഞ്ഞു താണുപോയതാണെന്നും സ്പഷ്ടീകരിക്കാൻ അതു് പൎയ്യാപ്തമാകുന്നു. വാല്മീകി മുനിയുടെ പ്രസ്താവവും ഈ ഭൂവിഭാഗത്തിലെ പ്രകൃതിയും ഹനുമൽപ്ലുതയുടെ കൃത്യമായ സംഗമസ്ഥാനവും ഒന്നായിച്ചേൎന്നു യോജിച്ചു കാണുന്നതു് ബുദ്ധിമാന്മാൎക്കു് നിരാകരിക്കാൻ നിവൃത്തിയില്ലാത്ത ഒരു പതനമാണെന്നാണു് നിരൂപിക്കാനുള്ളതു്. "സവൃക്ഷശിഖരൊദഗ്രീ...............ധരണ്യാംസമതാംയാതഃ......." എന്നുള്ള വാല്മീകിയുടെ വാക്കു് ശരിയായും സ്ഫുടമാകത്തക്കവണ്ണം ആ പൎവ്വതം അതിലെ ഉന്നതവൃക്ഷാഗ്രങ്ങൾ, ശൃംഗങ്ങൾ ഇവ ഭൂനിരപ്പിൽ വരുന്നിടത്തോളമെ കടലിൽ താണിട്ടുള്ളു എന്നുള്ള വാസ്തവവും പടത്തിൽനിന്നു നിൎണ്ണയിക്കാം. കടലിന്റെ അടിത്തട്ടു് അടയാളപ്പെടുത്തീട്ടുള്ള ഭൂപടങ്ങളിൽ നിന്നു് ആ ഉടവുകൾക്കും കടലിടുക്കിനും ൧൦൦ പുരുഷപ്രമാണത്തിലധികം താഴ്ചയില്ലെന്നു കാണാവുന്നതു കൂടാതെ ഇടയ്ക്കിടെ ചിതറിക്കിടക്കുന്ന ദ്വീപശകലങ്ങളെക്കൊണ്ടും ഈ പരമാൎത്ഥം വിശദീകരിക്കപ്പെടുന്നു. ഈ ദ്വീപുകൾ അന്നു് പൎവ്വതശൃംഗങ്ങൾ ആയിരുന്നിരിക്കണം. ഹനുമാൻ ചാടിയിറങ്ങിയ സ്ഥലവും തിരിയെ ചാടിപുറപ്പെട്ട സ്ഥലത്തിലെ പാദ മുദ്രകളും ഇപ്രകാരം യോജിച്ചിരിക്കയാൽ ഇതിനെ ഹനുമാന്റെ പ്ലവനലക്ഷ്യമായ പാദമുദ്രകളാണെന്നും, മഹൎഷിയുടെ വാക്യപ്രകാരം സ്ഥിരപ്പെടുത്തുന്നതു് യുക്തമായിരിക്കും എന്നു തോന്നുന്നു.

൪൦. ശതയോജന വിസ്താരം.

അവിടെ താണുപോയ 'അരിഷ്ടം' എന്ന പൎവ്വതത്തിനു് ദശയോജനം ത്രിംശദ്യോജനം എന്നിങ്ങനെ പറഞ്ഞ കണക്കുകൾ മൈലിനു ശരിയായിരിക്കുന്നുണ്ടെന്നു് സ്പഷ്ടമാണല്ലോ. ഇതിനു മുമ്പും പുരാണമുനി ഭൂമിയുടെ ചുററളവു് ക്ഷേത്രഫലം ഇവ പറയുമ്പോൾ പ്രയോഗിച്ചിട്ടുള്ള യോജനശബ്ദം മൈൽ

കണക്കിനു ശരിയാണെന്നു തെളിയിച്ചിട്ടുണ്ട്. ലങ്കയ്ക്കു കടക്കാനുള്ള സമുദ്രത്തിന്റെ വിസ്താരം "ശതയോജന വിസ്തീർണ്ണം" എന്നു കാണുന്നതിനെ അസംഖ്യം എന്നു് അർത്ഥമാക്കേണ്ടതാണെന്നു മുൻ പ്രസ്താവിച്ചിട്ടുണ്ട്. മഹർഷിയുടെ വാക്കുകൊണ്ടുതന്നെ ഇതു വീണ്ടും വിശദീകരിക്കപ്പെട്ടിട്ടുണ്ട്. ഈ ഘട്ടത്തിൽ തന്നെ മൈനാകം സമുദ്രത്തിന്റെ വാക്കായി ഹനുമാനൊടു പറയുന്നതു് ശ്രദ്ധിക്കുക.

"യൊജനാനാംശതം ചാപി കപിരേഷസമാപ്ലുതഃ
"തവസാനുഷുവിശ്രാന്തഃ ശേഷംപ്രക്രമതാമിതി॥

"ഈ കപി ശതയോജന ദൂരം ചാടിക്കഴിഞ്ഞിരിക്കുന്നു. അതു നിമിത്തമുണ്ടായ ക്ഷീണത്തെ നിന്റെ സാനുവിൽ വിശ്രമിച്ചു തീർത്തിട്ടു് ബാക്കിയുള്ളതു കടന്നുകൊള്ളട്ടെ." ലങ്കയ്ക്കു് ആകപ്പാടെ ഒരു ശതയോജനയായാൽ അതു കടന്നിട്ടു് വീണ്ടും ബാക്കിവരുന്നതെങ്ങിനെ? സുരസാമുഖത്തിന്റെ നൂറു യോജന വൃത്താന്തം പറഞ്ഞു കഴിഞ്ഞു. ൧൦ യോജന വണ്ണവും ൨൦ യോജന പൊക്കവും ഉള്ള ഹനുമാൻ ൧൦൦ യോജന കടക്കാൻ വീണ്ടും ആകാശമാർഗ്ഗത്തിൽ പ്രയാണം ചെയ്തതായി, ബാലന്മാർകൂടി വിശ്വസിക്കാത്തവിധം വിഡ്ഢിത്തം പറയുമെന്നു്, ആർഷകവിയെ ശങ്കിക്കാൻ അവകാശമില്ല. ശതത്തിനു അനവധി എന്ന അർത്ഥം പ്രസിദ്ധമായിരിക്കയും അതിവിടെ യോജിക്കയും ചെയ്യുന്നു. അതിനാൽ ഇതു് ഇവിടെ നില്ക്കട്ടെ.

൪൧. ലങ്കയുടെ ഭൂപടം.

പുരാതനലങ്കയുടെ സ്ഥാനം കണ്ടുപിടിക്കാനും നമ്മുടെ ഈ (൧-ാംനമ്പർ) പടം ഉപകരിക്കുന്നതാണ്. ഹനുമൽപ്പാദമുദ്രകളായ കടലുടവുകൾക്കു കിഴക്കു തീരത്തിൽ നിന്നും വീണ്ടും പത്തിരുപതു മൈൽ കിഴക്കായി തെക്കുവടക്കു് നീളത്തിൽ ഒരു ഉന്നതതടം അടയാളപ്പെടുത്തിയിട്ടുള്ളതുകാൺക. ചൊവ്വില്ലാത്ത സീമ രേഖകളോടു കൂടിയ ഈ ഉന്നതതടത്തിനു്, ൧൦൦ മൈൽ

നീളവും ശരാശരി ൩൦ മൈൽ വീതിയും കണക്കാക്കാം. "ത്രിം ശദ്യോജനവിസ്തീർണ്ണാ ശതയോജനമായതാ" എന്നു് ലങ്കാനഗരത്തിൻെറ അളവിനെപ്പററി രാമായണത്തിൽ പറഞ്ഞിട്ടുള്ളതു മിക്കവാറും ശരിയായിത്തന്നെയിരിക്കുന്നു. ഇതിൻെറ കിഴക്കെ അറ്റുത്തിക്കു മദ്ധ്യത്തിലായി "ക്കുവങ്ക" (Cuenca) എന്നു് ഒരു നഗരം ഇപ്പോഴും സ്ഥിതിചെയ്യുന്നു. ഈ നാമത്തിനു് ഒരു ദ്രാവിഡശബ്ദത്തിൻെറ ഛായ നല്ലവണ്ണമുണ്ടു്. രാക്ഷസന്മാർ ദ്രാവിഡവർഗ്ഗത്തിൽപെട്ടവരായി ഗണിക്കപ്പെട്ടിട്ടുള്ളതു് ശരിയാണെന്നുവരികിൽ ക്കുവങ്ക എന്നതു് 'കോവിളങ്ക' എന്ന പൂർണ്ണതരനാമത്തിൻെറ സംക്ഷേപമോ തത്ഭവമോ ആയിരിക്കാം. 'കൊ'എന്നതു രാജാവിനെ ദ്യോതിപ്പിക്കുന്ന ശബ്ദമാകയാൽ അതിനെ കൊ വിളങ്ങുന്ന സ്ഥലം രാജധാനി എന്നു് അർത്ഥമാക്കാവുന്നതാണു്. "കോവിലകം എന്ന ദ്രാവിഡനാമം രാജമന്ദിരത്തിനു പര്യായമായി ഉപയോഗിച്ചുവരുന്നതും കൂടി ആലോചിച്ചുനോക്കിയാൽ ലങ്കയുടെ സാക്ഷാൽ നാമധേയം "കോവിളങ്കൈ" എന്നായിരിക്കണം. അതു ലോപിച്ചു തമിഴിലെ 'ഇലങ്കൈ' ഉം സംസ്കൃതത്തിലെ 'ലങ്ക'യും ഉത്ഭവിച്ചതായിരിക്കണം എന്നു തോന്നുന്നു. സംസ്കൃതനാമങ്ങൾക്കു സഹജമായി കാണാറുള്ള അവയവാർത്ഥം "ലങ്ക"യിൽ പ്രത്യക്ഷമാകാതിരിക്കുന്നതും, ഇതു് അന്യഭാഷയിൽ നിന്നും സംസ്കൃതത്തിലേക്കു ഭാഷാന്തരം ചെയ്യപ്പെട്ട പരകീയശബ്ദമാണെന്നുള്ള അഭിപ്രായത്തെ പ്രബലീകരിക്കുന്നു. "കരൈനാടകം" കർണ്ണാടകവും "കരൈയളം" കേരളവും ആയി സംസ്കൃതീകരിക്കപ്പെട്ടിട്ടുള്ളതുപോലെ "കൊവിളങ്കൈ"യും "ലങ്ക"യായി സംസ്കൃതഭണ്ഡാരത്തിൽ മുതൽ വെയ്ക്കപ്പെട്ടതായിരിക്കാം.

"ഭൂലോകവിജ്ഞാനീയം" ൯-ാം അദ്ധ്യായത്തിൽ ലങ്കയുടെ സ്ഥാനനിർണ്ണയം ചെയ്യുമ്പോൾ ഉദ്ധരിച്ചിട്ടുള്ള പദ്യങ്ങളിൽ ഏതാനം വരികൾ വീണ്ടും ഇവിടെ ചേർത്തുകൊള്ളുന്നു.

"ദക്ഷിണസ്യോദധെസ്തീരെത്രികൂടോനാമപർവ്വത:

സുവേലഇതിചാപ്യന്യോദധീതിയസ്തത്രപർവ്വത:

ശിഖരെതസ്യശൈലസ്യമദ്ധ്യമെംബ്വദസന്നിഭെ
ശകുനൈരപിദുഷ്പ്രാപ്പെടങ്കഛിന്നചതുർദ്ദശി
ത്രിംശദ്യോജനവിസ്തീർണ്ണാശതയോജനമായതാ

....

മയാലങ്കെതിനഗരീ .... നിർമ്മിതാ".

രാമായണം ഉത്തരകാണ്ഡത്തിൽ മേൽപ്രകാരം പറഞ്ഞിട്ടുള്ള ലക്ഷണം ഇവിടെ അക്ഷരംപ്രതി ശരിപ്പെട്ടുകാണുന്നു. പൌരാണികകല്പന അനുസരിച്ച് ദക്ഷിണസമുദ്രത്തിന്റെ ദക്ഷിണതീരം ഇതുതന്നെയാണെന്നു നമ്മുടെ ൧-ാം നമ്പർ ഭൂപടത്തിൽ നിന്നു വിശദമായിട്ടുണ്ടല്ലോ. ഈ ശ്ലോകത്തിലെ താല്പര്യത്തെപ്പററി നിരൂപിക്കാം. "ദക്ഷിണസമുദ്രത്തിന്റെ ആ തീരത്തിൽ ത്രികൂടം എന്ന ഒരു പർവതമുണ്ട്. അവിടെത്തന്നെ സുവേലം എന്ന മറെറാരു പർവതംകൂടിയുണ്ട്. "ദ്വിതീയസ്തത്രപർവത:" എന്നതിന് ആ തീരത്തിൽ ഈ രണ്ടു പർവതങ്ങൾ മാത്രമേയുള്ളു എന്നുകൂടി അർത്ഥമാക്കാം. ഹാറൻകോടി മുതൽ ചില്ലിരാജ്യത്തിന്റെ വടക്കേ അററത്തോളം ഒരേ നിരയായി തീരത്തെ കാത്തുകിടക്കുന്ന 'ആൻഡീസ്' പർവ്വതം തന്നെ 'സുവേലം' എന്നതിനു ആക്ഷേപമില്ല. അതിനപ്പുറം ഭൂഖണ്ഡത്തിന്റെ വടക്കേ അററത്തോളം പിരിഞ്ഞു മൂന്നു വരികളായി കിടക്കുന്ന അതേ പർവതപംക്തിയുടെ ഉത്തരാർദ്ധംതന്നെ ത്രികൂടപർവ്വതമായും ഗണിക്കപ്പെട്ടിരിക്കുന്നു എന്നു വിശ്വസിക്കുന്നതും യുക്തം തന്നെ. ഇതിൽ "തസ്യശൈലസ്യ" എന്നതിന് ആദ്യം പറയപ്പെട്ട 'ത്രികൂടപർവതത്തിന്റെ' എന്നു താല്പര്യം. അതിന്റെ നടുക്കുള്ള മേഘസങ്കാശമായ ശിഖരത്തിൽ എന്നുപറഞ്ഞ വിവരണം ഇവിടെ എത്ര കൃത്യമായി യോജിച്ചിരിക്കുന്നു എന്നു നോക്കുക. 'പെറു'വിന്റെ തെക്കേ അററം മുതൽ 'കൊളംബിയാ'വിന്റെ വടക്കേ അററത്തോളം വ്യാപിച്ചിട്ടുള്ള ആ പർവതനിരകളുടെ നടുമദ്ധ്യസ്ഥാനത്തുതന്നെയല്ലയോ "ഇകഡ്വാറി"ലുള്ള ഈ 'ക്രുവങ്കാ'മേട്ട് എന്നുസൂക്ഷിക്കുക. വിശിഷ്യ പർവതപംക്തി, ഇതിനു തെക്കും വടക്കും മുമ്മൂന്നുവരികളായി പിരിഞ്ഞു

കിടക്കുന്നുണ്ടെങ്കിലും,നടുമദ്ധ്യമായ ലങ്കയുടെസ്ഥാനത്തു വലിത്രയ ങ്ങൾ ഒന്നായിച്ചേൎന്ന് അവയെ ത്രികൂടം എന്ന ഏകപൎവതമാ യിത്തന്നെ ഗണിക്കേണ്ടതാണെന്നു നിഷ്കൎഷിക്കുന്നതോടുകൂടി, അതിനുള്ളത്രികൂടം എന്ന നാമത്തെ അന്വൎത്ഥമാക്കി സമൎത്ഥി ക്കയും ചെയ്യുന്നു. "ടങ്കച്ഛിന്നചതുൎദ്ദിശി"എന്നു പറഞ്ഞിട്ടുള്ളവ ണ്ണം ഈ മേടിന്റെ വശങ്ങൾ ത്വഷ്ടാവിന്റെ കല്ലുളിക്കു ചെ ത്തി ശരിപ്പെടുത്തീട്ടില്ലയൊ എന്നു മനസ്സിലാക്കാൻ അതു വീണ്ടും ഒന്നു പരിശോധിക്കതന്നെ. ചൊവ്വില്ലാത്ത ഇതിലെ സീമരേഖകളെകൊണ്ടു് ഒരു സ്ത്രീയുടെ മുഖം തോന്നിച്ചിട്ടുള്ള വിധം കാണുന്നു. പടിഞ്ഞാട്ടു തിരിഞ്ഞിരിക്കുന്ന ആ മുഖ ത്തിന്നു് മേട്ടിലെ പശ്ചിമസീമ ഇപ്രകാരം കൃത്യമായി യോജിപ്പി ച്ചതു് ത്വഷ്ടാവിന്റെ ടങ്കസ്പൎശം തന്നെയായിരിക്കാമെന്നു തോന്നുന്നു. മൂക്കിന്റെ നിരവദ്യമായ വടിവും ഉയൎച്ചയും ആ യതു മേൽചുണ്ടിന്റെ മുകളിലായി ചേരുന്ന ഭാഷയും ഭാവവും നെററിക്കു മുകളിലായി മുമ്പോട്ടുന്തിനില്ക്കുന്ന ചൂൎണ്ണകുന്തളങ്ങളുടെ പ്രാഗത്ഭ്യവും വായുടെ സ്ഥാനത്തെ കൃത്യമാക്കിതീൎത്തിട്ടുള്ള വി ടവും സൂക്ഷിച്ചാൽ ആയതു കമനീയമായ ഒരു ആകൃതിതന്നെ യാണെന്നു ബോധ്യമാകും. എന്നാൽ അതിന്റെ കീഴ്ചുണ്ടു് ഭയങ്കരമായി പടിഞ്ഞാട്ടു കേറി വ്യാപിച്ചിട്ടുള്ളതിന്റെ പര മാൎത്ഥം എന്താണെന്നു വിശദമാകുന്നില്ല. അതു് ഒരു പക്ഷെ ചുണ്ടു 1 തുളച്ചു് കൊരടു് ഇട്ടു് അലങ്കരിച്ചിട്ടുള്ള ഒരു രാക്ഷസ സുന്ദരിയുടെ നാഗരികത്വം പൂൎത്തിയാക്കാനായിരിക്കണം. ന ഗരത്തിന്റെ പൂൎവ്വ സീമ മുഖത്തിന്റെ സീമരേഖയുമായി യോ ജിച്ചിട്ടില്ല. നഗരനിൎമ്മാണത്തിനായി മുഖത്തിന്റെ മുൻ വ ശം മാത്രമെ ഉപയോഗിച്ചിട്ടുള്ളു. മുഖത്തിന്റെ പിൻഭാഗത്തെ സീമരേഖ അവ്യക്തമായി പൂൎവഭാഗത്തെ നഗരോപവനത്തിൽ ലയിച്ചിരിക്കുന്നു. വായുടെ സ്ഥാനത്തുനിന്നും പടിഞ്ഞാട്ടു്

---

1 ഇപ്രകാരമുള്ള സമുദായാചാരത്തോടുകൂടിയവരെപ്പററി 'ഓഷ്ഠക കൎണ്ണന്മാർ' എന്നു വാത്മീകി മുനി പ്രസ്താവിച്ചിട്ടുള്ളതു കൂടാതെ അൎവ്വാചീന ഗ്രന്ഥകാരന്മാരും വിവരിക്കുന്നുണ്ടു്.

ഒഴുകുന്ന ഒരു ക്ഷുദ്രനദി കമനീയമായ ആ മുഖത്തിനു ചുണ്ടു നിമിത്തമുള്ള ഭയാനകത്വത്തെ വർദ്ധിപ്പിക്കാൻ പുറത്തേക്കു നീട്ടിയ ജിഹ്വപോലെ തോന്നുന്നു. ഉന്തി നിൽക്കുന്ന കീഴ് ചുണ്ടിൻെറ അടിവശത്തുനിന്നുൽഭവിക്കുന്ന സമാറാ നദി (R. Zamara) സുകുമാരമായി ഉരുണ്ട ചിബുകതാലുക്കളെ മൃദുവായി തലോടിക്കൊണ്ടു് കണ്ഠനാളത്തിൽ "പാവൂട്ടു്" എന്ന നദിയുമായി ചെന്നുചേരുന്നു. പാവൂട്ടു് (Paute R.) നദിയാകട്ടെ ക്രുവങ്കാനഗരത്തിൽനിന്നുത്ഭവിച്ചു് മുഖത്തിനുചേൎന്ന നേത്രത്തിൻെറ സ്ഥാനത്തു് മുകളിലത്തെ കണ്ണിമയെ രേഖപ്പെടുത്തുകയാണെന്നു തോന്നും. വടക്കെ അതൃത്തിയിൽ കാണുന്ന, തുംഗരാഘവ (Tunguragua) സുഗ്രീവ (Sungay) എന്ന രണ്ടു കൊടുമുടികളെ ചുററി കിഴക്കോട്ടൊഴുകുന്ന ബാനാസു് അഥവാ പാസ്റ്റക്കാ (Banos or Pastaka) എന്ന നദി പാശ്ചാത്യവനിതകളുടെ രീതിയിൽ മൂർദ്ധാവിൽ കെട്ടി വെച്ചു് പൃഷ്ഠം പുറകോട്ടു തള്ളിയിരിക്കുന്ന കേശഭാരത്തിനു് പൂമാല ചൂടുന്നതായി തോന്നുന്നു. ഈ മേടിൻെറ, പ്രകൃതിസിദ്ധമായ കിടപ്പു കണ്ടു് അതിനെ കലാ നൈപുണ്യത്താൽ കമനീയമാക്കി പുടഭേദനിൎമ്മാണം ചെയ്‌വാനായി ദേവശില്പി വേണ്ടപോലെ ആയുധപ്രയോഗം ചെയ്തിരിക്കാമെന്നുള്ളതു് സർവ്വഥാ യുക്തംതന്നെ. ശത്രുക്കളെ പ്രതീക്ഷിക്കുന്ന മുഖത്തിൻെറ മുൻവശമായ പശ്ചിമസീമ തുക്കായി ഉയൎന്നു നില്ക്കുന്നു എന്നു പടത്തിൽതന്നെ കാണാം. കിഴക്കോട്ടുള്ള ചായ്‌വു് ഇത്ര വളരെ നദികൾക്കു് സുഖമായി ഒഴുകത്തക്ക മന്ദമായ ചായ്‌വോടുകൂടിയതാണെങ്കിലും അധൃഷ്യമായ 'സെൽവാസ്' മഹാരണ്യമാണു് അവിടെ നിരന്തരമായി പരന്നു കിടക്കുന്നതു്. മദ്ധ്യരേഖയ്ക്കടുത്തു ഇത്ര വളരെ പൊക്കമുള്ള ദിക്കിലും ജലദുർഭിക്ഷത കൂടാതെ നഗരനിൎമ്മാണം ചെയ്തു താമസിക്കാൻ സാധ്യമാണെന്നുള്ളതിനു്, ആംസാൺ നദിയുടെ ഉല്പത്തിക്കടുത്തു് ഇത്ര വളരെ പോഷകങ്ങളെ പ്രദാനം ചെയ്‌വാൻ ഇന്നും ആ സ്ഥലത്തിനു ക്ലേശമില്ലെന്നു കാണുന്നതു് മതിയായ തെളിവായിരിക്കുന്നു. ഇക്വഡോറിൻെറ

പശ്ചിമതീരത്തിലുള്ളതുപോലെ പെരുവിന്റെ തീരത്തിൽ ജലസൌകര്യം ഇല്ലെന്നു കാണുന്നതും ഇതിനെ തന്നെ പുരാതന ലങ്കാമേടാണെന്നു നിർണ്ണയിക്കാൻ ഉപകരിക്കുന്നു. ഇതു സംബന്ധിച്ചു് ഒരു അർവാചീന ഭൂവിവരണത്തിൽ നിന്നും അല്പം താഴെ ഉദ്ധരിച്ചുകൊള്ളുന്നു.

We are now in Equador which is the Spanish word for equator, To reach the Capital, Quito, we have to climb 9000 ft: by rail way or on mule-back. The mule is the only animal sure footed enough to climb up the steep and winding mountainpaths. On the way we pass through forests of palms and plantations of plantains, India Rubber, Cacao, Oranges and Coffee. As we rise higher it becomes too cold for forests,and we reach slopes of coarse grass where sheep are pastured. We meet troops of llamas carrying coffee and cacao down to the coast Quitto is one of the highest cities in the world. It stands on a table land, and all round it rise giant peaks covered with snow. Though it is on the equator, its great height gives it a cool climate all the year round.

(A Human Geography)

"നാം ഇപ്പോൾ 'ഇകഡാർ' രാജ്യത്തിലാണു്. ഭൂമധ്യരേഖയെന്നർത്ഥമായ 'ഇക്വെറ്റർ' എന്ന വാക്കിനു "സ്പെയിൻ ഭാഷയിലുള്ള ശബ്ദം അതാണു്. രാജ്യത്തിന്റെ തലസ്ഥാനമായ "കിറ്റോ" നഗരത്തിലെത്താൻ റെയിൽമാർഗ്ഗമായൊ കോവർ കഴുതപ്പുറത്തു കയറിയൊ ൯൦൦൦ അടി ആരോഹണം ചെയ്യണം. ചുക്കായും വളഞ്ഞുപുളഞ്ഞും ഇരിക്കുന്ന മലമ്പാതകളിൽ കയറിച്ചെല്ലാൻ മാത്രം കാലുറപ്പുള്ള ജന്തു കോവർകഴുതമാത്രമാണു്. പോകുന്ന വഴിക്കു നമ്മൾ തൃണവൃക്ഷങ്ങളുടെ (palmtrees) വനങ്ങളെയും, വാഴ കൊക്കൊ ഇൻഡ്യാ റബ്ബർ മധുരനാരകം കാപ്പി ഇവയുടെ തോപ്പുകളെയും, കാണുന്നു.

അധികം മേല്പോട്ടു കേറുമ്പോൾ വനങ്ങൾക്കു വളരാൻ പാടില്ലാതവണ്ണം തണുപ്പ് അത്ര അധികമായി തീരുന്നു. ആട്ടിൻകൂട്ടങ്ങളെ തീറ്റുന്ന പരുത്ത പുല്ലു മൂടിയ മലഞ്ചെരിവുകളെ നമ്മൾ കാണുന്നു. സമുദ്രതീരത്തിലേക്കു കാപ്പിക്കുരുവും കൊക്കൊയും ചുമന്നുകൊണ്ടിറങ്ങുന്ന ലാമാ ഒട്ടകങ്ങളെ നമുക്കു കാണാം. ഭൂലോകത്തിൽ ഏറ്റവും ഉയർന്നനിരപ്പിലുള്ള നഗരങ്ങളിൽ ഒന്നാണ് ക്വിറ്റോ. അതു് ഒരു ഉന്നതമായ മേടിന്റെ മുകളിലാണു നിൽക്കുന്നതു്. അതിന്റെ ചുറ്റിലുമായി ഹിമം കൊണ്ടു മൂടിയ വലിയ കൊടുമുടികൾ തലയുയർത്തിനില്ക്കുന്നു. ആ നഗരം മധ്യരേഖയിലാണെന്നു വരികിലും, അതിന്റെ ഔന്നത്യാധിക്യം അതിന് ആണ്ടിൽ എല്ലാക്കാലത്തും ശീതളമായ ഒരു കാലാവസ്ഥയെ പ്രദാനം ചെയ്തുകൊണ്ടിരിക്കുന്നു.” പുരാതന ലങ്കാനഗരവും അതിന്റെ ഔന്നത്യംകൊണ്ടും സാമീപ്യം കൊണ്ടും ക്വിറ്റോ നഗരത്തിനു സാദൃശ്യമുള്ളതായിരുന്നിരിക്കണം. ഈ വിവരണത്തിനുദാഹരണമായി കൊടുത്തിട്ടുള്ള ആൻഡീസ് മലയുടെ ഒരു ഛായാചിത്രം പിന്നാലെചേർത്തിട്ടുണ്ട്.

ഇനി പെറുവിന്റെ തീരപ്രകൃതിയുടെ താരതമ്യതയെ വിശദീകരിക്കുന്ന ഒരു വിവരണം കൂടി ടി പുസ്തകത്തിൽനിന്നും ഇവിടെ ഉദ്ധരിക്കാം.

Descending to the sea again we continue our voyage along the coast of peru............ Just like Equador, Peru is nearly filled with parellel ranges of the Andes between which lie table lands and valleys. Beyond these ranges are the long north and south valleys down which the three rivers that are the head waters of the Amazan rush before they turn east wards along the central plain of the continent. We quickly see we have reached the dry part of the Pacific coast. Scarcely a plant or tree can be seen, and many parts are as barren as the Sahara, and quite different from the damp, forested slopes and

valleys on the other side of the mountains........ In some parts of the coast no rain falls for twenty years at a time........ The western slopes of the Andes are here almost rainless........ A boy in Lima may be old enough to go to school before he sees his first shower of rain.

"വീണ്ടും കടലിലേക്കിറങ്ങി നാവികമാൎഗ്ഗമായി പെറുവിന്റെ തീരത്തെ തുടരുന്നു........ ഇകഃഡാർ പോലെതന്നെ പെറുവും ആൻഡീസ് പർവതത്തിന്റെ സാമന്തരനിരകളാൽ മിക്കവാറും ആപൂരിതമായിരിക്കുന്നു. അവയുടെ നടുവിലായി ഉന്നതതടങ്ങളും താഴ്‌വരകളും കിടക്കുന്നു. ഈ നിരകൾക്കപ്പുറമാണ്, ആമസോൺ നദിയുടെ പ്രഥമപ്രവാഹമായ മൂന്നു നദികൾ, കിഴക്കോട്ടുതിരിഞ്ഞു് ഭൂഖണ്ഡത്തിന്റെ മദ്ധ്യമൈതാനത്തുക്കൂടി പ്രവഹിക്കുംമുമ്പായി പാഞ്ഞൊഴുകുന്ന ദീർഘമായ തെക്കുവടക്കുള്ള താഴ്‌വരകൾ കിടക്കുന്നതു്. വേഗത്തിൽ നാം പെസഫിക്ക് സമുദ്രതീരത്തിന്റെ വരണ്ടുണങ്ങിയ ഭാഗത്തിൽ വന്നെത്തിയതായി കാണുന്നു. ദുർല്ലഭമായെ നമുക്കു് ഒരു മരമോ, ചെടിയോ കാണ്മാൻ കഴിയൂ. അനേകം ഭാഗങ്ങളും സഹാറാ മരുഭൂമി പോലെതന്നെ അത്ര ശൂന്യമാണ്. പർവ്വതത്തിന്റെ അപരപാർശ്വത്തിലുള്ള ആർദ്രവും വനനിബിഡവുമായ ചെരിവുകളിൽനിന്നു് ഇതു് എത്രയോ വ്യത്യാസപ്പെട്ടതാണു്........ തീരത്തിലെ ചില ഭാഗങ്ങളിൽ ഇരുപതു വർഷത്തേക്കു് ഒരുമിച്ചു അനാവൃഷ്ടികാലമാണു്........ ഇവിടെ ആൻഡീസിന്റെ പശ്ചിമപാർശ്വങ്ങൾ മിക്കവാറും വർഷശൂന്യംതന്നെ........... ലിമ്മാനഗരത്തിലുള്ള ഒരു ബാലൻ ആദ്യത്തെ മഴ പെയ്തു കാണും മുമ്പായി പാഠശാലയ്ക്കു പോകാൻ പ്രായമുള്ളവനായിത്തീരും." പൂർവ്വോക്തഗ്രന്ഥത്തിൽ ഈ വിവരണത്തോടു ചേർത്തു കൊടുത്തിട്ടുള്ള ഒരു ഛായാചിത്രവും പിന്നാലെ ചേർത്തിട്ടുണ്ടു്.

കാലടിത്തടങ്ങളായി നിർണ്ണയിക്കപ്പെട്ട സ്ഥാനത്തു ചെന്നിറങ്ങിയിരിക്കാവുന്നഹനുമാൻ ലങ്കയെ നോക്കിക്കാണുമ്പോൾ അതിനെ ഒരു സ്ത്രീയായി വർണ്ണിക്കയും അക്കൂട്ടത്തിൽ "ശത

ഘ്നീശ്ശൂലകേശാന്താം അട്ടാലകവതംസകാം" എന്നു പ്രസ്താവി ക്കയും ചെയ്തിരിക്കുന്നു. നെററിത്തടത്തിൽ മുമ്പോട്ടുന്തിനില്ക്കുന്ന കുറുനിരക്കൂട്ടങ്ങളായി അനുമാനിക്കപ്പെട്ട, വടക്കു പടിഞ്ഞാറെ മൂലയ്ക്കുള്ള ആ മുനപ്പ്, കൊത്തളംതീൎത്തു പീരങ്കിനിരത്താൻ, അത്യന്തം യോജിപ്പും ആവശ്യവുമുള്ള ഒരു സ്ഥാനമാണെന്ന് ആൎക്കും ബോധപ്പെടുന്നതാണ്. സമുദ്രതീരത്തുനിന്നും ഉത്തര പ്രാകാരം കടന്ന് അകത്തേക്കു കയറിയ ഹനുമാന് ആയതു് പ്രത്യേകം ദൃഷ്ടിഗോചരവും ശ്രദ്ധേയവും ആയി തീൎന്നിരിക്കും എന്നുള്ളതും സർവ്വഥാ സ്വാഭാവികമത്രേ. ശതഘ്നീ; പീരങ്കി തന്നെയാണെന്നു കാണിക്കാൻ ഹനുമാൻതന്നെ പറയുന്ന വി വരണത്തെ ശ്രദ്ധിക്കുക.

"ദ്വാരേഷു സംസ്കൃതാഭീമാഃ കാളായസമയാശ്ശിതാഃ
ശതശോരചിതാവീരൈശ്ശതഘ്ന്യോരക്ഷസാംഗണൈഃ"

"കോട്ടവാതിലുകളിൽ വീരന്മാരായ രാക്ഷസന്മാരാൽ പരിചരി ക്കപ്പെടുന്ന തീഷ്ണങ്ങളും ഉരുക്കുകൊണ്ടു നിർമ്മിക്കപ്പെട്ടവയും ആയ ശതഘ്നികൾ അസംഖ്യം സംസ്കരിച്ചു വെച്ചിട്ടുണ്ട്." ശതഘ്നിയുടെ സ്വഭാവത്തെ പൂൎണ്ണമായി ഗ്രഹിക്കാൻ ഗ്രന്ഥാ ന്തരങ്ങളിൽ നിന്നുകൂടി മൂന്നു നാലു വരി അടിയിൽ ചേൎത്തു കൊള്ളുന്നു.

"ശതഘ്ന്യസ്തത്രസാഹസ്രാസ്സ്തേഷാംമദ്ധ്യേപൃഥക്പൃഥക്
ഷഡ്ത്രിംശതിപാദചരാസ്തേഷാംകർമ്മാണിമേശൃണു॥
ദശഗോളകദാതാരോ ദശതൽപൃഷ്ഠികാരകാഃ
ദശചാർദ്രകരാസ്താൻവൈത്രയസ്തേവഹ്നിദായിനഃ
ത്രയോദൃഷ്ടികരാജ്ഞേയാസ്ത്രീയാമെഷുപൃഥക്പൃഥക്."

ഭവിഷ്യപുരാണത്തിലെ ഒരു യുദ്ധവർണ്ണനയിലാണ് ഇതു കാ ണുന്നതു്. "(ആ സൈന്യമദ്ധ്യത്തിൽ) അനവധി ശതഘ്നി കൾ നിരത്തപ്പെട്ടിരുന്നു. ഓരോന്നിനും പ്രത്യേകം പ്രത്യേകം മുപ്പ ത്താറു കാലാൾ പട്ടാളക്കാർ വീതം പരിചരിക്കാനുണ്ട്. അവ രുടെ ജോലി ഇപ്രകാരമാണ്. പത്തുപേർ ഉണ്ടയിടാൻ, പ

ത്തുപേർ ഇടിച്ചുറപ്പിക്കാൻ, പത്തുപേർ ആദ്യംപോലെ നന്ന ച്ചുകൊട്ടക്കാൻ, മൂന്നുപേർ കുറഞ്ഞിക്ക തീ കത്തിക്കാൻ, മൂന്നു പേർ ലക്ഷ്യം നിശ്ചയിക്കാൻ". ഈ ഭാഗത്തിൽ നിന്നും ശതഘ്നി എന്താണെന്നു തെളിയുന്നുണ്ടല്ലോ. ശതഘ്നിയെപ്പററി ഇതിൽ കൂടുതൽ ഒന്നും ഇപ്പോൾ പ്രസ്താവിക്കുന്നില്ല.

ഇനി ഗയകച്ചിൽ ഉൾക്കടലിൻെറ വടക്കേക്കരയിൽ പടിഞ്ഞാറെ അററത്തു കടലിലേക്കുന്തിനിൽക്കുന്ന 'സെൻറു ഹെലീനാപായിൻറു" എന്ന ഒരു കോടിയുടെ കാര്യം കൂടി പറവാനുണ്ട്. രാമേശ്വരത്തിന് എതിരെ കിടക്കുന്ന രാമനാഥമുനമ്പു മുതൽ സിലോൺ വഴി സുമാത്രയിൽ കടന്ന് ജാവായിൽ കൂടി കിഴക്കോട്ടു പോയിരുന്ന സമുദ്രസേതുവിൻെറ സ്മാരകമായി ഇന്നും ജാവാദ്വീപിൻെറ പൂർവ്വാഗ്രം "രാമസേതു" എന്നു വിളിക്കപ്പെടുന്ന പരമാർത്ഥം (ഭൂലോകവിജ്ഞാനീയം ൻ-ാം അദ്ധ്യായത്തിൽ) അന്യത്ര പ്രസ്താവിച്ചിട്ടുണ്ട്. ആ ദ്വീപമാലകളെ തുടന്ന് അവിടെനിന്നും ആ മഹാസേതു കിഴക്കോട്ടു ലങ്കവരെയും വ്യാപിച്ചിരുന്നതായി വിശ്വസിക്കാൻ മാത്രം, മററു ലക്ഷ്യങ്ങളുടെ കൂട്ടത്തിൽ ആഴിയുടെ അടിത്തട്ടും ചിതറിശ്ശേഷിച്ച അന്തരീപ ശകലങ്ങളും പ്രേക്ഷകന്മാരെ വേണ്ടുവോളം സഹായിക്കുന്നുണ്ട്. അതൊന്നും ഇവിടെ വിസ്തരിക്കുന്നില്ല. എന്നാൽ സേതു ആരംഭിച്ച ദിക്കിൽ ഇന്നും അവശേഷിച്ചിട്ടുള്ള രാമനാഥമുനമ്പ് (Ramnad) പോലെ അതവസാനിച്ച ദിക്കിലും നഷ്ടശിഷ്ടമായി വല്ലതും കാണേണ്ടതല്ലയോ എന്ന ശങ്കയ്ക്ക് പരിഹാരം നൽകാൻ സെൻറുഹെലീനാപായിൻറു ധാരാളം മതിയാകുന്നതാണ് എന്നു മാത്രം ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. ൧൦ യോജന വിസ്താരം എന്നു സമ്മതിക്കത്തക്ക രീതിയിൽ നിസ്സംശയം കടലിലേക്ക് ഇറങ്ങി രാമനാഥമുനമ്പിന് അഭിമുഖമായി നില്ക്കുന്ന ആ ഭാവം, അതും ആ രാമസേതുവിൻെറ അവശിഷ്ടമാണെന്നു കാണിക്കാൻ തന്നെയല്ല

യോ എന്നു ബലമായി ശങ്കിക്കേണ്ടിയിരിക്കുന്നു. അവിടെ അടുത്തെങ്ങും ഇത്ര പ്രകടമായ ഒരു മുനമ്പു കാണ്മാനില്ല. സ്ഥാനം ശരിയായി യോജിക്കുന്നു. ഹനുമാൻ ചാടിയിറങ്ങിയ സ്ഥാനത്തിനു് ഏററവും അടുത്തു് ഇവിടെ വന്നുചേരുന്ന വാനരസൈന്യങ്ങൾക്കു് സമുദ്രതീരത്തിലെ പർവ്വത തടങ്ങളിലും താഴ്വരകളിലും നിവേശിക്കാൻ ഏററവും സൌകര്യം. അടുത്തു കിഴക്കായി ദാവ്യൂം (R. Daule) എന്ന നദി തെക്കോട്ടൊഴുകുന്നു. ആ നദിയുടെ പേർ തന്നെ 'താവളം' എന്ന ദ്രാവിഡ ശബ്ദത്തിൽനിന്നുണ്ടായ "താവളനദി" ആണെന്നു പറഞ്ഞാലും അതു് ദൂരാന്വയമായിരിക്കയില്ല. അതിനപ്പുറം അൽപ്പം കൂടി കിഴക്കോട്ടു മാറി ആ നദിയുടെ മുഖത്തിൽ സംഗമിക്കുന്ന 'പുരാവക്രെ' (R Puraocra) എന്ന നദിയെ സൂക്ഷിക്കുക. ഈ നദിയുടെ മറുകരയിലാണു് പുരം. അതു് അർത്ഥമാക്കത്തക്ക "പുരമക്കരെ" എന്നായിരിക്കയില്ലയൊ രാമസൈന്യങ്ങൾക്കതിനു കൊടുത്ത നാമധേയം എന്നും ഊഹിക്കാൻ കൌതുകം തോന്നുന്നു. പുരത്തിൻെറ ഉത്തര ദ്വാരത്തിലായി കാണുന്ന "തുംഗരാഘവ" (Tunguragua Mt:) എന്ന കൊടുമുടി ഇന്നും അനവദ്യമായിരിക്കുന്ന അതിൻെറ നാമധേയം കൊണ്ടു തന്നെ ശ്രീരാമൻെറ കൂടാരമുറപ്പിച്ച സ്ഥാനമാണെന്നൂഹിക്കാൻ നമ്മെ പ്രോത്സാഹിപ്പിക്കുന്നു. അതിനടുത്തുതന്നെ തെക്കു ഭാഗത്തായി പുരദ്വാരത്തോടു് അല്പംകൂടി അടുത്തു നില്ക്കുന്ന സുംഗെ (Mt: Sungay) എന്ന കൊടുമുടി അതിൻെറ നാമധേയംകൊണ്ടും ഉചിതസ്ഥാനംകൊണ്ടും തുംഗരാഘവൻെറ സചിവസ്ഥാനം വഹിച്ച 'സുഗ്രീവ' നാമത്തെത്തന്നെ പ്രതിധ്വനിക്കുന്നതായി തോന്നുന്നു. ഇവിടുന്നും കുറേക്കൂടി വടക്കോട്ടു മാറീട്ടാണെങ്കിലും 'ചിംബൊറാസൊ' 'കൊട്ടപാക്സി' എന്ന അഗ്നിപർവ്വതങ്ങളുടെ നാമധേയവും "ശംഭുരാജൻ" "കൂടഭാസി" എന്ന ഭാരതീയനാമങ്ങളെ ഭംഗിയായി പ്രതിബിംബിക്കുന്നുണ്ടു്. ഇതു കൂടാതെ തുംഗരാഘവ ശൃംഗത്തിൽനിന്നും പത്തു നൂറു മൈൽ വടക്കായി "അന്ത്യസേനാ" (Antisana Mt:) എന്ന ഒരു

കൊട്ടമുടി കാണുന്നു. അതിൻെറ സ്ഥാനവും നാമവുംകൊണ്ടു് ആയതു് സൈന്യവിഭാഗത്തിൻെറ ഒട്ടവിലത്തെ—ഏററവും അകന്ന—നിവേശസ്ഥാനമാണെന്നു് അനുമാനിക്കാൻ വഴി കാണുന്നു. അതിനു വടക്കഭാഗത്തായി ഒഴുകുന്ന കോകാ (R. coca) നദിയെയും, അതിനു തെക്കായി കാണുന്ന "കുരരി" (R. curaray) നദിയെയും ഭാരതീയ സംജ്ഞകൾ അല്ലെന്നു പറവാൻ പ്രയാസമാണു്. തുംഗരാഘവനു വടക്കു് ലങ്കാമേടിൻെറ ശിരോമാല്യമായി കിഴക്കോട്ടൊഴുകുന്ന ബാനോസു് (R. Banos) നദി "ബാണനദി" ആയി തന്നെ വ്യവഹരിക്കപ്പെടാവുന്നതാണു്. ലങ്കാമേടിൻെറ വടക്കുകിഴക്കെ മൂലയിൽ നിന്നും തെക്കുകിഴക്കായി ഒഴുകുന്ന "മരാണാ"നദി (Marona R.) രാവണവധത്തെ സ്മരിപ്പിക്കുന്ന 'മരണനദി'തന്നെ ആയിരിക്കാമെന്നു തോന്നുന്നു. ലങ്കയുടെ ഉത്തരദ്വാരത്തിലാണല്ലൊ രാമരാവണയുദ്ധം നടന്നിട്ടുള്ളതു്. ലങ്കാമേടിൻെറ ദക്ഷിണാഗ്രത്തിൽ നിന്നുത്ഭവിക്കുന്ന "സമാറാ" (Zamara R.) നദി അവിടെ നടന്ന സമരത്തിൻെറ സ്മാരകമായി നാമകരണം ചെയ്യപ്പെട്ട "സമരനദി"തന്നെയായിരിക്കാം. ക്രുവങ്കാനഗരത്തിൽ നിന്നുത്ഭവിക്കുന്ന "പാവൂട്ടു്"നദി സമരനദിയുമായി മേളിച്ചശേഷം രണ്ടിനുംകൂടി "ശാന്ത്യാഗൊ" (R. santiago) എന്നു പേരുണ്ടായതു് സമരാനന്തരമുണ്ടായ ശാന്തിയുടെ സ്മാരകമായിട്ടായിരിക്കണം. ലങ്കാമേടിൽനിന്നു് കുറെ അധികം വടക്കമാറി—ഒരു പക്ഷെ മഹത്തായ വാനരസൈന്യത്തിൻെറ വിഭാഗങ്ങൾ അവിടെയും വ്യാപിച്ചിരിക്കാം—ഗുയാവിആർ (Guaviare R.) എന്ന ഒരു നദി കാണുന്നു. നദിക്കു് ആറു് എന്നുള്ള ദ്രാവിഡനാമം ഇതിൽ ചേൎന്നു കാണുന്ന പരമാൎത്ഥത്തെ ആക്കും വിസ്മരിക്കാവുന്നതല്ല. ഇപ്രകാരം ഇനിയും ഒട്ടുവളരെ സ്ഥലജലാംശങ്ങൾക്കു കാണുന്ന നാമങ്ങളുടെ സാദൃശ്യാദികളെപ്പററി ഇവിടെ വിസ്തരിക്കുന്നില്ല. ഹതനായ രാവണൻെറ അന്തഃപ്പുരസ്ത്രീകൾ,

"ഉത്തരേണവിനിഷ്-ക്രമ്യദ്വാരേണസഹരാക്ഷസൈഃ
"പ്രവിശ്യായോധനംഘോരംവിചിന്വന്ത്യംഹതംപതിം॥

എന്നിങ്ങനെ വടക്കെ ഗോപുരദ്വാരത്തുകൂടി പോൎക്കള ത്തിൽ കടന്നു് ഭൎത്തൃശരീരത്തെ തേടിപ്പിടിച്ചതായി രാമായണ ത്തിൽ പറഞ്ഞിരിക്കുന്നു. കൂടാതെ വിഭീഷണൻ ജ്യേഷ്ഠഭ്രാതാ വിന്റെ "പിതൃമേധ"കൎമ്മം നടത്തിയതു്. "വെദിംചദ ക്ഷിണപ്രാച്യാം യഥാസ്ഥാനംചപാവകം" എന്നിപ്രകാരം പ്ര സ്താവിച്ചിട്ടുള്ള "കിഴക്കടിക്കിൽ അല്പം തെക്കുമാറി" എന്നുള്ള വിവരണം "മരണ"നദിയുടെ സ്ഥാനത്തെ എത്ര സൂക്ഷ്മമായി സൂചിപ്പിക്കുന്നു എന്നു് പൎയ്യാലോചിക്കാനുള്ളതാകുന്നു. സമര ഭൂമിയുടെ തെക്കുകിഴക്കു് എന്നതു പ്രത്യേകം യോജിച്ചിരിക്കു ന്നു. ദേശകാലങ്ങളെക്കൊണ്ടു് ഇത്രമാത്രം അകന്നിരിക്കുന്ന ഈ സ്ഥാനത്തു് പുരാതന ഭാരതീയ മഹത്വത്തിനു ഇത്രയെ ങ്കിലും ലക്ഷ്യശിഷ്ടം കാണ്മാൻ സാധിച്ചിട്ടുള്ളതിൽ ചാരിതാ ൎത്ഥ്യമുണ്ടാവാൻ ഇന്നത്തെ യുവഭാരതഹൃദയത്തിനു് അവകാശ മുണ്ടെന്നാണ് ഗ്രന്ഥകൎത്താവിന്റെ വിനീതാഭിപ്രായം. ഇതിനു മുമ്പ് ലങ്കയുടെ സ്ഥാനനിൎണ്ണയം ചെയ്യുമ്പോൾ പ്രസ്താവിച്ചിട്ടു ള്ളതു് വീണ്ടും ഉദ്ധരിക്കുന്നില്ല. സ്വാതന്ത്ര്യാഭിമാനവും കെൽപ്പും ഉള്ള ഭാരതസന്തതികൾ ആ സ്ഥലങ്ങളിൽ സഞ്ചരിച്ചു് ഗവേ ഷണം ചെയ്തു് ലക്ഷ്യങ്ങളെ സമൎത്ഥിക്കാൻ യത്നിക്കുന്നതു് യുക്തമായിരിക്കും എന്നെ പറവാനുള്ളു.

ഈ ഗ്രന്ഥത്തിൽ പലേടത്തും ഉദ്ധരിച്ചിട്ടുള്ള Human Geography (By, C. Morrison L. L. B.)എന്ന ഗ്രന്ഥത്തിൽ ചേൎത്തിട്ടുള്ള ആൻഡീസ്സ്"പൎവതത്തിന്റെ രണ്ടു ഛായാചിത്ര ങ്ങൾകൂടി വായനക്കാരുടെ ശ്രദ്ധയ്ക്കു വിഷയമാക്കിക്കൊള്ളുന്നു. ഇതിൽ ഒന്നു നമ്മുടെ കഥാരംഗമായ ഇക്വഡാറിലും മറെറാന്നു അടുത്ത പെറു രാജ്യത്തിലും പെട്ട പൎവതാംശത്തിന്റെതാണ്. ഒരേ പൎവതത്തിന്റെ അടുത്തടുത്ത രണ്ടു സ്ഥാനങ്ങളിലുള്ള

ഈ ചിത്രങ്ങളെ നിരീക്ഷിക്കുമ്പോൾ പെരുവിലുള്ള പർവത സാനുക്കളുടെ സ്വാഭാവികത്വം മററെതിനു കാണുന്നില്ലെന്നു ബോധ്യമാകും. യുദ്ധരംഗസാമീപ്യവും വാനരസേനാനിവേശവും സഹിച്ചിരിക്കാനിടയുള്ള പർവതാംശത്തിലെ ശിലാകൂക്ഷമായ ശിഖരശൃംഗങ്ങൾ സ്വപ്രകൃതിയിൽ ഉയൎന്നു നിൽക്കാതെ, വലിയ ഭാരം താങ്ങി കുഴഞ്ഞിട്ടുങ്ങി താണുപോയതോടുകൂടി, മൂർദ്ധാവു തന്നെ അടിനിലയിൽ പകുതി പുതഞ്ഞു പോയതുപോലെയും, പലെടത്തും സ്വസ്ഥാനം വിട്ടടൎന്ന് അപഭ്രഷ്ടങ്ങൾ ആയതു പോലെയും, തോന്നുന്നു. ഈ ചിത്രത്തിൽ (വ്വ-ാം നമ്പർ) അതിൻെറ ഇടത്തുഭാഗത്തു് ഏററവും ഉന്നതമായി കാണുന്ന ആ ശിലോച്ചയത്തിൻെറ മൂർദ്ധാവ് പതുങ്ങിപ്പരന്നതുപോലെ ചതഞ്ഞു ഞെരിഞ്ഞു് സമാന്തരമായ രേഖാവലികളെ വിശദപ്പെടുത്തിക്കാണിക്കുന്നു. അതിൻെറ വലത്തു ഭാഗത്തായി അധോഭാഗത്തു കാണുന്ന മഹത്തായ ശിലാകൂടം, മുമ്പിലത്തേതിൽ ചേൎന്നിരുന്നതായും അതിൽ നിന്നും അടൎന്നു വേർപെട്ടതായും വെളിവാകത്തക്കവണ്ണം ഇടയ്ക്കുള്ള വിടവിൻെറ മേലരികും കീഴരികും അത്രമാത്രം കൃത്യമായി ഒത്തിരിക്കുന്നു. സാധാരണ സംഭവിക്കാറുള്ള പ്രകൃതിശക്തികളാൽ ഉണ്ടായ ഉടവാണെങ്കിൽ അതു പിടൎന്നുവീണ പർവതപാർശ്വത്തിൽ ഇപ്രകാരം അഗാധമായി പുതഞ്ഞുപോകണമെന്നില്ല. ഇതുപോലെ ഈ ചിത്രത്തിൽ കാണുന്ന അന്യഭാഗങ്ങളേയും നിരീക്ഷിച്ചു് ൯-ാം നമ്പർ ചിത്രത്തിൽ കാണുന്ന പെരുവിലെ പർവത സാനുക്കളുമായി താരതമ്യപ്പെടുത്തിനോക്കുക. അപ്പോൾ ഭീമകായന്മാരായ കപികുഞ്ജരന്മാർ ലങ്കാമലയത്തെ മർദ്ദിച്ചു തകൎത്തതായി പറഞ്ഞിട്ടുള്ള രാമായണവിവരണത്തിനും ഇതു സാക്ഷ്യം വഹിക്കുന്നുണ്ടെന്നു കാണാം. ലങ്കാനഗരത്തിൻെറ സ്ഥാനത്തിനു പ്രസ്തുതമേടും, ലങ്കാദ്വീപിൻെറ സ്ഥാനത്തിനു തെക്കേ അമേരിക്കയും, ലക്ഷ്യമായി നിർദ്ദേശിക്കേണ്ടിയിരിക്കുന്നു. ലങ്കാരാജ്യം ൧൦൦ യോജന എന്ന കണക്കിനു്, ആ നഗരത്തിനുചുററും അത്രയും സ്ഥലം കണക്കുകൂട്ടിയാൽ മതിയാകുന്നതാണ്.

ഇതു കൂടാതെ നമ്മുടെ പടത്തിൽ കാണുന്ന മററൊരു വിശേഷംകൂടി ചിന്താശീലന്മാരായ വായനക്കാരുടെ ശ്രദ്ധയ്ക്കു് വിഷയമാക്കുന്നതു് പ്രയോജനകരമായിരിക്കും എന്നു തോന്നുന്നു. അതായതു്, ലങ്കയിരിക്കുന്ന ഭൂവിഭാഗം സമുദ്രതീരവും നദികളും പർവ്വതതടങ്ങളുംകൊണ്ടു് വിരചിതമായ ഒരു സിംഹത്തിൻെറ ഛായയെ നിരവദ്യമായി ദ്യോതിപ്പിക്കുന്നുണ്ടെന്നുള്ള പരമാർത്ഥമാണു്. അപ്പോൾ ലങ്കാമേടിലെ രാക്ഷസീമുഖം, സിംഹത്തിൻെറ സ്കന്ധത്തിൽ ആരോപിതമായ ഒരു ചന്ദ്രക്കലപോലെ തോന്നുന്നതാണു്. ഈ ഭാവത്തിൽ ഒരു അച്ചടിച്ചിത്രം എവിടെയോ കണ്ടിട്ടുള്ളതായി ഈ ഗ്രന്ഥകർത്താവിനു നല്ല ഓർമ്മയുണ്ടു്. അതിൻെറ അർത്ഥം അനുമാനിക്കാൻ അന്നു വഴിയില്ലായ്കയാൽ കൂടുതൽ അന്വേഷണങ്ങൾക്കിടയായില്ലാ. ഇന്നു അതിനെ വീണ്ടും കാണുകയാണെങ്കിൽ, അതു ലങ്കയെ നിർദ്ദേശിക്കാൻ പണ്ടുള്ളവർ നിർമ്മിച്ചിരിക്കാവുന്ന ഒരു സങ്കേതചിത്രത്തിൻെറ പകർപ്പാണെന്നു പറവാൻ ശങ്കയുണ്ടാകയില്ലായിരുന്നു. ത്വഷ്ടാവിൻെറ ടങ്കപ്രയോഗത്താൽ ക്രമീകരിക്കപ്പെട്ടിട്ടുള്ളതിനാൽ തന്നെയായിരിക്കണം ലങ്കയുടെ സപ്തദുർഗ്ഗങ്ങളിൽ "സാമുദ്രദുർഗ്ഗ"മായി ഗണിക്കാവുന്ന ഗയകപിൽ ഉൾക്കടലിനു് സിംഹത്തിൻെറ മുഖവും പൃഷ്ഠവും എല്ലാമായി ഇത്ര നല്ല ഇണക്കവും സാദൃശ്യവും ഉണ്ടായതു്. ഹനുമാൻ അറിഞ്ഞുംകൊണ്ടുതന്നെ ബലമായി ചവുട്ടിയമർത്തുകയാലുണ്ടായ ഉടവുകളാലായിരിക്കണം സിംഹവക്ത്രത്തിലെ കരാളദംഷ്ട്രങ്ങൾ അടന്നു് അതിനു് ഈ വിധം വൈരൂപ്യം സിദ്ധിച്ചതു്. ലങ്കാസിംഹത്തിൻെറ വീരപ്പല്ലുകളെ ചവുട്ടിയടർത്തിയതുപോലെതന്നെ അതിൻെറ മൂക്കത്തു് രാമസേതുവിനെയും ബന്ധിക്കണമെന്നുള്ള വാനരശൂരന്മാരുടെ ഔദ്ധത്യത്തോടുകൂടിയ ചേഷ്ടാഫലമായുണ്ടായതല്ലെങ്കിൽ, മൃഗേന്ദ്രൻെറ നാസാഗ്രത്തിനു വൈരൂപ്യം നൾകിയ ത്വഷ്ടാവിൻെറ കലാനൈപുണ്യത്തെപ്പററിപ്പരിഹാസം പറയേണ്ടിവരുമായിരുന്നു. സെൻറു ഹെലീനാപായിൻറിനെപ്പററി ആദ്യം തന്നെ പറഞ്ഞു കഴിഞ്ഞിരിക്കുന്നു. ഹ്യൂണാദ്വീപം സിംഹദംഷ്ട്രകൾക്കിടയിൽകൂടി പുറത്തു നീ

ട്ടിയ അതിൻെറ നാക്കുതന്നെയായിരിക്കും. ഇപ്രകാരം പ്രത്യക്ഷസിംഹരൂപത്തോടുകൂടിയ ഒരു കരയിൽ പ്രവേശിച്ചിരിക്കുന്ന സമുദ്രവിഭാഗത്തിന് "സിംഹളം" എന്നൊ "ശിങ്കളം" എന്നൊ ദ്രാവിഡവംശക്കാർ പേരിട്ടാൽ അതിൽ ആക്കും അതിശയിക്കാനില്ല. തദ്ദേശവാസികളെ ശിങ്കാളികൾ എന്നു വിളിക്കുന്നതിലും പൂർണ്ണമായ ന്യായം കാണുന്നു. അതിനാൽ ലങ്കയുടെ പര്യായമായി സിംഹളം എന്ന പേരും ലങ്കാവാസികൾക്ക് ശിങ്കാളികൾ എന്നു പേരും പണ്ടുണ്ടായിരുന്നതായി ഗവേഷണപടുക്കൾ ശങ്കിക്കേണ്ടിയിരിക്കുന്നു. രാവണവധം കഴിഞ്ഞിട്ടോ അതിനു മുൻപോ തദ്ദേശവാസികൾ "ലവങ്ക" ദ്വീപു (Cynnamou Island) എന്ന 'സിലോണിൽ' താമസമായതോടുകൂടി ആ ദ്വീപിനു ലങ്കാ ദ്വീപ് എന്നും "സിംഹളദ്വീപ്" എന്നും പേരുകൾ സിദ്ധിച്ചിരിക്കാം. ജനങ്ങൾക്കു ശിങ്കാളികൾ എന്ന പേരു പണ്ടെ ഉള്ളതുമാണല്ലോ. ഇപ്രകാരമല്ലാതെ സിലോൺ ദ്വീപിന് ലങ്കയെന്നോ സിംഹളമെന്നൊ പേരുണ്ടാവാൻ യാതൊരു ന്യായവും കാണുന്നില്ല. ഈ പരമാർത്ഥത്തെ ഉന്നയിച്ച് ലങ്ക മററൊന്നുമല്ലെന്നു സമർത്ഥിക്കാനായിട്ടാണ്, പടത്തിൻെറ സിംഹരൂപത്തെക്കൂടി ഇവിടെ പ്രതിപാദിച്ചതു്.

രാവണൻ ജീവിച്ചിരിക്കുമ്പോൾതന്നെ ലവങ്ക ദ്വീപിന് സിംഹളം എന്ന പേർ സിദ്ധിച്ചിരുന്നതായി വിശ്വസിക്കാൻ ന്യായമുണ്ടു്. എന്തെന്നാൽ രാവണവധം കഴിഞ്ഞ ഉടൻതന്നെ ലങ്കയിൽനിന്ന് ചില വാനര നേതാക്കളെ പറഞ്ഞയയ്ക്കുമ്പോൾ ശ്രീരാമൻ പറയുന്നു.

"ഭവന്നാമ്നാചയേദ്വീപാഃജാലന്ധരവിനിർമ്മിതാഃ
"തെഷുരാജ്ഞോഭവിഷ്യന്തിഭവതാംഹിതകാരിണഃ

"ജലന്ധരനാൽ വിനിർമ്മിതമായി, നിങ്ങളുടെ ഓരോരുത്തരുടേയും പേരു വഹിക്കുന്ന ഓരോ ദ്വീപിൽ ഇപ്പോൾ ഇരിക്കുന്ന രാജാക്കന്മാർ അതാതു പേരുള്ള വാനരപ്രധാനികൾക്കു അനുകൂലികളായി ഭവിക്കും. അതുകൊണ്ടു് നിങ്ങൾ അവരവ

രുടെ പേരുള്ള അതാതുദ്വീപുകളിൽ ചെന്നു് അവരവൎക്കു് ഇഷ്ട മുള്ള രാക്ഷസസ്ത്രീകളോടുകൂടി സുഖമായി താമസിച്ചാലും." ഈ വാനരനേതാക്കളുടെ പേരുവിവരം ഇപ്രകാരമാണു് പറഞ്ഞു കാണുന്നതു്.

* "വികടൊ,വൃജിലൊ,ജാലൊ,വരളീനൊ,ഹിസിംഹളഃ
"ജവ,സ്സമിത്ര,ശ്ചതഹാനാമ്നാതെക്ഷുദ്രവാനരാഃ॥

നീലൻ, നളൻ, കുമുദൻ മുതലായ പ്രധാനികളെ അപേക്ഷിച്ചു് ക്ഷുദ്രനേതാക്കളായ അവരുടെ മേല്പറയപ്പെട്ട പേരുകൾ അനുസരിച്ചു് "വികടദ്വീപു്, വൃജിലദ്വീപു്, വരളീനദ്വീപു്, സിംഹളദ്വീപു്, ജവദ്വീപു്, സുമത്രദ്വീപു് ഇവ അതിനു മുമ്പുതന്നെ പ്രസിദ്ധങ്ങളായിരുന്നിരിക്കണം. അതിനാൽ ലവങ്കദ്വീപിനു് സിംഹളനാമവും ലങ്കാനാമവും നൾകാനായി, അവിടെ വന്നുകൂടിയ ലങ്കാപുരവാസികൾ അതിനു മുമ്പുതന്നെ അവിടെ വന്നവരായിരിക്കണം. "പിൽഗ്രിംഫാദേഷ്സു്" (Pilgrim fathers) എന്ന പേരിൽ ഇംഗ്ലന്‍ഡിൽനിന്നു പുറപ്പെട്ടു്, വടക്കെഅമേരിക്കയിലെ ഐക്യനാടുകളിൽ കുടിയേറിപ്പാൎത്തപ്പോൾ, അവർ നൾകിയ ഇംഗ്ലന്‍ഡിലെ പേരുകൾപോലെ, ലങ്കയുടെ പേർ ഈ ദ്വീപിനു നൾകാൻ സ്വരാജ്യത്തിൽനിന്നു പുറപ്പെട്ട വല്ല സംഘങ്ങളും ഉണ്ടായിട്ടുണ്ടോ എന്നു പുരാണമുനിയോടു ചോദിച്ചാൽ, അദ്ദേഹം പറയുന്ന സമാധാനം ഇതായിരിക്കും. പണ്ടു് കുബേരന്റെ അധീനത്തിലിരുന്ന ലങ്കയെ രാവണൻ പിടിച്ചടക്കിയപ്പോൾ പുതിയ രാജാവിൽ പ്രതിപത്തിയില്ലാത്ത പലരും ലങ്കയിൽനിന്നും കുടിപുറപ്പെട്ടുപോയിരിക്കാൻ ഇടയുണ്ടു്. യക്ഷരാക്ഷസവൎഗ്ഗത്തിൽപെട്ട പലരും കുബേരനെത്തന്നെ പിൻതുടൎന്നു. അക്കൂട്ടത്തിൽ വേറെ ചിലർ അന്യ നാടുകൾക്കും സ്വതന്ത്രമായി പുറപ്പെട്ടുപോയിരിക്കാം. ഇപ്രകാരം ലവങ്കദ്വീപിൽ വന്നുകൂടിയവർ അതിനു കൊടുത്ത ലങ്കാനാമവും, പുരാതനലങ്കയുടെ സ്വന്തനാമവും തമ്മിൽ ക

* Briton, Virgil ils, Galapagos, Verlin ils, Ceylone, Java, Sumatra.

ലന്നുപോകാതിരിക്കാനായി, സംസ്കൃത കവികൾ രാവണാലയത്തെ 'ലങ്ക'യെന്ന പ്രഥമനാമംകൊണ്ടും, ലവങ്കദ്വീപിനെ അതിന്റെ ദ്വിതീയനാമമായ സിംഹളം എന്ന പേരു കൊണ്ടും, നിർദ്ദേശിച്ചതായി വിശ്വസിക്കേണ്ടിയിരിക്കുന്നു. ഇപ്രകാരം സിലോൺ ലങ്കയല്ലെന്നുള്ള പരമാർത്ഥത്തെ സ്ഥിരപ്പെടുത്തിക്കൊണ്ടു് ഇതിവിടെ നിവൃത്തിക്കൊള്ളുന്നു.

ശുഭം.

അനുബന്ധം.

(113 ധനു 6-ാംനു-യിലെ മലയാളരാജ്യത്തിൽ
പ്രസിദ്ധീകരിച്ചിരുന്നതു്)

"ഭൂലോക വിജ്ഞാനീയം".

ഒരു പുരാണ ഗവേഷണകൃതി.

(മുപ്പതു വർഷത്തിലധികമായി ഞാൻ പുരാണവിഷയമായി ചെയ്തുവരുന്ന ഗവേഷണങ്ങളുടെ ഫലം "ഭൂലോകവിജ്ഞാനീയം" എന്ന ഒരു പൌരാണിക ഭൂവിവരണരൂപത്തിൽ പൊതുജനങ്ങളുടെ ദൃഷ്ടിക്കു വിഷയമാക്കാനുള്ള സമയം സന്നിഹിതം ആയിരിക്കുന്നു. സാഹിത്യരസികന്മാരും വിശാലഹൃദയന്മാരുമായ മഹാന്മാരുടെശ്രദ്ധ ഇതിൽ പതിയുന്നപക്ഷം എൻെറ ശ്രമം ക്ഷിപ്രസാദ്ധ്യവും വിജയപ്രദവും ആയിത്തീരുമെന്നുള്ള വിശ്വാസത്താൽ അതിൻെറ സ്വഭാവഗതിമനസ്സിലാക്കുവാൻ മാത്രം ഇടയ്ക്കുനിന്നു് ഒരൽപ്പഭാഗം അടിയിൽ ചേർത്തുകൊള്ളുന്നു)

അമ്പലപ്പുഴ വെങ്കിടേശ്വരശർമ്മ.

"ഭൂലോക വിജ്ഞാനീയം."

ദ്വീപവർഷങ്ങളുടെ ഉപരിവിവരണം.

ഒൻപതാം അദ്ധ്യായം.

(ലങ്കയുടെ സ്ഥാനനിർണ്ണയം ചെയ്യുന്ന കുറെഭാഗങ്ങൾ.)

........ഇപ്രകാരം വീരമാഹേന്ദ്രപുരത്തിൻെറ പ്രാന്തനഗരങ്ങളിൽ ഒന്നായി നിർമ്മിതമായ ലങ്കയെപ്പററി സ്വല്പംകൂടി ഗൗനിക്കാനുണ്ടു്. മററുനഗരങ്ങളും അവയുടെ സ്ഥാനങ്ങളും കടൽകേറി നശിച്ചുപോയിരിക്കാം.

ആംസാൺ നദീതടം അന്നു കടലായി മദ്ധ്യരേഖാസമുദ്രവലയത്തിൽ (ലവണസമുദ്രത്തിൽ)ചേർന്നു് മദ്ധ്യഅമേരിക്കയിലെ കടലുമായി മേളിച്ചിരിക്കയാൽ ലങ്ക ആ സമുദ്രത്തിലെ ദക്ഷിണതീരത്തിൽ ഒരു ദ്വീപായിത്തന്നെ വർത്തിച്ചിരിക്കാം. കാലക്രമത്തിൽ ലങ്കയ്ക്കു കിഴക്കുള്ള ലവണസമുദ്രം നികന്നു. അതു് ആംസാൺതടമായിത്തീരുകയും തെക്കേ അമേരിക്ക ഇന്നത്തെ രൂപ

ത്തിൽ പ്രാദുർഭവിക്കയും ചെയ്തതോടുകൂടി ലങ്കാപുരം അതിൽ ഉൾപ്പെട്ടുപോയിരിക്കണം. അതിനാൽ ഇപ്പോൾ ലങ്ക തെക്കേ അമേരിക്കയിലാണെന്നു പറയേണ്ടിയിരിക്കുന്നു. ഇതിനു വേറെയും കാരണങ്ങൾ ഉണ്ടു്.

രാമായണം ഉത്തരകാണ്ഡത്തിൽ മാലി സുമാലി മാല്യവാന്മാൎക്കു ഒരു രാജധാനിവേണമെന്നു വിശ്വകർമ്മാവിനോടു് ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം ഇപ്രകാരം പറയുന്നു.

"ദക്ഷിണസ്യോദധേസ്തീരേ ത്രികൂടോനാമപർവതഃ
സുവേലഇതിചാപ്യന്യോ ദ്വിതീയസ്തത്രസത്തമാഃ
ശിഖരെതസ്യശൈലസ്യ മധ്യമോംബുധസന്നിഭേ
ശകുനൈരപിദുഷ്പ്രാപെ ടങ്കഛിന്നചതുർദ്ദിശ।
ത്രിംശദ്യോജനവിസ്തീർണ്ണാ ശതയോജനമായതാ
സ്വർണ്ണപ്രാകാരസംവീതാ ഹേമതോരണസംവൃതാ
മയാലങ്കേതിനഗരി ശക്രാജ്ഞപ്തേനനിർമ്മിതാ".

"ദക്ഷിണസമുദ്രത്തിന്റെ തീരത്തിൽ ത്രികൂടം എന്ന ഒരു പർവതമുണ്ടു്. അവിടെത്തന്നെ 'സുവേലം' എന്ന മറെറാരു പർവ്വതവുമുണ്ടു്. ആ ത്രികൂടപർവതത്തിന്റെ മദ്ധ്യഭാഗത്തെ ശൃംഗത്തിൽ അതിന്റെ നാലുഭാഗവും ടങ്കത്താൽ ചെത്തി ശരിയാക്കി ലങ്ക എന്ന നഗരത്തെ ഞാൻ ശക്രകല്പനയാൽ നിർമ്മിച്ചിട്ടുണ്ടു്. സ്വർണ്ണപ്രാകാരത്താൽ ചുററപ്പെട്ടതും സ്വർണ്ണതോരണങ്ങളാൽ അലംകൃതവുമായ ആ നഗരത്തിനു് മുപ്പതുയോജന വിസ്താരവും നൂറു യോജന നീളവുമുണ്ടു്. അതിന്റെ ഔന്നത്യാധിക്യത്താൽ പക്ഷികൾക്കു പറന്നെത്താൻപോലും സാദ്ധ്യമല്ല." സ്കാന്ദത്തിൽ ശൂരപത്മാ ത്വഷ്ടാവിനേക്കൊണ്ടു നിർമ്മിപ്പിച്ചു എന്നു പറഞ്ഞതുതന്നെ ഇവിടെ വിശ്വകർമ്മനിർമ്മിതമാണെന്നു കാണുന്നു. ശൂരപത്മാവിന്റെ ശാസനപ്രകാരം ഇന്ദ്രൻ ത്വഷ്ടാവിനെക്കൊണ്ടു നിർമ്മിപ്പിച്ചതായാലും കാൎയ്യത്തിൽ വ്യത്യാസമില്ലെല്ലോ. ദക്ഷിണഅമേരിക്കയുടെ പശ്ചിമതീരത്തെ ഭിത്തികെട്ടിയുറപ്പിച്ചുകൊണ്ടു് ഒന്നാകെ നീളത്തിൽ കിടക്കുന്ന 'ആൻഡീസു്' പർവതപങ്ക്തിയേക്കാൾ ഭൂലോകത്തിൽ മ

റെറാരു പർവതനിരയ്ക്കും 'സുവേലം' എന്ന ഈ പേരിനു അർഹതയില്ല. ഈ നിരതന്നെ അതിന്റെ ഉത്തരഭാഗത്തിൽ മൂന്നായി പിരിഞ്ഞു 'കാർഡ്യ് ഓക്സിഡൻറൽ, കാർഡ്യ് സെൻട്രൽ, കാർഡ്യ് ഓറിയൻറൽ' എന്ന മൂന്നു പ്രത്യേക പംക്തികളായി കിടക്കുന്നതും, ആ കാരണത്താൽ ഇതിനു ത്രികൂടം എന്ന നാമം പ്രത്യേകം നൾകിയിട്ടുള്ളതും സ്ഥലത്തിന്റെ നിർഭേദാചിഹ്നമായി സ്വീകരിക്കാവുന്നതാണ്. ലങ്കയ്ക്കു നിർദ്ദിഷ്ടമായ മധ്യരേഖാസ്ഥാനവും അവിടെ ത്രികൂടമായി പരിണമിച്ചിട്ടുള്ള ആൻഡീസ് പർവതത്തിന്റെ ഭാവവും നമ്മുടെ അനുമാനം അസ്ഥാനത്തിലായിട്ടില്ലെന്നു നമ്മെ വേണ്ടുവോളം ധൈര്യപ്പെടുത്തുന്നുണ്ട്. മുമ്പ് ഉദാഹരിച്ചിട്ടുള്ള ഭൂമിശാസ്ത്രഗ്രന്ഥത്തിൽ ആൻഡീസ്നിരകളുടെ പൊക്കത്തെക്കുറിച്ചിപ്രകാരം പറയുന്നു.

"The Andes are very difficult to cross. Even near the equator their highest peaks are covered with snow and glaciers". (Human Geography)

"ആൻഡീസ്പർവതങ്ങൾ കടന്നുകേറാൻ വളരെ പ്രയാസമാണ്. മദ്ധ്യരേഖയ്ക്കു സമീപത്തിൽപോലും അവയുടെ അത്യുന്നതശൃംഗങ്ങൾ ഹിമസംഹതിയും ഹിമവാഹിനികളും കൊണ്ടു മൂടപ്പെട്ടിരിക്കുന്നു". നഗരത്തിന് അപരിഹാര്യമായ ജലസൌകര്യം ഇതിൽനിന്നു പ്രത്യക്ഷമാകുന്നു.

രാമായണം ഉത്തരകാണ്ഡത്തിൽ തന്നെ ഏകാദശ സർഗ്ഗത്തിൽ പ്രഹസ്തൻ രാവണനോടു് ഇപ്രകാരം പറയുന്നു.

"ദൈത്യാനാംകിലധർമ്മജ്ഞ പുരീയംസവനാർണ്ണവാ
സപർവതാമഹീവീര തേ ഭവൻപ്രഭവിഷ്ണവ".

ഇതിൽനിന്നും ലങ്കാനഗരവും വനാർണ്ണവപർവതങ്ങളോടു കൂടിയ ഈ മഹി(തെക്കേ അമേരിക്ക)യും ദൈത്യന്മാർക്കുള്ളതാണെന്നു സിദ്ധിക്കുന്നു. സ്കാന്ദത്തിലെ പ്രസ്താവത്തെ ഇതും വേണ്ട പോലെ ബലപ്പെടുത്തുന്നു.

രാക്ഷസരെ 'രാത്രിഞ്ചര' രാക്കിയതു നമ്മുടെരാത്രി അവർക്കു ചരിക്കാനുള്ള കാലം (പകൽ)ആകയാലായിരിക്കണം. അവർ

പകൽ ഉറക്കവും രാത്രി ജാഗരണവും അല്ല പതിവ് എന്നതു ഹനുമാൻ ലങ്കയിൽ ചെന്നു സൂൎയ്യാസ്തമനംവരെ ഒളിച്ചിരുന്നതും നിശീഥത്തിൽ ഗൃഢാന്വേഷണം ചെയ്തതുംകൊണ്ടു തെളിയുന്നു. ഇതുകൂടാതെ ഒരു പ്രാചീന ശ്ലോകത്തിൽ(ഹനുമന്നാടകത്തിൽ ഉള്ളതാണെന്നു തോന്നുന്നു)ഇപ്രകാരം കാണുന്നു.

"രാവണേനഹൃതാസീതാകൃഷ്ണപക്ഷേസിതാഷ്ടമീ
അർദ്ധരാത്രൗ ദിനസ്യാർദ്ധെ അർദ്ധചന്ദ്രാർദ്ധഭാസ്കരെ

കൃഷ്ണപക്ഷത്തിൽ സിതാഷ്ടമിയിൽ അർദ്ധരാത്രി നട്ടുച്ചയ്ക്കു ചന്ദ്രൻ പകുതി സൂൎയ്യൻ പകുതിആയിരിക്കുമ്പോൾ സീതയെ രാവണൻ അപഹരിച്ചു." പരസ്പര വിരുദ്ധമായ സംഗതികൾ കൊണ്ട് ഒന്നുകിൽ ഈ ശ്ലോകം ആകപ്പാടെ അബദ്ധമായിരിക്കണം. അല്ലെങ്കിൽ രണ്ടടിക്കിലെ സമയമാണ് ഇതിലെ വിവക്ഷിതം എന്ന് നിശ്ചയിക്കണം. ഒന്നു ലങ്കയിലേയും മറെറാന്നു ഇൻഡ്യയിലേയും സമയമാണെന്നു വന്നാൽ എല്ലാം ശരിയാണ്. ഇൻഡ്യയിൽ നിന്ന് ലങ്കയിലേയ്ക്കാണ് സീതയെ കൊണ്ടുപോകുന്നത്, എന്ന കാരണത്താൽ വിവക്ഷിതം ഇതാണെന്നു കല്പിക്കുന്നതിലും അസാംഗത്യമില്ല. അമേരിക്കയിൽ ആണ് ലങ്കയെന്ന് വെളിവാകയും ചെയ്യും. സിതാഷ്ടമിയിൽ ചന്ദ്രൻ അസ്തമിച്ചാൽ കൃഷ്ണപക്ഷമായി. അപ്പോൾ തന്നെ അർദ്ധരാത്രി. അതേസമയം നേരേ മറുവശത്തു "ദിനാർദ്ധം" നട്ടുച്ചയായിരിക്കും. ആകാശാർദ്ധത്തിൽ നില്ക്കുന്ന ആദിത്യൻ"അർദ്ധഭാസ്കരൻ" അഷ്ടമിയിലെ ചന്ദ്രൻ അർദ്ധചന്ദ്രനാകയാൽ അസ്തമിക്കുമ്പോഴും അല്ലാത്തപ്പോഴും അർദ്ധചന്ദ്രൻ മാത്രമാണെങ്കിലും പ്രകാശമില്ലാത്ത പകുതി ചക്രവാളത്തിനു കീഴിൽ മറയുമ്പോൾ ശരിയായി അർദ്ധചന്ദ്രൻതന്നെ.

രാമായണത്തിൽ ശ്രീരാമൻ ഹനുമാനോടു ലങ്കയെപ്പററി ചോദിക്കുമ്പോൾ ആ കവിശ്രേഷ്ഠൻപറയുന്നതു ശ്രദ്ധിക്കതന്നെ.

"സ്ഥിതാപാരെ സമുദ്രസ്യദൂരപാരസ്യരാഘവ
"നൌപഥോപിനചാസ്ത്യത്രനിരാദേശശ്ചസർവ്വത
"ശൈലാഗ്രെരചിതാദുർഗ്ഗാസാപൂർദ്ദേവപുരോപമാ.
(യുദ്ധകാണ്ഡം ൩-ാം സർഗ്ഗം)

"അതിവിസ്തീൎണ്ണമായ സമുദ്രത്തിന്റെ മറുകരയിൽ പർവതാഗ്രത്തിൽ അന്യൎക്കു ദുഷ്പ്രാപ്യമായ വിധത്തിൽ നിർമ്മിക്കപ്പെട്ടിരിക്കുന്ന ആ പുരം ദേവപുരത്തിനു തുല്യമാണു്. അവിടെ ചെല്ലാൻ കപ്പൽപ്പാത ഇല്ല. എങ്ങോട്ടു നോക്കിയാലും ഇന്നിടത്താണെന്നു നിർദ്ദേശിക്കാൻ നിർവാഹമില്ലാത്തതുമാണു്." അക്കാലത്തും കപ്പലും കപ്പൽസഞ്ചാരത്തിനുള്ള പാതകളും അറിയപ്പെട്ടിരുന്നതായി ഇവിടെ സ്പഷ്ടമായിരിക്കുന്നു. ഇൻഡ്യയിൽനിന്നും സിലോൺ മുതലായവപോലെ വല്ല ദ്വീപങ്ങളിലേക്കും കപ്പൽപാത ഇല്ലെന്നു പറവാൻ വഴി കാണുന്നില്ല. പോരെങ്കിൽ "നിരാദേശശ്ച സർവതഃ" ഇന്നിടത്താണെന്നു ചൂണ്ടിക്കാണിക്കാൻ പാടില്ലാതെ വരുന്നതു് അമേരിക്കപോലെ ഭൂഗോളത്തിന്റെ നേരേ മറുവശത്തുള്ള വല്ല സ്ഥലത്തുമായാലേ സംഭവിക്കൂ. എന്തെന്നാൽ ഇവിടുന്നു കിഴക്കോട്ടോ തെക്കോട്ടോ വടക്കോട്ടോ പടിഞ്ഞാട്ടോ ഏതു വഴിക്കു പോയാലും അവിടെ ചെന്നെത്താവുന്നതു കൂടാതെ ഏതു ദിക്കിലേക്കു ചൂണ്ടിക്കാണിച്ചാലും മറുവശത്തെ നിർദ്ദേശിക്കാൻ സാധിക്കുന്നതുമല്ല. ഇതു യോജിക്കണമെങ്കിലും ലങ്ക അമേരിക്കയിൽതന്നെ ആയിരിക്കണം.

'ജാവാദ്വീപിലെ കിഴക്കെ അറ്റത്തുള്ള കോടിയെ ഇന്നും രാമസേതുവായി ആ ദ്വീപവാസികൾ ഗണിച്ചുവരുന്നുണ്ടെന്നു ഈയിടെ അറിയപ്പെട്ടിരിക്കുന്നു. (മാഡേൺറിവ്യൂവിൽ കാളിദാസ്നാഗു എഴുതീട്ടുള്ള ഉപന്യാസങ്ങൾ നോക്കുക.) ഇതിൽനിന്നും ലങ്കയ്ക്കുള്ള ചിറ ആ വഴിയ്ക്കു വീണ്ടും കിഴക്കോട്ടു പോയിരുന്നു എന്നോ അഥവാ അത്രത്തോളമെങ്കിലും വ്യാപിച്ചിരുന്നു എന്നോ വിശ്വസിക്കാവുന്നതാണു്. അതിനാൽ 'രാമേശ്വരം' സേതുവിന്റെ പ്രാരംഭസ്ഥാനത്തു നിർമ്മിക്കപ്പെട്ടതായി മാത്രമേ ഗണിക്കേണ്ടതുള്ളു. ജാവായിൽനിന്നും കിഴക്കോട്ടുപോയിട്ടുള്ള ദ്വീപമാലകളുടേയും ജലാന്തർഗ്ഗതഭൂവിഭാഗങ്ങളുടേയും കിടപ്പുകൊണ്ടു് ഇക്വഡോർ, പെറു ഈ രാജ്യങ്ങളുടെ പശ്ചിമതീരത്തോളം രാമസേതു വ്യാപിച്ചിരുന്നതായി ഊഹിക്കാൻ വഴി കാണുന്നുണ്ടു്.

പെറുരാജ്യനിവാസികളായ പെറൂവിയന്മാർ ഹിന്ദുക്കളുടെ മതവിശ്വാസങ്ങളും ആരാധനാക്രമങ്ങളും ആചാരാവശിഷ്ടങ്ങ

ളും ഐതിഹ്യങ്ങളും കൈക്കൊണ്ടിരുന്നതായി അറിയപ്പെട്ടിരിക്കുന്നു. സർ വില്യംജോൺസ് എന്ന പണ്ഡിതൻ ഇപ്രകാരം പറയുന്നു.

"Rama is represented as a descendant of the sun, as the husband of Sita, and the son of a princess named Causalya, It is very remarkable that Peruvians whose incas boasted of the same descent styled their greatest festival 'Ramsita".

"ശ്രീരാമൻ സൂര്യവംശപ്രഭവനായും സീതയുടെ ഭർത്താവായും കൌസല്യ എന്നു പേരുള്ള ഒരു രാജ്ഞിയുടെ പുത്രനായും പ്രദർശിപ്പിക്കപ്പെട്ടിരിക്കുന്നു. അദ്ദേതവംശത്തിൽ ജനിച്ചവരായി അഭിമാനിക്കുന്ന 'ഇൻകാസ്''എന്ന അവരുടെ രാജാക്കന്മാരോടു കൂടിയ പെറുവിയന്മാർ, അവരുടെ ഉത്സവാഘോഷങ്ങളിൽ ഏററവും പ്രധാനമായിട്ടുള്ളതിനെ'രാമസീത'എന്നു വിളിച്ചുവരുന്നു എന്നതു് ഏററവും ശ്രദ്ധാർഹമായിട്ടുള്ളതാകുന്നു."

ഇൻഡ്യയിൽനിന്നും ഇത്രമാത്രം വിദൂരമായ ഒരുരാജ്യത്തിൽ ഇത്രമാത്രം അതിദീർഘമായ ഒരു കാലാന്തരത്തിലും ശ്രീരാമനെക്കുറിച്ചു് ഇത്രമാത്രം സൂക്ഷ്മമായ ജ്ഞാനവും ഭക്തിയും അവശേഷിച്ചിട്ടുണ്ടെന്നു കാണുന്നതു് മററു കാരണങ്ങളുമായി യോജിക്കുമ്പോൾ അതു ലങ്കയാണെന്നുതന്നെ തീരുമാനിക്കാൻ പര്യാപ്തമായിത്തീരുന്നു. ശ്രീരാമനാൽ വാഴിക്കപ്പെട്ട വിഭീഷണന്റെ വംശക്കാർ ഈവിധംതന്നെ വർത്തിക്കുന്നപക്ഷം അതിൽ ആശ്ചര്യത്തിനശേഷം അവകാശമില്ല.

ലങ്കയുടെ സ്ഥാനം ഇതാണെന്നു കാണിക്കാൻ ഇപ്പോൾ ഇതിലധികം ഉപന്യസിക്കുന്നില്ല. വളരെക്കാലമായി തെക്കെ അമേരിക്കയിൽ അധിവസിച്ചിരുന്ന പുരുഷാദന്മാരുടെ കഥകൊണ്ടു് അവിടെ അസുരരാക്ഷസന്മാർ അധിവസിച്ചിരുന്നു എന്നും, പ്രകൃതിദേവത ലോകസൗകര്യത്തിനായിതന്നെയാണു് ആ സ്ഥലത്തെ അന്യ ഭൂവിഭാഗങ്ങളിൽനിന്നു വേർപെടുത്തിനിർത്തിയതെന്നും ഊഹിക്കുന്നതു യുക്തമായിരിക്കും. അത്യുന്നതകായന്മാരായ 'പാററഗോണിയന്മാർ' രാക്ഷസവംശക്കാർ ആണെന്നും അവരുടെ അധിവാസഭൂമി ലങ്കയായിരിക്കേണ്ടതാണെന്നും വിചാരിക്കുന്നതുകൂടി ഇപ്പോൾ യുക്തമാണെന്നു തോന്നുന്നു.

....